بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡم وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാല്യം 3

ലക്കം 3-4

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ജനുവരി18–25/ഹി:ശം:1397 സ്വുൽഹ് 18–25/ഹി:ഖ: 1439 ജമാദുൽ അവ്വൽ 8–1

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 01-12-2018നും 08-12-2018നും മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിലും 8-ാം പേജിലും വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**എന്റെ എതിരാളികളായ ഉലമായും അവരുടെ വർഗക്കാരും ന്യൂനതകൾ കണ്ടുപിടിക്കുന്നതിൽ കുറവൊന്നും വരുത്തിയില്ല. അതുപോലെ എന്നെ നശിപ്പിക്കുന്നതിന് തന്ത്രങ്ങളൊന്നും വിട്ടുകളഞ്ഞതുമില്ല. എന്നാൽ, അവസാനം അല്ലാഹു എന്നെ വിജയിപ്പിച്ചു. കളവിനെ തന്റെ കാലിന്നടിയിലിട്ട് ഞെരുക്കാത്തിടത്തോളം അല്ലാഹു നിറുത്തുകയില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 108**: "അത് ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തിയിരിക്കുന്നു. ***അറദ്ത്തു അൻ അസ്തഖ്ലിഫ ഫ ഖലഖ്ത്തു ആദമ*** അതായത് ഖലീഫയെ സൃഷ്ടിക്കാൻ ഞാൻ തീരുമാനിച്ചു. അങ്ങനെ ഞാൻ ആദമിനെ ഖലീഫയാക്കി. ഈ ഇൽഹാം 25 വർഷമായി ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെട്ടുകിടക്കുന്നു. ഈ സ്ഥലത്ത് ബറാഹീനെ അഹ്മദിയ്യായിൽ അല്ലാഹു എന്റെ പേര് ആദം എന്ന് വെച്ചിരിക്കുകയാണ്. ഇതൊരു പ്രവചനമാണ്. മലക്കുകൾ ആദമിന്റെ ന്യൂനതകൾ കണ്ടു പിടിച്ചിരുന്നു. അദ്ദേഹത്തെ നിഷേധിച്ചിരുന്നു. എന്നാൽ, അവസാനം അല്ലാഹു അതേ ആദമിനെ ഖലീഫയാക്കുകയും എല്ലാവർക്കും അദ്ദേഹത്തിന്റെ മുമ്പിൽ തലകുനിക്കേണ്ടതായി വരികയും ചെയ്തു എന്ന കാര്യത്തിലേക്ക് ഇത് സുചന നല്കുന്നു. അതുകൊണ്ട് ഇവിടേയും അങ്ങനെതന്നെയായിരിക്കും ഉണ്ടാകുക എന്ന് അല്ലാഹു പറയുന്നു. അങ്ങനെ എന്റെ എതിരാളികളായ ഉലമായും അവരുടെ വർഗക്കാരും ന്യൂനതകൾ കണ്ടു പിടിക്കുന്നതിൽ കുറവൊന്നും വരുത്തിയില്ല. അതുപോലെ എന്നെ നശിപ്പിക്കുന്നതിന് തന്ത്രങ്ങളൊന്നും വിട്ടുകളഞ്ഞതുമില്ല. എന്നാൽ, അവസാനം അല്ലാഹു കളവിനെ തന്റെ കാലിന്നടിയിലിട്ട് ഞെരുക്കുകയും എന്നെ വിജയിപ്പിക്കുകയും ചെയ്യാത്തിടത്തോളം അല്ലാഹു നിറുത്തുകയില്ല."

**ദൃഷ്ടാന്തം 109.** "ഇത് ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തി പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ***വ കദാലിക്ക മനന്നാ അലാ യൂസുഫ ലിനസ്വ്രിഫ അൻഹു സ്സൂഅ വൽഫഹ്ശാഇ വലിതുൻദിറ ഖൗമൻമ്മാ ഉൻദിറ ആബാഅഹും ഫഹും ഗാഫിലൂൻ.*** നോക്കൂ! ബറാഹീനെ അഹ്മദിയ്യാ പേജ് 555. **അർഥം**: ഇപ്രകാരം നാം നമ്മുടെ ദൃഷ്ടാന്തങ്ങളോടുകൂടി ഈ യൂസുഫിന്റെമേൽ ഔദാര്യം ചെയ്തു; അദ്ദേഹത്തിന്റെ പേരിൽ പറയപ്പെടുന്ന ദോഷത്തിൽനിന്നും കുറവിൽനിന്നും അദ്ദേഹത്തെ രക്ഷിക്കുന്നതിനുവേണ്ടി; ആ ദൃഷ്ടാന്തങ്ങളുടെ മഹത്ത്വംകൊണ്ട് അശ്രദ്ധരായവർക്ക് നീ മുന്നറിയിപ്പ് നല്കുന്നതിനുവേണ്ടി. കാരണം അല്ലാഹുവിൽനിന്ന് മഹത്ത്വവും തിരിച്ചറിവും പ്രദാനം ചെയ്തിട്ടുള്ളവരുടെ ഉപദേശപ്രസംഗമാണ് മനസ്സുകളിൽ യഥാർഥത്തിൽ സ്വാധീനമുണ്ടാക്കുന്നത്. ഇവിടെ അല്ലാഹു എന്റെ പേര് യൂസുഫ് എന്ന് വെച്ചിരിക്കുന്നു, ഇതൊരു പ്രവചനമാണ്. ഇതിന്റെ ഉദ്ദേശ്യമിതാണ്; എപ്രകാരം യൂസുഫിന്റെ സഹോദരന്മാർ തങ്ങളുടെ വിവരമില്ലായ്മകൊണ്ട് യൂസുഫിനെ ഒരുപാട് പീഢിപ്പിക്കുകയും അവനെ നശിപ്പിക്കുന്നതിന് ഒരു കുറവും വരുത്താതിരിക്കുകയും ചെയ്തുവോ ഇവിടേയും അങ്ങനെതന്നെയായിരിക്കും സംഭവിക്കുക എന്ന് അല്ലാഹു പറയുന്നു. സാമൂഹികമായ സാഹോദര്യബന്ധമുള്ള ഇക്കൂട്ടരും നശിപ്പിക്കുന്നതിനും വധിക്കുന്നതിനും വലിയ വലിയ തന്ത്രങ്ങൾ മെനയുമെങ്കിലും അവസാനം പരാജയമടയുന്നതാണ്. ഏതൊരു വ്യക്തിയെയാണോ നിങ്ങൾ നിന്ദ്യനാക്കാൻ ആഗ്രഹിച്ചത് താൻ അവനെ ആദരവിന്റെ കിരീടം അണിയിച്ചുവെന്ന് അല്ലാഹു വ്യക്തമാക്കുന്നതാണ്. തങ്ങൾ തെറ്റിലായിരുന്നുവെന്ന് അപ്പോൾ ഒരുപാടാളുകൾക്കു ബോധ്യമാകും. ***യഖിർറൂന അലൽഅദ്ഖാനി സുജ്ജദൻ –റബ്ബനഗ്ഫിർലനാ അന്നാ കുന്നാ ഖാത്ത്വിഈൻ–തല്ലാഹി ലഖദ് ആഥറക്കല്ലാഹു അലയ്നാ വ ഇൻ കുന്നാ ല ഖാത്ത്വിഈൻ–ലാ തഥ്രീബ അലയ്ക്കുമുൽ യൗമ–യഗ്ഫിറുല്ലാഹു ലക്കും–വഹുവ അർഹമുർറാഹിമീൻ*** എന്ന് മറ്റൊരു ഇൽഹാമിൽ അവൻ പറഞ്ഞതുപോലെ. അതായത് ഞങ്ങളുടെ അല്ലാഹുവേ! ഞങ്ങൾ തെറ്റിലായിരുന്നു, ഞങ്ങൾക്ക് പൊറുത്തുതന്നാലും എന്ന് പറഞ്ഞ് തങ്ങളുടെ താടിയെല്ലുകളിൽ സുജൂദ് ചെയ്തുകൊണ്ടു അവർ വീഴുന്നതാണ്. നിന്നെ സംബോധന ചെയ്തുകൊണ്ട് അവർ പറയും: 'അല്ലാഹു ഞങ്ങളിൽനിന്ന് നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. ഞങ്ങൾ തെറ്റിലായിരുന്നു. അപ്പോൾ മാനസാന്തരപ്പെടുന്നവരോട് അല്ലാഹു പറയും: ഇന്ന് നിങ്ങൾക്ക് ഒരു കുറ്റവുമില്ല. കാരണം നിങ്ങൾ വിശ്വസിച്ചു. അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ ആദ്യത്തെ തെറ്റുകളും പൊറുത്തുതരുന്നതാണ്. അവൻ കാരുണ്യവാന്മാരിൽ കാരുണ്യവാനാണ്.' ചുരുക്കത്തിൽ ഈ പ്രവചനത്തിൽ രണ്ട് അദൃശ്യകാര്യങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നു.

(1) ഒന്ന് ഭാവികാലത്ത് ജനതയിൽ കഠിനമായ എതിർപ്പുകൾ ഉണ്ടാകും. അസൂയയുടെ അഗ്നി യൂസുഫിന്റെ സഹോദരങ്ങളിൽ തിളച്ചുപൊന്തിയതുപോലെ അവരുടെമേൽ തിളച്ചുപൊന്തുന്നതാണ്. അപ്പോൾ അവർ കഠിനശത്രുക്കളായിത്തീരും. നശിപ്പിക്കുന്നതിനും കൊല്ലുന്നതിനും പല രീതിയിലുള്ള പദ്ധതികളും ആസൂത്രണം ചെയ്യും. ജനതയിൽ എതിരാളികൾ ഉണ്ടാകുമെന്നതും അവർ വൻതോതിൽ ദ്രോഹിക്കുമെന്നതും ഒരു പ്രവചനമാണ്. കാരണം ഇക്കാര്യം ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് ഇപ്പോൾ 25 വർഷം കഴിഞ്ഞു. അന്ന് ജനതയിൽനിന്ന് എനിക്ക് ഒരു ശത്രുവുമുണ്ടായിരുന്നില്ല. അപ്പോൾ ബറാഹീനെ അഹ്മദിയ്യായും പ്രസിദ്ധീകരിച്ചിരുന്നില്ല. പിന്നെ എതിർപ്പിന്റെ കാരണം എന്തായിരുന്നു? ആദ്യം ഇസ്ലാമികമായ സാഹോദര്യബന്ധം കാരണത്താൽ സഹോദരങ്ങളുടെ നിലയിലുണ്ടായിരുന്നവർ ഏതെങ്കിലും കാലഘട്ടത്തിൽ വർഗശത്രുക്കളായി പിറക്കുമെന്നതിൽ ഒരു സംശയവുമില്ല. ഈ അദൃശ്യകാര്യം പുലരുന്നതിനുമുമ്പേ അല്ലാഹു പ്രകടിപ്പിച്ചു. ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തുകയും ചെയ്തു."

(2) പ്രവചനത്തിലെ രണ്ടാമത്തെ അദൃശ്യകാര്യം ആ എതിർപ്പിന്റെ പര്യവസാനം പറയപ്പെട്ടിരിക്കുന്നു എന്നതാണ്. അവസാനം ആ ശത്രുക്കൾ പരാജിതരും നഷ്ടപ്പെട്ടവരുമായിത്തീരും. അവരിൽനിന്ന് ധാരാളം ആളുകൾ യൂസുഫിന്റെ സഹോദരങ്ങളെപോലെ മാനസാന്തരപ്പെടും. ആ നേരത്ത് അല്ലാഹു ഈ വിനീതനെ യൂസുഫിനെപോലെ അഭിമാനത്തിന്റെ കിരീടമണിയിക്കും. ആരും പ്രതീക്ഷിച്ചിട്ടില്ലാത്ത വിധം മഹത്ത്വവും അഭിമാനവും നല്കുന്നതാണ്. അങ്ങനെ ഈ പ്രവചനത്തിന്റെ ഒരുപാട് ഭാഗങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. എന്റെ നാശം ആഗ്രഹിക്കുന്ന ഒരുപാട് ശത്രുക്കളുണ്ടായിരുന്നു. യഥാർഥത്തിൽ ഇക്കൂട്ടർ തങ്ങളുടെ ദുഷ്ചിന്തയിൽ യൂസുഫിന്റെ സഹോദരങ്ങളെക്കാൾ മോശപ്പെട്ടവരായിരുന്നു. അതുകൊണ്ട് അല്ലാഹു ലക്ഷക്കണക്കിനാളുകളെ എനിക്ക് വിധേയരാക്കുകയും എനിക്കൊരു പ്രത്യേകമായ ആദരവും മഹത്ത്വവും നല്കുകയും അവരെ നിന്ദ്യരാക്കുകയും ചെയ്തു. ഇതിനേക്കാളുപരി അല്ലാഹു എന്റെ മഹിമാവിലാസം പ്രകടിപ്പിക്കുന്ന ആ നേരവും വരുന്നു. വലിയ വലിയ എതിരാളികളിൽ ഭാഗ്യവാന്മാരായിട്ടുള്ളവർക്ക് ***റബ്ബനഗ്ഫിർലനാ ഇന്നാ കുന്നാ ഖാത്ത്വിഈൻ*** എന്ന് പറയേണ്ടതായി വരും. ***തല്ലായി ലഖദ് ആഥറക്കല്ലാഹു അലയ്നാ*** എന്നു പറയേണ്ടതായി വരും."

**ദൃഷ്ടാന്തം 110.** "ബറാഹീനെ അഹ്മദിയ്യായിൽ ***ഇന്നാ അഅ്ത്വയ്നാ കൽകൗഥർ –ഥുല്ലത്തുൻ മ്മിനൽ അവ്വലീൻ വ ഥുല്ലത്തുൻ മ്മിനൽആഖരീൻ*** എന്ന പ്രവചനമുണ്ട്. നോക്കൂ, ബറാഹീനെ അഹ്മദിയ്യാ, പേജ് 556. നാം നിനക്ക് വലിയ ഒരു ജമാഅത്ത് പ്രദാനം ചെയ്യുന്നതാണ്. ഒന്നാമത്തേത് ആദ്യം വരുന്ന സംഘം. അവർ വിപത്തുകൾ ഇറങ്ങുന്നതിനു മുമ്പേ വിശ്വസിക്കുന്നവരാണ്. രണ്ടാമത്തെസംഘം ഭീഷണമായ അടയാളങ്ങൾ ഉണ്ടായതിനുശേഷം വിശ്വസിക്കുന്നവരാണ്. എത്രത്തോളം ബറാഹീനെ അഹ്മദിയ്യായിൽ പ്രവചനങ്ങളുണ്ടോ അതിന് 25 വർഷം കഴിഞ്ഞിരിക്കുന്നുവെന്നും എന്നോടൊപ്പം ഒരാളുപോലും ഉണ്ടാകാതിരുന്ന കാലത്തുള്ള പ്രവചനങ്ങളാണിതെന്നും നാം പലപ്രാവശ്യവും എഴുതിക്കഴിഞ്ഞിട്ടുള്ളതാണ്. ഈ വിവരണം തെറ്റാണെങ്കിൽ എന്റെ എല്ലാ വാദങ്ങളും തെറ്റായിരിക്കും. അതുകൊണ്ട് അറിയുക! എന്നോടൊപ്പം ആരോരുമില്ലാതിരുന്ന കാലഘട്ടത്തിലും അവസ്ഥയിലും ആയിരക്കണക്കിനാളുകൾ എന്റെ ബയ്അത്തിൽ പ്രവേശിക്കുമെന്ന പ്രവചനവും ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അങ്ങനെ ഇക്കാലഘട്ടത്തിൽ ആ പ്രവചനം പുലർന്നു. അദൃശ്യമായ കാര്യങ്ങൾ അറിയിക്കുക എന്നത് അല്ലാഹുവിനല്ലാതെ ആർക്കും കഴിയുകയില്ല. അദൃശ്യത്തിന്റെ അറിവ് അല്ലാഹുവിന്റെ പ്രത്യേകതയാണ്. എന്നാൽ, ഇപ്പോൾ നമ്മുടെ എതിരാളികളുടെ ദൃഷ്ടിയിൽ അദൃശ്യത്തിന്റെ അറിവും അല്ലാഹുവിന്റെ പ്രത്യേകത അല്ലായിരിക്കുന്നു. എവിടംവരെ അഭിവൃദ്ധിപ്പെടുമെന്ന് നോക്കിക്കൊള്ളുക." **(ഹഖീഖത്തുൽ വഹ്യ്, റൂഹാനിഖസായിൻ,വാല്യം 22, പേജ് 269)**

AL ISLAM

Al Islam - Official website of Ahmadiyya Muslim Community

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**ആരാധനകളിൽ ഫർള് നമസ്കാരം ഏറ്റവും പ്രധാനപ്പെട്ടതാണ്. എല്ലാ അഹ്മദി വീടുകളും ഇതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. അതിനാൽ സ്വയം നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നതോടൊപ്പം മക്കളിലും ആ ശീലമുണ്ടാക്കുക.**

**പുതിയ കണ്ടുപിടിത്തങ്ങളിൽ ധാരാളം വ്യർഥമായ കാര്യങ്ങളുണ്ട്. ഉദാഹരണത്തിന് ഇന്റർനെറ്റ്. സോഷ്യൽ മാധ്യമങ്ങളുടെ തെറ്റായ ഉപയോഗം സാധാരണമായിക്കൊണ്ടിരിക്കുന്നു. ജനങ്ങൾ മൊബൈൽ ഫോണിലും ഓൺലൈൻ ചാറ്റിംഗിലും എപ്പോഴും വ്യാപൃതരായിരിക്കുന്നത് കാണുന്നു. അതുകൊണ്ട് നിങ്ങൾ സ്വയം അതിൽനിന്ന് രക്ഷപ്പെടുകയും നിങ്ങളുടെ മക്കളെ രക്ഷിക്കുകയും ചെയ്യുക.**

**ഇപ്രകാരംതന്നെ എം.ടി.എ ചാനലും കാണുക. നിങ്ങളുടെ കുട്ടികളേയും അതിഷ്ടപ്പെടുന്നവരാക്കുക. വീടുകളിൽ കൂട്ടംകൂടിയിരുന്ന എന്റെ ഖുത്ബകൾ കേൾക്കുക.**

**എന്റെ ഈ ഉപദേശങ്ങളെ ഓർമിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുക.**

## 2017– ഒക്ടോബറിൽ സംഘടിപ്പിച്ച ഭാരത് ലജ്നഇമായില്ലാഹ്, നാസിറാത്തുൽ അഹ്മദിയ്യാ വാർഷിക ഇജ്തിമാഇൽ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ പ്രത്യേക സന്ദേശം

ലണ്ടൻ

MA 10-09-2017

ഭാരതത്തിലെ എന്റെ പ്രിയപ്പെട്ട ലജ്ന ഇമായില്ലാഹ് അംഗങ്ങളേ! അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വബറകാത്തുഹു.

അൽഹംദുലില്ലാഹ്! ഈ വർഷവും നിങ്ങൾ നിങ്ങളുടെ ഇജ്തിമാ സംഘടിപ്പിക്കുകയാണ്. അല്ലാഹു ഈ ഇജ്തിമാ എല്ലാവിധത്തിലും അനുഗൃഹീതമാക്കുമാറാകട്ടെ. ഇജ്തിമാഇൽ പങ്കെടുക്കുന്ന എല്ലാവരിലും നല്ല പ്രതികരണങ്ങൾ ഉണ്ടാക്കുമാറാകട്ടെ. എന്നോട് ഈ അവസരത്തിൽ സന്ദേശമയക്കാൻ അപേക്ഷിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ഞാൻ കുറച്ച് ഉപദേശങ്ങൾ നല്കാനാഗ്രഹിക്കുകയാണ്.

ഭൗതികതയുടെ കാലമാണിത്. ഇക്കാലത്ത് ദൈവകല്പനകളെ പിൻപുറം തള്ളിക്കളഞ്ഞിരിക്കുകയാണ്. മതത്തേയും ദൈവസങ്കൽപത്തേയും ആക്ഷേപിക്കുന്നു. അത് അജ്ഞതയുടെ അടയാളമായിട്ട് മനസ്സിലാക്കപ്പെടുന്നു. അല്ലാഹു ഏതൊരാളെ തന്റെ പ്രകാശത്താൽ പ്രശോഭിതനാക്കിക്കൊണ്ട് ഇക്കാലഘട്ടത്തിലെ നബിയാക്കി അയച്ചുവോ അദ്ദേഹത്തെ വിശ്വസിക്കാനും അഹ്മദിയ്യാ ഖിലാഫത്തുമായി ബന്ധം വെക്കാനും തൗഫീഖ് കിട്ടിയ നിങ്ങൾ സൗഭാഗ്യരാണ്. ഇത് അല്ലാഹുവിന്റെ പ്രത്യേകമായ ഔദാര്യമാണ്. ഇതിന് നന്ദി പ്രകടിപ്പിക്കുന്നതിന് നിങ്ങളുടെ ഈമാൻ ശക്തമാക്കേണ്ടതുണ്ട്. സൽകർമങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും വിശുദ്ധഖുർആനിൽ റഹ്മാനായ അല്ലാഹുവിന്റെ ദാസർക്കായി വിവരിച്ചിട്ടുള്ള സവിശേഷഗുണങ്ങൾ സ്വായത്തമാക്കുകയും ചെയ്യുക. ഉദാഹരണത്തിന് അവർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരായിരിക്കുമെന്നും അവരിൽ അഹങ്കാരമോ പൊങ്ങച്ചമോ ഉണ്ടാകുകയില്ലെന്നും ഖുർആൻ പറയുന്നു. ചിലയാളുകളുണ്ട്, നിസാര കാര്യങ്ങളിൽ അവരുടെ വികാരങ്ങൾ ജ്വലിച്ചുയരുന്നു. അഭിപ്രായ ഭിന്നത ഉണ്ടാകുമ്പോൾ കോപാകുലരാകുന്നു. ഇക്കാര്യങ്ങൾ ധാർമിക ഗുണങ്ങളെ ബാധിക്കുന്നതാണ്. മെല്ലെ മെല്ലെ നന്മകളെ തിന്നു കളയുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'പരമകാരുണികന്റെ യഥാർഥ ആരാധകർ ഭൂമിയിൽ സഹിഷ്ണുതയോടെ നടക്കുന്നവരാണ്. അജ്ഞന്മാർ അവരോടു കയർത്തു സംസാരിക്കുമ്പോൾ സമാധാനപരവും കാരുണ്യപരവുമായ വാക്കുകൾകൊണ്ട് പ്രതികരിക്കുന്നതാണ്. അതായത് കടുപ്പമായ മറുപടിക്കുപകരം അലിവോടെ സംസാരിക്കുകയും ചീത്തപറയുന്നതിനുപകരം ദുആചെയ്യുകയും ചെയ്യുന്നു."(ബറാഹീനെ അഹ്മദിയ്യാ ഭാഗം 4, റൂഹാനീ ഖസായിൻ വാല്യം 4 പേജ് 449 അടിക്കുറിപ്പ്).

അതിനാൽ ഒരു അഹ്മദിയുടെ പങ്ക് കുഴപ്പങ്ങൾ അകറ്റുക എന്നതാണ്. എല്ലാ ഓരോ അഹ്മദീ സ്ത്രീയും ഇത് മനസ്സിലാക്കുകയാണെങ്കിൽ പരസ്പരമുള്ള വഴക്കുകളും വൈരാഗ്യവും അകന്നു പോകുകയും ഐക്യവും തമ്മിൽത്തമ്മിൽ തെറ്റുകൾ അവഗണിക്കാനുള്ള വികാരവും ഉണ്ടാകുന്നതായിരിക്കും.

അടുത്ത തലമുറകളുടെ ശിക്ഷണവും അവരെ അല്ലാഹുവുമായി ബന്ധമുള്ളവരാക്കുന്ന ജോലിയും നിങ്ങളിലാണെന്നതും ഓർക്കുക. ഇതിനുള്ള ഏറ്റവും ഉത്തമമായ മാർഗം ആരാധനകൾ നിലനിറുത്തുക എന്നതാണ്. ആരാധനകൾകൊണ്ട് ഈമാൻ ശക്തിപ്പെടുന്നു. വിശുദ്ധഖുർആനിൽ മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യംതന്നെ ആരാധനയാണെന്ന് വിവരിക്കപ്പെട്ടിരിക്കുന്നു. ആരാധനകളിൽ ഫർള് നമസ്കാരം ഏറ്റവും പ്രധാനപ്പെട്ടതാണ്. എല്ലാ അഹ്മദി വീടുകളും ഇതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. അതിനാൽ സ്വയം നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നതോടൊപ്പം മക്കളിലും ആ ശീലമുണ്ടാക്കുക. പിന്നീട് അതിനോടൊപ്പം ദുആകളേയും നിങ്ങളുടെ ശീലമാക്കുക. കാരണം പരമകാരുണികനായ അല്ലാഹുവിന്റെ ദാസരുടെ ഒരു ലക്ഷണം അവർ രാത്രികാലങ്ങളിൽ എഴുന്നേറ്റ് ദുആകൾ ചെയ്യുന്നവെന്നതാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

**"സുഖസമൃദ്ധിയോടെ ഇരിക്കാനും വീടുകളിൽ സമാധാനം നിലനില്ക്കാനും നിങ്ങളാഗ്രഹിക്കുന്നെങ്കിൽ ധാരാളം ദുആ ചെയ്യുകയും നിങ്ങളുടെ ഭവനങ്ങളെ ദുആകൾകൊണ്ട് നിറയ്ക്കുകയും ചെയ്യുക. എപ്പോഴും ദുആ നിലനില്ക്കുന്ന ഭവനങ്ങളെ അല്ലാഹു നശിപ്പിക്കാറില്ല."** (മൽഫൂദാത്ത് വാല്യം 3 പേജ് 232)

മറ്റൊരു പ്രധാനപ്പെട്ട കാര്യം നിങ്ങളുടെ ചിന്തയേയും താൽപര്യങ്ങളേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും അധ്യാപനങ്ങൾക്ക് വിധേയമാക്കുകയും നിങ്ങളുടെ സമയങ്ങൾ ഫലപ്രദമായി ചെലവഴിക്കുകയും ചെയ്യുക എന്നതാണ്. പുതിയ കണ്ടുപിടിത്തങ്ങളിൽ ധാരാളം വ്യർഥമായ കാര്യങ്ങളുണ്ട്. ഉദാഹരണത്തിന് ഇന്റർനെറ്റ്. സോഷ്യൽ മാധ്യമങ്ങളുടെ തെറ്റായ ഉപയോഗം സാധാരണമായിക്കൊണ്ടിരിക്കുന്നു. ജനങ്ങൾ മൊബൈൽ ഫോണിലും ഓൺലൈൻ ചാറ്റിംഗിലും എപ്പോഴും വ്യാപൃതരായിരിക്കുന്നത് കാണുന്നു. സത്യവിശ്വാസി വ്യർഥമായ കാര്യങ്ങളിൽനിന്ന് അകന്നു നില്ക്കുന്നവനാണെന്ന കാര്യം ഓർക്കുക. അതുകൊണ്ട് നിങ്ങൾ സ്വയം അതിൽനിന്ന് രക്ഷപ്പെടുകയും നിങ്ങളുടെ മക്കളെ രക്ഷിക്കുകയും ചെയ്യുക. ഇപ്രകാരംതന്നെ ടി.വി ചാനലുകളുടെ ആധിക്യവുമുണ്ട്. ഇതെല്ലാം ശയ്താന്റെ ആക്രമണങ്ങളിൽപ്പെട്ടതാണ്. അത് സൽസ്വഭാവങ്ങളേയും ആത്മീയതയേയും നശിപ്പിക്കുന്നു. അതിനാൽ പുതിയ കണ്ടുപിടിത്തങ്ങളുടെ തെറ്റായ ഉയോഗത്തിൽനിന്ന് എല്ലാ അഹ്മദികളും നല്ലവണ്ണം സൂക്ഷിച്ചിരിക്കേണ്ടതാണ്. നിങ്ങൾ അഹ്മദിയ്യത്തിനെ സത്യമെന്ന് കണ്ട് വിശ്വസിച്ച സ്ഥിതിക്ക് ഈ എല്ലാ കാര്യങ്ങളിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണെന്നതും എപ്പോഴും ചിന്തിക്കേണ്ടതാണ്. അവയിൽനിന്ന് രക്ഷപ്പെടണമെന്ന് അല്ലാഹു കല്പിച്ചിരിക്കുന്നു. നിങ്ങൾക്ക് ഇതേ കണ്ടുപിടിത്തങ്ങളെ ഫലപ്രദമായി ഉപയോഗിച്ച് ദീനീപരവും ആത്മീയപരവുമായ അഭിവൃദ്ധി കരസ്ഥമാക്കാൻ കഴിയുന്നതാണ്. ജമാഅത്തിന്റെ വെബ്സൈറ്റായ മഹശഹെമാൽ മതപരമായ അറിവുകളുടെ ഖജനാവുകളുണ്ട്. അതുമുഖേന നിങ്ങളുടെ അറിവുകൾ വർധിപ്പിക്കുക. വിശ്വാസാദർശങ്ങളും തെളിവുകളും പഠിക്കുക. ഇപ്രകാരംതന്നെ എം.ടി.എ ചാനലും കാണുക. നിങ്ങളുടെ കുട്ടികളേയും അതിഷ്ടപ്പെടുന്നവരാക്കുക. വീടുകളിൽ കൂടിയിരുന്ന എന്റെ ഖുത്ബകൾ കേൾക്കുക. ശേഷം കുട്ടികളോടു കുറച്ചു ചോദ്യങ്ങൾ ചോദിക്കുക; അടുത്ത പ്രാവശ്യം കൂടുതൽ ശ്രദ്ധയോടെ കേൾക്കുന്നതിന്. ഇക്കാലഘട്ടത്തിൽ നുബുവ്വത്തിന്റെ മാർഗത്തിലൂള ഖിലാഫത്തിന് അല്ലാഹു തുടക്കം കുറിച്ചിരിക്കുകയാണെന്ന കാര്യം ഓർക്കുക. കാലത്തിന്റെ ഖലീഫയുടെ ശബ്ദത്തിന് അസാധാരമായ വശ്യശക്തിയും അവൻതന്നെ സൃഷ്ടിച്ചിരിക്കുന്നു. ഇക്കാരണത്താലാണ് ലോകംമുഴുവനുമുള്ള അഹ്മദികൾ ഖിലാഫത്തിനോടു അഗാധമായ സ്നേഹത്തിന്റേയും പരമമായ വിശ്വാസത്തിന്റേയും ആത്മാർഥതയുടേയും ബന്ധം വെച്ചു പുലർത്തുന്നത്. കാലത്തിന്റെ ഖലീഫയുടെ നാവിൽനിന്ന് നേരിട്ട് ഉപദേശങ്ങൾ കേൾക്കുമ്പോൾ അവയിൽനിന്ന് സത്പ്രതികരണങ്ങൾ അവരിലുണ്ടാകുന്നു. അവർ അക്കാര്യങ്ങളനുസരിച്ച് പ്രവർത്തിച്ച് ആത്മീയമായി അഭിവൃദ്ധിപ്പെടുന്നു. അവരുടെ കുട്ടികളുടെ ശിക്ഷണജോലിയും വളരെ എളുപ്പമാകുന്നു.

അതിനാൽ നിങ്ങൾ മുമ്പത്തെക്കാളധികം നിങ്ങളുടെ തർബിയ്യത്തിലേക്ക് ശ്രദ്ധിക്കുന്നവരാകാൻ എന്റെ ഈ ഉപദേശങ്ങളെ ഓർമിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുക. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങൾ അല്ലാഹുമായി സ്നേഹം ബന്ധം പുലർത്തുന്നവരും നിങ്ങളുടെ തലമുറകളെ സംരക്ഷിക്കുന്നവരുമാകട്ടെ. ആമീൻ .

വസ്സലാം,

വിനീതൻ,

**ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്**




**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**അല്ലാഹു 'സിറാജുൻമ്മുനീർ' എന്ന് പറഞ്ഞ നൂർ ലോകത്തു വന്ന ദിവസമാണ് റബീഉൽ അവ്വൽ 12. ആ മഹാത്മാവായിരുന്നു ലോകത്തിന് ആത്മീയവെളിച്ചം പ്രദാനം ചെയ്യേണ്ടിയിരുന്നത്;വെളിച്ചം പ്രദാനം ചെയ്തതും. ആ മഹാത്മാവായിരുന്നു അല്ലാഹുവിന്റെ ഭരണം ലോകത്ത് സ്ഥാപിക്കേണ്ടിയിരുന്നത്; സ്ഥാപിച്ചതും. നൂറ്റാണ്ടുകളായി മരിച്ചുകിടന്നവർക്ക് ആത്മീയജീവിതം നല്കേണ്ടിയിരുന്നത് ആ മഹാത്മാവായിരുന്നു; ജീവിതം നല്കിയതും. ആ മഹാത്മാവായിരുന്നു ലോകത്തിന് ശാന്തിയും സമാധാനവും പ്രദാനം ചെയ്യേണ്ടിയിരുന്നത്;പ്രദാനം ചെയ്യുകയും ചെയ്തത്. ആ മഹാത്മാവിനെ സംബന്ധിച്ച് അല്ലാഹു പറഞ്ഞു: വമാ അർസൽനാക്ക ഇല്ലാ റഹ്മത്തൻല്ലിൽ ആലമീൻ. (21:58)ലോകത്തിന് കാരുണ്യമായിക്കൊണ്ട് നാം നിന്നെ അയച്ചിരിക്കുന്നു. മനുഷ്യർക്കുവേണ്ടി മാത്രമല്ല; നപക്ഷിമൃഗാദികൾ തുടങ്ങി എല്ലാറ്റിനുംതന്നെ കാരുണ്യമാണ്; കേവലം മുസ്‌ലിംകൾക്കല്ല; അമുസ്‌ലിംകൾക്കും കാരുണ്യമായിരുന്നു; ഇപ്പോഴും കാരുണ്യമാണ്. ആ മഹാത്മാവിന്റെ അധ്യാപനം പുനരുഥാനനാൾവരേക്കും ഓരോരുത്തർക്കും കാരുണ്യമാണ്. ഇതു സംബന്ധമായി അല്ലാഹു ആ മഹാത്മാവിനെ വിശ്വസിക്കുന്നവരോടു അല്ലാഹുവിന്റെ ദൂതരിൽ നിങ്ങൾക്ക് ജീവിതമാതൃകയുണ്ടെന്ന് പറഞ്ഞു.**

**നമ്മുടെ നബി(സ)തിരുമേനി നമുക്കുവേണ്ടി തൗഹീദിന്റെ സംസ്ഥാപനത്തിന്റെ മാതൃകയും സ്ഥാപിച്ചു. ആരാധനകളുടേയും മാതൃക സ്ഥാപിച്ചു. ഉൽകൃഷ്ട സ്വഭാവങ്ങളുടേയും മാതൃക സ്ഥാപിച്ചു. മനുഷ്യരോടുള്ള കടമകളുടേയും മാതൃക സ്ഥാപിച്ചു. പക്ഷേ, അഹോ കഷ്ടം! ഇക്കാലത്തെ മുസ്‌ലിം ഭൂരിപക്ഷം നബി(സ)തിരുമേനിയെ സ്നേഹിക്കുന്നവരാണെന്ന് വാദിക്കുന്നവരാണെങ്കിലും നമ്മുടെ(സ)തിരുമേനി നല്കിയ പാഠത്തിനും കാണിച്ച കർമത്തിനും നേരെ വിപരീതമാണ് അവരുടെ കർമങ്ങൾ! അവിടന്ന് റഹ്മത്തുല്ലിൽ ആലമീൻ ആയിക്കൊണ്ടു വന്നു. സ്നേഹത്തിന്റെ വീരവാദം മുഴക്കുന്ന ഇക്കൂട്ടർ അല്ലാഹുവിന്റെറസൂലേ! ഞങ്ങൾ നിന്റെ ജീവിതപന്ഥാവിലൂടെ നടന്നുകൊണ്ട് നാലുഭാഗത്തും കാരുണ്യം വ്യാപിക്കുന്നവരായിരിക്കും എന്ന് പ്രതിജ്ഞ എടുക്കുന്നതിനുപകരം റബീഉൽഅവ്വൽ 12 ആയ ഇന്നും വളരെ ആർഭാടപൂർവം ആഘോഷിക്കുന്നു. ഭൂരിഭാഗം മുസ്‌ലിം രാഷ്ട്രങ്ങളിലും കലഹത്തിന്റേയും കുഴപ്പത്തിന്റേയും അവസ്ഥയാണുള്ളത്.**

**പാക്കിസ്താനിലേയും മറ്റു ഇസ്‌ലാമിക രാഷ്ട്രങ്ങളിലേയും കലഹവും കുഴപ്പവും, നബി(സ)തിരുമേനിയുടെ ഉൽകൃഷ്ട ജീവിതമാതൃകയിൽനിന്നുള്ള പിന്മാറ്റത്താലുണ്ടായ ദുഃഖജനകമായ അവസ്ഥയുടെ ചർച്ച, നബി(സ)തിരുമേനിയുടെ അല്ലാഹുവിനോടുള്ള സ്നേഹം, ആരാധനകൾ നിലനിറുത്തൽ, മനുഷ്യകുലത്തോടുള്ള സഹതാപം, വിനയം വണക്കം തുടങ്ങിയ ഉന്നതമായ സ്വഭാവങ്ങളുടെ ഹൃദയാവർജകവും തെളിമയാർന്നതുമായ ഉദാഹരണങ്ങളാൽ അവിടത്തെ ജീവിതമാതൃകയെ സ്വായത്തമാക്കാനുള്ള താക്കീത്.**

---

**ആദ്യകൂട്ടരുമായി കൂടിച്ചേർന്ന അവസാനം വന്ന ഈ ജമാഅത്തിലെ അംഗങ്ങളുടേയും നിർബന്ധകടമയാണ് നമ്മളും നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തുക എന്നത്. ഭൗതികതയിൽ മാത്രം മുങ്ങിത്താഴ്ന്നുകൊണ്ടിരിക്കരുത്. ഉപസംഘടനകളും ജമാഅത്തും ഇത്ര ശതമാനം നമസ്കരിക്കുന്നവരായിട്ടുണ്ടെന്ന് റിപ്പോർട്ട് തരുന്നുണ്ട്. 40%, 50%, 60%. 100% ആരാധകരെ ഉണ്ടാക്കാത്തിടത്തോളം നമ്മൾ സ്വസ്ഥതയോടെ ഇരിക്കാൻ പാടില്ല. ജമാഅത്തുമാത്രല്ല, മറിച്ച് ഓരോ വ്യക്തിയും താൻ ഏതവസ്ഥയിലാണെന്ന് ആത്മപരിശോധന നടത്തേണ്ടതാണ്.**

**നബി(സ)തിരുമേനിയുടെ മാതൃകയിലൂടെ നടന്നുകൊണ്ട് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം പ്രചരിപ്പിക്കുന്നത് സുഗമമാക്കാൻ അഹ്മദികൾ തങ്ങളുടെ സത്യസന്ധതയുടെ നിലവാരം ഉയർത്താൻ എപ്പോഴും ശ്രമിക്കേണ്ടതാണ്. തബ്‌ലീഗിന് അത്യാവശ്യമായിട്ടുള്ളത് വാക്കും പ്രവൃത്തിയും ഒന്നായിരിക്കുക എന്നതാണ്. കർമത്തിൽ സത്യസന്ധതയില്ലെങ്കിൽ ജനങ്ങൾ മതാധ്യാപനത്തെ കളവായി മനസ്സിലാക്കും. അല്ലാഹുവിന്റെ സത്ത ഒരു സത്യമാണ്. ദീനുൽ ഇസ്‌ലാമും ഒരു സത്യമാണ്. ഈ സത്യത്തെ പ്രചരിപ്പിക്കുകയും സത്യത്തിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുക എന്നത് ഇന്ന് നമ്മുടെ ജോലിയാണ്.**

**സ്വന്തം സ്വഭാവങ്ങൾ ഏതവസ്ഥയിലും നല്ലതാക്കി വെക്കേണ്ട ആവശ്യമുണ്ട്. ഇതായിരിക്കണം ഇന്ന് ഒരു അഹ്മദിയുടെ മാർഗം. ഇന്ന് മുസ്‌ലിംകളിലുണ്ടായിട്ടുള്ള കലഹങ്ങൾക്കും കുഴപ്പങ്ങൾക്കും കാരണം ധാർമികാവസ്ഥയുടെ നിലവാരം വീണുപോയതാണ്. നബി(സ) തിരുമേനിയുടെ മാതൃക ജനങ്ങൾ മറന്നുപോയി; വാദം മാത്രമേയുള്ളൂ.**

**അതിനാൽ ഇന്ന് (റബീഉൽ അവ്വൽ 12 എന്ന ഇന്നത്തെ ദിവസം) യഥാർഥമായ സന്തോഷം കൊണ്ടാടണമെങ്കിൽ നബി(സ)തിരുമേനിയുടെ ജീവിതപന്ഥാവിലൂടെ കർമം ചെയ്തേ കൊണ്ടാടാൻ കഴിയൂ. അവിടെ ആരാധനകളുടെ നിലവാരവും ഉയരണം. അവിടെ തൗഹീദിലും തികഞ്ഞ ദൃഢവിശ്വാസമുണ്ടാകണം. സൽസ്വഭാവങ്ങളുടെ നിലവാരവും ഉയരണം. ഇതില്ലെങ്കിൽ നമ്മളും അവരും തമ്മിൽ ഒരു വ്യത്യാസവുമില്ല.**

**നമ്മൾ നബി(സ) തിരുമേനിയുടെ ജീവിതപന്ഥാവിലൂടെ കർമം ചെയ്യുന്നില്ലെങ്കിൽ, ഭിന്നിച്ചു കിടക്കുകയും താൽക്കാലിക നേതാവിന്റേയും നാമധാരികളായ ഉദ്യോഗസ്ഥരുടേയും പിന്നാലെ നടക്കുകയും ജനങ്ങളെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന അവരും നമ്മളും തമ്മിൽ ഒരു വ്യത്യാസവുമില്ല**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2017 ഡിസംബർ 1/1396 ഫത്ഹ് 1**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

അല്ലാഹു 'സിറാജുൻമ്മുനീർ' എന്ന് പറഞ്ഞ 'നൂർ' അഥവാ പ്രകാശം ലോകത്തുവന്ന ദിവസമാണ് റബീഉൽ അവ്വൽ 12. ആ മഹാത്മാവായിരുന്നു ലോകത്തിന് ആത്മീയവെളിച്ചം പ്രദാനം ചെയ്യേണ്ടിയിരുന്നത്; വെളിച്ചം പ്രദാനം ചെയ്തതും. ആ മഹാത്മാവായിരുന്നു അല്ലാഹുവിന്റെ ഭരണം ലോകത്ത് സ്ഥാപിക്കേണ്ടിയിരുന്നത്; സ്ഥാപിച്ചതും. നൂറ്റാണ്ടുകളായി മരിച്ചുകിടന്നവർക്ക് ആത്മീയജീവിതം നല്കേണ്ടിയിരുന്നത് ആ മഹാത്മാവായിരുന്നു; ജീവിതം നല്കിയതും. ആ മഹാത്മാവായിരുന്നു ലോകത്തിന് ശാന്തിയും സമാധാനവും പ്രദാനം ചെയ്യേണ്ടിയിരുന്നത്; പ്രദാനം ചെയ്യുകയും ചെയ്തത്. ആ മഹാത്മാവിനെ സംബന്ധിച്ച് അല്ലാഹു പറഞ്ഞു: *വമാ അർസൽനാക്ക ഇല്ലാ റഹ്മത്തൻല്ലിൽ ആലമീൻ.* (21:58) ലോകത്തിന് കാരുണ്യമായിക്കൊണ്ട് നാം നിന്നെ അയച്ചിരിക്കുന്നു. മനുഷ്യർക്കുവേണ്ടി മാത്രമല്ല; പക്ഷിമൃഗാദികൾ തുടങ്ങി എല്ലാറ്റിനുംതന്നെ കാരുണ്യമാണ്; കേവലം മുസ്‌ലിംകൾക്കല്ല; അമുസ്‌ലിംകൾക്കും കാരുണ്യമായിരുന്നു; ഇപ്പോഴും കാരുണ്യമാണ്. ആ മഹാത്മാവിന്റെ അധ്യാപനം പുനരുഥാനനാൾവരേക്കും ഓരോരുത്തർക്കും കാരുണ്യമാണ്. ഇതുസംബന്ധമായി അല്ലാഹു ആ മഹാത്മാവിനെ വിശ്വസിക്കുന്നവരോടു അല്ലാഹുവിന്റെ ദൂതരിൽ നിങ്ങൾക്ക് ജീവിതമാതൃകയുണ്ടെന്ന് പറഞ്ഞു. അവൻ പറയുന്നു: *ലഖദ് കാന ലക്കും ഫീ റസൂലില്ലാഹി ഉസ്‌വത്തുൻ ഹസനത്തുൻല്ലിമൻകാന യർജുല്ലാഹ വൽയൗമിൽ ആഖിറ വ ദകറല്ലാഹ കഥീറാ* (33:22) തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ സൽമാതൃകയുണ്ട്. അല്ലാഹുവിലും പുനരുഥാനനാളിലും വിശ്വസിക്കുന്നവരും അധികമധികമായി അല്ലാഹുവിനെ സ്മരിക്കുന്നവരുമായ എല്ലാ ഓരോരുത്തർക്കും മാതൃകയുണ്ട്. ആ ജീവിതമാതൃകയിൽ സഞ്ചരിക്കാത്തിടത്തോളം മുസ്‌ലിം, മുസ്‌ലിമെന്ന് പറയപ്പെടുകയില്ല.

നമ്മുടെ നബി(സ)തിരുമേനി നമുക്കുവേണ്ടി തൗഹീദിന്റെ സംസ്ഥാപനത്തിന്റെ മാതൃകയും സ്ഥാപിച്ചു. ആരാധനകളുടേയും മാതൃക സ്ഥാപിച്ചു. ഉൽകൃഷ്ട സ്വഭാവങ്ങളുടേയും മാതൃക സ്ഥാപിച്ചു. മനുഷ്യരോടുള്ള കടമകളുടേയും മാതൃക

സ്ഥാപിച്ചു. പക്ഷേ, അഹോ കഷ്ടം! ഇക്കാലത്തെ മുസ്‌ലിം ഭൂരിപക്ഷം നബി(സ) തിരുമേനിയെ സ്നേഹിക്കുന്നവരാണെന്ന് വാദിക്കുന്നവരാണെങ്കിലും നമ്മുടെ(സ)തിരുമേനി നല്കിയ പാഠത്തിനും കാണിച്ച കർമത്തിനും നേരെ വിപരീതമാണ് അവരുടെ കർമങ്ങൾ! അവിടന്ന് റഹ്‌മത്തുല്ലിൽ ആലമീൻ ആയിക്കൊണ്ടു വന്നു. സ്നേഹത്തിന്റെ വീരവാദം മുഴക്കുന്ന ഇക്കൂട്ടർ അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ നിന്റെ ജീവിതപന്ഥാവിലൂടെ നടന്നുകൊണ്ട് നാലുഭാഗത്തും കാരുണ്യം വ്യാപിക്കുന്നവരായിരിക്കും എന്ന് പ്രതിജ്ഞ എടുക്കുന്നതിനുപകരം റബീഉൽഅവ്വൽ 12 ആയ ഇന്നും വളരെ ആർഭാടപൂർവം ആഘോഷിക്കുന്നു. ഭൂരിഭാഗം മുസ്‌ലിം രാഷ്ട്രങ്ങളിലും കലഹത്തിന്റേയും കുഴപ്പത്തിന്റേയും അവസ്ഥയാണുള്ളത്.

ഇന്ന് ഈ സന്തോഷ സുദിനത്തിൽ എല്ലാ മുസ്‌ലിംകളും, തങ്ങൾ ഏതൊരു നബിയെയാണോ വിശ്വസിക്കുന്നത് ആ മഹാത്മാവ് സമാധാനത്തിന്റെ രാജാവായിരുന്നുവെന്ന് തങ്ങളുടെ കർമങ്ങൾകൊണ്ട് പ്രകടിപ്പിക്കേണ്ടതാണ്. അദ്ദേഹം ലോകത്തിന് കാരുണ്യമാണ്. അദ്ദേഹം അല്ലാഹുവിനെ ആരാധിക്കുന്നതിൽ ഉന്നതമാതൃക സ്ഥാപിച്ച മഹാനുഭാവനാണ്. ഉത്കൃഷ്ടസ്വഭാവങ്ങളുടെ ഉദാത്തമായ നിലവാരത്തിൽ നിലകൊള്ളുന്ന വ്യക്തിയാണ്. നമ്മൾ അല്ലാഹുവിന്റെ കല്പനയനുസരിച്ച് ആ മഹാത്മാവിന്റെ സുന്നത്ത് അഥവാ നടപടിക്രമങ്ങളിലൂടെ നടക്കുന്നവരാണ്. അതിനാൽ നമ്മളിൽനിന്ന് ഇന്നേ ദിവസം ആ നബി ജന്മംകൊണ്ട സന്തോഷത്തിൽ സ്നേഹത്തിന്റേയും പ്രീതിയുടേയും ശാന്തിയുടേയും സമാധാനത്തിന്റേയും ഉറവ പൊട്ടിയൊഴുകേണ്ടതാണ്. ഇതുതന്നെയാണ് നമ്മുടെ നബി(സ)തിരുമേനി തന്നെ വിശ്വസിക്കുന്നവരോടു പറഞ്ഞിട്ടുള്ളതും. അവരിൽനിന്ന് പ്രതീക്ഷിച്ചതും ഇതുതന്നെയാണ്. ഈ അധ്യാപനമാണ് അവർക്ക് നല്കിയത്. പക്ഷേ, ഇതിനു കടകവിരുദ്ധമായി മുസ്‌ലിം രാഷ്ട്രങ്ങളിൽ കലഹങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ ചിലയിടത്ത് അമുസ്‌ലിം ലോകവും മുസ്‌ലിംകൾ കാരണത്താൽ ചകിതരായിരിക്കുന്നു.

പാകിസ്താനിൽ കുഴപ്പത്തിന്റേയും കലഹത്തിന്റേയും അഗ്നി ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ആളിപ്പടരുമോ എന്ന് ഭയന്ന് ചില നഗരങ്ങളിൽ ഇന്ന് മൊബൈൽ ഫോൺ സർവീസുകൾ തടഞ്ഞിരിക്കുകയാണ്. പോലീസിന്റെ കനത്ത സുരക്ഷ എല്ലാ ജംഗ്ഷനുകളിലും റോഡുകളിലും ഏർപ്പെടുത്തിയിരിക്കുകയാണ്. ആ നബിയുടെ ജന്മദിനം സന്തോഷത്തോടെ ആചരിക്കേണ്ട മാർഗമിതാണോ? മാന്യന്മാരായ എല്ലാവരും ഭയന്നിരിക്കുകയാണ്. സർക്കാർ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി, ലോ ആന്റ് ഓർഡറിനുവേണ്ടി സുരക്ഷാ നടപടികൾ സ്വീകരിച്ചിരിക്കുന്നു. നമ്മുടെ പ്രിയപ്പെട്ട യജമാനരുടെ പേരിൽ അഹ്‌മദികൾക്കെതിരിൽ മൃഗീയത കാണിക്കുന്നതും അനാവശ്യങ്ങൾ പുലമ്പുന്നതും നിത്യേനയുള്ള അവരുടെ മാമൂലായിരിക്കുന്നു. പക്ഷേ, ഇന്നത്തെ സന്തോഷദിനത്തിൽ അതിലും കടുപ്പം കൂടിയിരിക്കുകയാണ്. തങ്ങളുടെ ഊറ്റത്തിൽ ഇക്കൂട്ടർ ഈ കർമംകൊണ്ട് ആ മഹാനായ പ്രവാചകന്റെ ആദരവിനേയും അഭിമാനത്തേയും ഉയർത്തിക്കൊണ്ടിരിക്കുകയാണത്രെ! കുറച്ച് ദിവസമായി പാക്കിസ്താനിലെ പല നഗരങ്ങളിലും നടന്നുവരുന്ന ഉപരോധവും ധർണയും മാന്യന്മാരായ എല്ലാ പൗരന്മാരേയും ബുദ്ധിമുട്ടിലാക്കിയിരിക്കുന്നു. തൊഴിൽമേഖല സ്തംഭിച്ചു. ഒരു രോഗിയ്ക്കും ആശുപത്രിയിലെത്താൻ കഴിയുന്നില്ല. സ്കൂളുകൾ അടച്ചുപൂട്ടി. എന്നല്ല കടകൾപോലും അടഞ്ഞുകിടന്നു. വീട്ടിൽ ഭക്ഷണസാധനങ്ങൾ ഇല്ലാത്തവർക്ക് തങ്ങളുടെ കുട്ടികൾക്കുവേണ്ടി ഭക്ഷണസാധനങ്ങൾ വാങ്ങിവരാൻ കഴിയുന്നില്ല. കോടിക്കണക്കിന് രൂപയുടെ നഷ്ടം ജനങ്ങൾക്കുണ്ടായി. ഇതെല്ലാമുണ്ടായത് നാമധാരികളായ ഉലമാഇന്റെ റസൂലിനോടുള്ള സ്നേഹത്തിന്റെ മുദ്രാവാക്യം കാരണത്താലാണ്. ലോകത്തിനു മുഴുവൻ കാരുണ്യമായ ആ മഹാത്മാവ് വഴികളോടുള്ള കടമ നിറവേറ്റാൻ നമ്മെ പഠിപ്പിച്ചു. ചന്തകളിൽ കലഹവും ബഹളവും ഉണ്ടാക്കുന്നതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക എന്ന് അവിടന്ന് പറഞ്ഞു.'(സ്വഹീഹ് ബുഖാരി കിതാബുൽ ബുയൂഅ് ഹദീഥ് 2125)

അവിടന്ന് പറഞ്ഞു. വഴികളിൽ ഇരിക്കുന്നതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. തങ്ങൾ ഇരിക്കാൻ നിർബന്ധിതരാണെന്ന് സ്വഹാബത്ത് പറഞ്ഞു. കാരണം അക്കാലഘട്ടത്തിൽ തൊഴിലാളികൾക്ക് ഇരിക്കാൻ വേറെ സ്ഥലമുണ്ടായിരുന്നില്ല. തൊഴിൽപരമായ കാര്യങ്ങൾ ചെയ്യാൻ ഓഫീസുകൾ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ചന്തകളിലിരുന്ന്, വഴികളിലിരുന്നാണ് അത്തരം കാര്യങ്ങൾ ചെയ്തിരുന്നത്. അതുകേട്ട് അവിടന്ന് പറഞ്ഞു: എന്നാൽ, വഴികളോടുള്ള കടമ നിറവേറ്റേണ്ടതാണ്. അല്ലാഹുവിന്റെ റസൂലേ! വഴികളോടുള്ള കടമയെന്താണ് എന്നു ചോദിച്ചപ്പോൾ പറഞ്ഞു: 'ദൃഷ്ടികൾ താഴോട്ടാക്കുക. വിഷമം ഉണ്ടാക്കുന്നതിൽനിന്ന് രക്ഷപ്പെടുക. ഇതാണ് വഴികളോടുള്ള കടമ. സലാം പറയുമ്പോൾ ഉത്തരംനല്കുക എന്നത് വഴികളോടുള്ള കടമയാണ്. നല്ല കാര്യങ്ങൾ ഉപദേശിക്കുകയും ചീത്തകാര്യങ്ങൾ തടയുകയും ചെയ്യുക എന്നതും വഴികളോടുള്ള കടമയാണ്.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ മളാലിം, ഹദീഥ് 2465)

പക്ഷേ, ഇക്കൂട്ടർ പ്രവാചകത്വസംരക്ഷണത്തിന്റെ പേരിൽ വഴികൾ തടഞ്ഞ് ജനങ്ങളെ ബുദ്ധിമുട്ടിലകപ്പെടുത്തുന്നു. എന്നിട്ടും ഇവർ തങ്ങളുടെ ഉമ്മത്തിൽ ദീനിന്റെ കരാറുകാരാണ്. സ്വന്തം ഇഷ്ടമനുസരിച്ച് തങ്ങൾക്ക് തോന്നുന്നവരെ കാഫിറാക്കുന്നു. തങ്ങൾക്ക് തോന്നുന്നവരെ മുഅ്മിനാക്കുന്നു. ഇത് അവരുടെ സ്വാർഥനേട്ടത്തിനുവേണ്ടിയുള്ള സ്വന്തം കർമങ്ങളാണ്.

നബി(സ)തിരുമേനിയുടെ അധ്യാപനത്തിനും അവിടത്തെ ജീവിതമാതൃകയ്ക്കും ഇക്കാര്യങ്ങളുമായി വിദൂരബന്ധം പോലുമില്ല. ഇക്കൂട്ടർ ഇച്ഛിക്കുന്നത് ചെയ്തുകൊണ്ടിരുന്നോട്ടെ! പക്ഷേ, അഹ്‌മദികളായ നമ്മുടെ ജോലി, നബി(സ)തിരുമേനിയുടെ ജീവിതമാതൃകയുടെ എല്ലാ വശങ്ങളും നോക്കുക എന്നതാണ്; അതനുസരിച്ച് പൂർണമായും കർമം ചെയ്യാൻ ശ്രദ്ധിക്കുക എന്നതാണ്. നമ്മുടെ എല്ലാവിധ ശക്തികളും കഴിവുകളുമനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. ഇപ്പോൾ ഞാൻ നബി(സ) തിരുമേനിയുടെ ജീവിതമാതൃകയിൽനിന്ന്, അവിടത്തെ ജീവിതത്തിലെ ചില വശങ്ങൾ വിവരിക്കുന്നതാണ്. അല്ലാഹുവിനോടുള്ള ആ മഹാത്മാവിന്റെ സ്നേഹത്തെ സംബന്ധിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ്(അ) ഒരു സ്ഥലത്ത് പറയുന്നു: "റസൂലുല്ലാഹി(സ) ഒരു സത്തയുടെ പ്രേമിയാകുകയും അവനിൽ ഉന്മത്തനാകുകയും ലോകത്ത് ആരും നേടിയിട്ടില്ലാത്തത് നേടുകയും ചെയ്തു. ആ മഹാത്മാവിന് അല്ലാഹുവിനോടു എത്രമാത്രം സ്നേഹമായിരുന്നുവെന്നാൽ അശിഖ മുഹമ്മദുൻ അലാ റബ്ബിഹീ എന്ന് സാധാരണക്കാരും പറയാറുണ്ടായിരുന്നു. മുഹമ്മദ്(സ)തന്റെ റബ്ബിൽ അനുരക്തനായിപ്പോയെന്ന്"(മൽഫൂദാത്ത് വാള്യം 6 പേജ് 273 1985 ലണ്ടൻ പതിപ്പ്)

നബി(സ) തിരുമേനിയ്ക്ക് അല്ലാഹുവിനോടുള്ള പ്രേമത്തേയും സ്നേഹത്തേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ബഹുദൈവാരാധകർ മാലിന്യമാണെന്നും ഏറ്റവും നികൃഷ്ടരാണെന്നും വിഡ്ഢികളാണെന്നും ശയ്ത്വാന്റെ സന്തതിയാണെന്നും അവരുടെ ആരാധ്യർ നരകത്തിന്റെ ഇന്ധനമാണെന്നും വിറകാണെന്നുമുള്ള വചനങ്ങൾ ഇറങ്ങിയപ്പോൾ അബൂത്വാലിബ് നബി(സ) തിരുമേനിയെ വിളിച്ചു പറഞ്ഞു: 'എന്റെ സഹോദരപുത്രാ! ഇപ്പോൾ നിന്റെ ചീത്ത വാക്കുകൾകൊണ്ട് ജനങ്ങൾ പ്രകോപിതരായിരിക്കുകയാണ്. അടുത്തുതന്നെ നിന്നെ അവർ വധിച്ചേക്കാം; അതിനോടൊപ്പം എന്നേയും. നീ അവരുടെ ബുദ്ധിമതികളെ വിഡ്ഢികളെന്ന് പറഞ്ഞിരിക്കുന്നു. അവരുടെ മഹാത്മാക്കളെ ശർറുൽ ബരിയ്യ എന്നു പറഞ്ഞിരിക്കുന്നു. അവർ ബഹുമാനിക്കുന്ന ആരാധ്യരുടെ പേര് ഹേസം, ജഹന്നം, വഖൂദുന്നാർ എന്നിങ്ങനെ വെച്ചിരിക്കുന്നു. പൊതുവായ നിലയിൽ ഇവയെ എല്ലാം അശുദ്ധമെന്നും ശയ്ത്വാന്റെ സന്തതിയെന്നും മാലിന്യമെന്നും പറഞ്ഞിരിക്കുന്നു. ഞാൻ നിന്റെ അഭ്യുദയകാംക്ഷി എന്ന നിലയ്ക്ക് പറയുകയാണ്, നിന്റെ നാവ് അടക്കിവെക്കുക. അസഭ്യങ്ങൾ പറയുന്നതിൽനിന്ന് പിന്മാറുക. എനിക്ക് ജനതയെ നേരിടാൻ ശക്തിയില്ല.' (ഇത് നബി(സ)തിരുമേനിയുടെ പിതൃവ്യൻ ആ മഹാത്മാവിനോടു പറഞ്ഞതാണ്) ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'നബി(സ)തിരുമേനി മറുപടി പറഞ്ഞു: "അല്ലയോ പിതൃസഹോദരാ! ഇത് കുറ്റപ്പെടുത്തലുകളല്ല. മറിച്ച്, യാഥാർഥ്യം പ്രകടിപ്പിക്കലാണ്. യഥാർഥ വിഷയത്തിന്റെ അവസരോചിതമായിട്ടുള്ള വിവരണമാണ്. ഈ ജോലിക്കുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഇതിനുവേണ്ടി മരിക്കേണ്ടിവന്നാലും, ഞാൻ സന്തോഷത്തോടെ മരണം സ്വീകരിക്കുന്നതാണ്. എന്റെ ജീവിതം ആ വഴിയിൽ അർപിച്ചിരിക്കുകയാണ്. മരണത്തെ ഭയന്ന് സത്യം പ്രകടിപ്പിക്കുന്നതിൽനിന്ന് പിന്മാറുകയില്ല. അല്ലയോ പിതൃസഹോദരാ! താങ്കൾക്ക് താങ്കളുടെ ബലഹീനതയുടേയും ബുദ്ധിമുട്ടുകളുടേയും വിചാരമാണെങ്കിൽ എനിക്ക് അഭയം തരുന്നതിൽനിന്ന്

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്‌ബ ജുമുഅ, 2017 മെയ് 5)**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്‌ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ ആലപ്പുഴ(കേരള)**

പിന്മാറിക്കൊള്ളുക. അല്ലാഹുവാണ! എനിക്ക് നിങ്ങളുടെ ഒരു ആവശ്യവുമില്ല. ദൈവകല്പന എത്തിക്കുന്നതിൽനിന്ന് ഞാനൊരിക്കലും പിന്മാറുകയില്ല. എനിക്ക് ജീവനേക്കാൾ പ്രിയപ്പെട്ടതാണ് എന്റെ യജമാനന്റെ കല്പനകൾ. അല്ലാഹുവാണ! ഞാൻ ഈ വഴിയിൽ വധിക്കപ്പെട്ടാലും, വീണ്ടും വീണ്ടും ജന്മംകൊണ്ട് എപ്പോഴും ഈ വഴിയിൽ മരിക്കാനാണ് ആഗ്രഹിക്കുന്നത്. ഇത് ഭയപ്പെടേണ്ട സ്ഥാനമല്ല. പ്രത്യുത എനിക്ക് അവന്റെ വഴിയിൽ ദുഃഖം സഹിക്കുന്നത് അങ്ങേയറ്റത്തെ ആനന്ദമാണ്.' നബി(സ) തിരുമേനി ഈ പ്രസംഗം ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. സത്യസന്ധതയും ദിവ്യജ്യോതിസും നിറഞ്ഞ മുഖത്ത് വിഷമം പ്രകടമായിരുന്നു. നബി(സ)തിരുമേനി നീണ്ട പ്രസംഗം അവസാനിപ്പിച്ചപ്പോൾ സത്യത്തിന്റെ പ്രകാശം ദർശിച്ച് അനിയന്ത്രിതമായി അബൂത്വാലിബിന്റെ കണ്ണീർതൂകി. അദ്ദേഹം പറഞ്ഞു: "നിന്റെ ഉന്നതമായ അവസ്ഥ എനിക്കറിയില്ലായിരുന്നു. നീ മറ്റൊരു വർണത്തിലും മറ്റൊരു പ്രൗഢിയിലുമാണുള്ളത്. പോകുക, നിന്റെ ജോലി തുടർന്നുകൊള്ളുക. ഞാൻ ജീവിച്ചിരിക്കുവോളം എന്റെ കഴിവിനനുസരിച്ച് നിന്നോടൊപ്പമുണ്ടാകും."(ഇസാലയെ ഔഹാം റൂഹാനീ ഖസായിൻ വാല്യം 3 പേജ് 110-111)

മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ വിശ്വസിക്കുന്ന കാരണത്താൽ ഇവർ കാഫിറാണെന്ന് അഹ്മദികളുടെമേൽ ഇന്ന് ആക്ഷേപം ഉന്നയിക്കുന്നു. ഞാൻ ഇപ്പോൾ വിവരിച്ച സംഭവം നമ്മൾ ചരിത്രത്തിൽ വായിക്കുകയും കേൾക്കുകയും ചെയ്യുന്നതാണ്. പക്ഷേ, എത്ര മാത്രം അനിയന്ത്രിതമായും മാനസികാവസ്ഥയോടുംകൂടിയാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) അത് വിവരിച്ചത്, അതിൽനിന്ന് മുഹമ്മദെ അറബി(സ)യോടുള്ള ആ മഹാത്മാവിന്റെ അനുരക്തി പ്രകടമാകുന്നുണ്ട്. ഈ മധ്യസ്ഥതയിലൂടെ പിന്നീട് നബി(സ)തിരുമേനി നമുക്ക് കാണിച്ചുതന്ന അല്ലാഹുവിനോടുള്ള അനുരക്തിയുടെ വഴികളും കാണാൻ കഴിയുന്നു. പിന്നീട് മുഹമ്മിദിലുള്ള പ്രേമത്തിൽ ആ മഹാത്മാവിന്റെ പുണ്യചരിതത്തിന്റെ ഈ വശം കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നു പേരുള്ള ഈ അറബി പ്രവാചകൻ(ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ!)എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യംതന്നെ! അവിടത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്ന് തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ 'തൗഹീദ്' അഥവാ ഏകദൈവവിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിന് നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു. എല്ലാ ഓരോ കൃപാവരങ്ങളുടേയും ഉത്ഭവസ്ഥാനം അവിടന്നാണ്. അദ്ദേഹത്തെ അംഗീകരിക്കാതെ എന്തെങ്കിലും ശ്രേഷ്ഠത വാദിക്കുന്നവൻ മനുഷ്യനല്ല; അവൻ സാത്താന്റെ സന്തതിയാണ്. കാരണം എല്ലാ ഓരോ ശ്രേഷ്ഠതയുടേയും താക്കോൽ അദ്ദേഹത്തിന് നല്കപ്പെട്ടിരിക്കുന്നു. എല്ലാ ഓരോ ദൈവജ്ഞാനത്തിന്റേയും ഖജനാവ് അദ്ദേഹത്തിന് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. അതുമുഖേന പ്രാപിക്കാത്തവൻ ദൈവസന്നിധിയിൽ പിന്തള്ളപ്പെട്ടവനാണ്. നമ്മൾ എന്ത് വസ്തുവാണ്? നമുക്കെന്ത് അർഥമാണുള്ളത്? യഥാർഥമായ തൗഹീദ് നമ്മൾ ഈ നബി മുഖേന പ്രാപിച്ചുവെന്നും ജീവനുള്ള ദൈവത്തെ തിരിച്ചറിഞ്ഞത് ഈ സമ്പൂർണ നബിയിലൂടെയാണെന്നും അദ്ദേഹത്തിന്റെ പ്രകാശത്തിൽനിന്ന് ലഭിച്ചതാണെന്നും അല്ലാഹുവിന്റെ മുഖകമലം ദർശിക്കാൻ കഴിയുന്ന ദൈവഭാഷണത്തിന്റേയും സംബോധനത്തിന്റേയും ഭാഗ്യവും ആ മഹാനായ നബി മുഖേനയാണ് നമുക്ക് ലഭ്യമായതെന്നുമുള്ള കാര്യം സമ്മതിക്കാത്തിടത്തോളം നമ്മൾ അനുഗ്രഹങ്ങളെ നിഷേധിക്കുന്നവരായിരിക്കും. ആ സന്മാർഗസൂര്യന്റെ കിരണങ്ങൾ വെയിലുപോലെ നമ്മളിൽ പതിയുന്നു. നമ്മൾ അതിന് അഭിമുഖമായി നില്ക്കുവോളം നമ്മൾ പ്രശോഭിതരായിരിക്കുന്നതാണ്."(ഹഖീഖത്തുൽ വഹ്യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 118-119)

അതിനാൽ നബി(സ)തിരുമേനിയുടെ പിന്നാലെ നടന്നുകൊണ്ടു മാത്രമേ യഥാർഥമായ തൗഹീദിനെ കുറിച്ച് അറിയാൻ കഴിയുകയുള്ളൂ. അവിടത്തെ മാതൃക അനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് നമുക്ക് അല്ലാഹുവിൽ എത്താൻ കഴിയുകയുള്ളൂ. ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിന്റെ അടിത്തറ.

നബി(സ) തിരുമേനിയുടെ ആരാധനയുടെ നിലവാരമെന്തായിരുന്നു. ഹദ്റത്ത് ആയിശ(റ) അവിടത്തെ തഹജ്ജുദ് നമസ്കാരത്തിന്റെ അവസ്ഥാവിശേഷം വിവരിച്ചുകൊണ്ട് പറയുന്നു. നബി(സ) തിരുമേനി പതിനൊന്ന് റക്അത്തിനെക്കാൾ കൂടുതൽ തഹജ്ജുദ് നമസ്കരിച്ചിരുന്നില്ല. എന്നാൽ, അത് എത്രമാത്രം സന്തോഷപ്രദവും ദീർഘവും സുന്ദരവുമായിരുന്നുവെന്നാണ്. ആ നമസ്കാരത്തിന്റെ ദൈർഘ്യത്തേയും മനോഹാരിതയേയും ഗുണവിശേഷത്തേയും കുറിച്ച് പറയുകയുംവേണ്ട.' (സ്വഹീഹുൽ ബുഖാരി, കിതാബുത്തഹജ്ജുദ്, ഹദീഥ് 1147) ആ അവസ്ഥ വിവരിക്കാൻ വാക്കുകളില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. "അവിടന്ന് നമസ്കരിക്കുന്നത് ഒരു സ്വഹാബി കണ്ടു. അതായത് തനിച്ചുനിന്ന് അവിടന്ന് നഫ്ൽ നമസ്കരിക്കുകയായിരുന്നു. അദ്ദേഹം പറയുന്നു: ആ നേരത്ത് കഠിനമായ വിലാപം കൊണ്ട് അവിടത്തെ നെഞ്ചകത്തുനിന്ന് ചക്കു ചലിക്കുമ്പോഴുള്ളതുപോലെ ശബ്ദം പുറത്തുവന്നിരുന്നു." (സുനൻ അബീ ദാബൂദ്, കിതാബുസ്സലാത്ത്, ഹദീഥ് 904)

ഒരു നിവേദനത്തിൽ, ചെമ്പുപാത്രത്തിൽ വെള്ളം തിളയ്ക്കുമ്പോഴുള്ള ശബ്ദം കേൾക്കുമായിരുന്നു എന്നുമുണ്ട്. (സുനന്നിസാഇ ഹദീഥ് 1215)

നിവേദനങ്ങളിൽ ഇങ്ങനേയും വന്നിട്ടുണ്ട്. ചില ഘട്ടങ്ങളിൽ നമസ്കാരത്തിൽ നിന്ന് നിന്ന് അവിടത്തെ കാലുകളിൽ നീരു വന്നുവീർത്തിരുന്നു. നീരുവീക്കമുണ്ടായി പൊട്ടുമായിരുന്നു. ഹദ്റത്ത് ആയിശ(റ) പറയുന്നു: ഒരിക്കൽ ഞാൻ നബി(സ) തിരുമേനിയോടു പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ! എന്തിനാണ് താങ്കൾ ഇത്രയേറെ ബുദ്ധിമുട്ടുന്നത്. അല്ലാഹു താങ്കളുടെ മുമ്പിലും പിമ്പിലുമുള്ള എല്ലാ വീഴ്ചകളും പൊറുത്തു തന്നിട്ടുണ്ടല്ലോ.' അവിടന്ന് പറഞ്ഞു: *അഫലാ ഉഹിബ്ബു അൻഅകൂനു അബ്ദൻ ശക്കൂറാ* അല്ലാഹുവിനോടു നന്ദിയുള്ളവനായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു." (സ്വഹീഹുൽ ബുഖാരി, കിതാബുത്തഫ്സീറുൽ ഖുർആൻ, ഹദീഥ് 4837)

നബി(സ)തിരുമേനിയുടെ ആരാധനയുടെ ഈ നിലവാരങ്ങൾ സ്വഹാബാക്കളിൽ എന്തു വിപ്ലവമാണ് സൃഷ്ടിച്ചത്. ഇതു വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഞാൻ ശക്തമായും പറയുന്നു: എത്ര വലിയ ശത്രുവാണെങ്കിലും ക്രിസ്ത്യാനിയാവട്ടെ, ആര്യസമാജക്കാരനാവട്ടെ, നബി(സ)തിരുമേനി വരുന്നതിനു മുമ്പേയുള്ള അറേബ്യയുടെ അവസ്ഥയും പിന്നീട് നബിയുടെ അധ്യാപനവും വശ്യശക്തിയുംകൊണ്ടുണ്ടായ മാറ്റവും നോക്കുകയാണെങ്കിൽ അനിയന്ത്രിതമായി അവർക്ക് അവിടത്തെ സത്യത്തിന് സാക്ഷ്യം പറയേണ്ടതായി വരും. വിശുദ്ധഖുർആൻ അവരുടെ ആദ്യത്തെ അവസ്ഥ കോറിയിട്ടതിങ്ങനെയാണ്. (ആ മഹാത്മാവിനെ വിശ്വസിച്ചവരുടെ-അവർ അറബികളായിരുന്നു-ആദ്യമുണ്ടായിരുന്ന അവസ്ഥയാണ് പറയുന്നത്). *യഅ്ക്കുലൂന കമാ തഅ്ക്കുലുൽ അൻആമ(47:13)* (കാലികൾ തിന്നുന്നതുപോലെ അവർ തിന്നുന്നു. മൃഗങ്ങളെപോലുള്ള അവസ്ഥയായിരുന്നു). "ഇതായിരുന്നു അവിശ്വാസിയായിരുന്നപ്പോൾ അവരുടെ അവസ്ഥ. പിന്നീട് നബി(സ)തിരുമേനിയുടെ പരിശുദ്ധമായ വശ്യശക്തി അവരിൽ മാറ്റം ഉണ്ടാക്കിയപ്പോൾ അവരുടെ അവസ്ഥ *യബീത്തൂന ലി റബ്ബിഹിം സുജ്ജദൻ വ്വ ഖിയാമാ(25:65)* ആയിത്തീർന്നു. അതായത് തങ്ങളുടെ നാഥനെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും നിന്നു പ്രാർഥിച്ചുകൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരായിത്തീർന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നബി(സ) തിരുമേനി അറേബ്യയിലെ അപരിഷ്കൃതരിലുണ്ടാക്കിയ മാറ്റവും ഏതൊരു കുഴിയിൽ നിന്നെടുത്ത് അവരെ ഏതൊരു ഉയർച്ചയും പദവിയുംവരെ എത്തിച്ചതുമായ മുഴുവൻ അവസ്ഥയുടേയും ചിത്രം നോക്കിക്കാണുമ്പോൾ എത്ര മഹത്തായ വിപ്ലവമാണ് അവിടന്ന് വരുത്തിയതെന്നോർത്ത് അനിയന്ത്രിതമായി കരഞ്ഞുപോകുന്നു.' അവിടന്ന് പറയുന്നു: 'ലോകത്തെ ഒരു ചരിത്രത്തിലും ഒരു ജന

"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."
(ഖുത്ബ ജുമുഅ,2017 മെയ് 5.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)

"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)

തയിലും അതിന് ഉദാഹരണം ലഭിക്കുകയില്ല. ഇത് വെറും കഥയല്ല. ഇത് ജീവിത സംഭവങ്ങളാണ്. ഇവയുടെ സത്യം ഒരു കാലഘട്ടത്തിന് അംഗീകരിക്കേണ്ടി വന്നു.” (മൽഫൂദാത്ത്, വാല്യം 9, പേജ് 144–145, 1985 ലണ്ടൻ പതിപ്പ്)

ആ ജീവിതമാതൃകയെ പിൻപറ്റികൊണ്ട് സ്വഹാബാക്കൾ ആരാധനകളുടെ നിലവാരം ഉയർത്തിയതുപോലെ ആദ്യകൂട്ടരുമായി കൂടിച്ചേർന്ന അവസാനം വന്ന ഈ ജമാഅത്തിലെ അംഗങ്ങളുടേയും നിർബന്ധകടമയാണ് നമ്മളും നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തുക എന്നത്. ഭൗതികതയിൽ മാത്രം മുങ്ങിത്താഴ്ന്നുകൊണ്ടിരിക്കരുത്. ഉപസംഘടനകളും ജമാഅത്തും ഇത്ര ശതമാനം നമസ്കരിക്കുന്നവരായിട്ടുണ്ടെന്ന് റിപ്പോർട്ട് തരുന്നുണ്ട്. 40%, 50%, 60%. 100% ആരാധകരെ ഉണ്ടാക്കാത്തിടത്തോളം നമ്മൾ സ്വസ്ഥതയോടെ ഇരിക്കാൻ പാടില്ല. ജമാഅത്തുമാത്രല്ല, മറിച്ച് ഓരോ വ്യക്തിയും താൻ ഏതവസ്ഥയിലാണെന്ന് ആത്മപരിശോധന നടത്തേണ്ടതാണ്.

സത്യസന്ധതയിലും സത്യത്തിലും നബി(സ) തിരുമേനിയുടെ ജീവിതമാതൃകയെന്തായിരുന്നു. അവിടത്തെ കഠിനവിരോധി നദ്ർ ബിൻ ഹാരിഥിന്റെ സാക്ഷ്യം കേൾക്കുക. ഒരിക്കൽ ഖുറയ്ശി നേതാക്കൾ സംഘടിച്ചു. അവരിൽ അബുജഹ്‌ലും നദ്ർ ബിൻ ഹാരിഥുമുണ്ടായിരുന്നു. നബി(സ) തിരുമേനി മാന്ത്രികനാണെന്നും വ്യാജനാണെന്നും പറഞ്ഞുപരത്താൻ ആരോ പറഞ്ഞപ്പോൾ നദ്ർ ബിൻ ഹാരിഥ് എഴുന്നേറ്റുനിന്നു പറഞ്ഞു: ‘ഖുറയ്ശീ സംഘമേ! നിങ്ങൾക്ക് നേരിടാൻ കഴിയാത്ത കാര്യം നിങ്ങളുടെ മുമ്പിൽ വന്നിരിക്കുകയാണ്. ഇതിന്നെതിരിൽ നിങ്ങൾക്ക് ഒരു തന്ത്രവും ചെയ്യാൻ കഴിയുകയില്ല. മുഹമ്മദ്(സ) നിങ്ങളിൽ ഒരു യുവാവായ ആൺകുട്ടിയായിരുന്നു. നിങ്ങൾക്ക് ഏറ്റവുമധികം പ്രിയങ്കരനായിരുന്നു. ഏറ്റവുമധികം സത്യം പറയുന്ന ആളായിരുന്നു. നിങ്ങളിൽ ഏറ്റവുമധികം വിശ്വസ്തനായിരുന്നു. ഇപ്പോൾ നിങ്ങൾ അദ്ദേഹത്തിന്റെ നെറ്റിയിൽ വാർധക്യത്തിന്റെ അടയാളം കണ്ടപ്പോൾ, അതായത് മുടി നരക്കാൻ തുടങ്ങുകയും സന്ദേശം കൊണ്ടുവരികയും ചെയ്തപ്പോൾ നിങ്ങൾ പറയുന്നു, ഇന്ദ്രജാലക്കാരനാണെന്ന്. അവനിൽ ഇന്ദ്രജാലത്തിന്റെ ഒരു കാര്യവുമില്ല. ഞങ്ങളും ഇന്ദ്രജാലക്കാരെ കണ്ടിട്ടുണ്ട്. നിങ്ങൾ പറഞ്ഞു: അവൻ ജോത്സ്യനാണെന്ന്. ഞങ്ങൾ ജോത്സ്യന്മാരേയും കണ്ടിട്ടുണ്ട്. അവൻ ഒരിക്കലും ജോത്സ്യനല്ല. നിങ്ങൾ പറഞ്ഞു, അവൻ കവിയാണെന്ന്. കവിതയുടെ എല്ലാ ഇനങ്ങളും ഞങ്ങൾക്കറിയാം. അവൻ കവിയല്ല. നിങ്ങൾ പറയുന്നു, അവൻ ഭ്രാന്തനാണെന്ന്. അവനിൽ ഭ്രാന്തിന്റെ ഒരു ലക്ഷണവുമില്ല. ഖുറയ്ശീ സംഘമേ! കൂടുതൽ ചിന്തിക്കുക! നിങ്ങളുടെ ബന്ധം വളരെ വലിയൊരു കാര്യങ്ങളുമായിട്ടാണ്.’(സീറത്ത് ഇബ്നുഹിശാം ഭാഗം 1 പേജ് 192, 2008 ബേറൂത്ത്)

അബൂജഹ്‌ലിന് നബി(സ)തിരുമേനിയുടെ സത്യത ഒരിക്കലും നിഷേധിക്കാൻ കഴിഞ്ഞില്ല. അയാൾ പറഞ്ഞു: ‘നീ കള്ളനാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, നീ കൊണ്ടുവന്ന അധ്യാപനം തെറ്റാണ്. കാരണം നീ ഞങ്ങളുടെ ബിംബങ്ങൾക്കെതിരെ സംസാരിക്കുന്നു.’ (സുനനുത്തുർമുദി, അബ്‌വാബുത്തഫ്സീറുൽ ഖുർആൻ, ഹദീഥ് 3064)

അബൂസുഫിയാനും ഹിർക്കൽ രാജാവിന്റെ ദർബാറിൽ പറഞ്ഞതു നബി(സ) തിരുമേനി ഒരിക്കലും കളവ് പറഞ്ഞിട്ടില്ലെന്നും സത്യം പറയാൻ എപ്പോഴും ഉപദേശിക്കുന്നുവെന്നുമാണ്. (സ്വഹീഹുൽ ബുഖാരി കിതാബു ബദ്ഉൽവഹ്‌യ് ഹദീഥ് 7).

അതിനാൽ ശത്രുക്കളിൽ ശത്രുവിനുപോലും ആ മഹാത്മാവിനെ വ്യാജനെന്ന് പറയാൻ കഴിഞ്ഞില്ല. ആ മഹാത്മാവിന്റെ നുബുവ്വത്ത് സത്യമാണെന്നുള്ളതിന് ഏറ്റവും വലിയ തെളിവാണിത്. യഹൂദി പണ്ഡിതൻ നബി(സ) തിരുമേനിയുടെ മുഖകമലം കണ്ടുകൊണ്ട് പറഞ്ഞിരുന്നത് ഇത് കള്ളവാദിയുടെ മുഖമല്ല എന്നാണ്. (സുനനുത്തുർമുദി ഹദീഥ് 2485)

അതിനാൽ ഇന്നും അവിടത്തെ അധ്യാപനത്തിനും കർമത്തിനും സത്യസന്ധതയുടെ ഉന്നതനിലവാരത്തിനും അമുസ്‌ലിംകളെ, ഇസ്‌ലാമിന്റെ അടുത്തുകൊണ്ടുവരാൻ സാധിക്കുന്നതാണ്. ഈ കളവും ചതിയും വഞ്ചനയും ഇസ്‌ലാമിനെതിരെയുള്ള വെറുപ്പിനെ വർധിപ്പിക്കാനെ ഉതകുകയുള്ളൂ. ഇസ്‌ലാമിനടുത്തുകൊണ്ടുവരാൻ ഉപകരിക്കുകയില്ല. ഈ ഭൗതികമായ കാര്യങ്ങളും തങ്ങളുടെ സർക്കാരുകളെ നിലനിറുത്തുന്നതും നാമമാത്ര ഉലമാ കളവിന്റെ അടിത്തറയിൽ സ്വന്തം മിമ്പറുകളെ സംരക്ഷിക്കുന്നതും ഒരിക്കലും ഇസ്‌ലാമിന്റെ ശ്രേഷ്ഠത സ്ഥാപിക്കുകയില്ല.

അതിനാൽ നബി(സ)തിരുമേനിയുടെ മാതൃകയിലൂടെ നടന്നുകൊണ്ട് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം പ്രചരിപ്പിക്കുന്നത് സുഗമമാക്കാൻ അഹ്മദികൾ തങ്ങളുടെ സത്യസന്ധതയുടെ നിലവാരം ഉയർത്താൻ എപ്പോഴും ശ്രമിക്കേണ്ടതാണ്. തബ്‌ലീഗിന് അത്യാവശ്യമായിട്ടുള്ളത് വാക്കും പ്രവൃത്തിയും ഒന്നായിരിക്കുക എന്നതാണ്. കർമത്തിൽ സത്യസന്ധതയില്ലെങ്കിൽ ജനങ്ങൾ മതാധ്യാപനത്തെ കളവായി മനസ്സിലാക്കും. അല്ലാഹുവിന്റെ സത്ത ഒരു സത്യമാണ്. ദീനുൽ ഇസ്‌ലാമും ഒരു സത്യമാണ്. ഈ സത്യത്തെ പ്രചരിപ്പിക്കുകയും സത്യത്തിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുക എന്നത് ഇന്ന് നമ്മുടെ ജോലിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘ഇസ്‌ലാമിന് കുറച്ചു കാലം മുമ്പേ സർവ മതങ്ങളും വികലമായിപ്പോയിരുന്നുവെന്നും ആത്മീയത നഷ്ടപ്പെട്ടുപോയിരുന്നുവെന്നും ഒരു ബുദ്ധിമാന് സമ്മതിക്കേണ്ടി വരുന്നു. നമ്മുടെ നബി(സ)തിരുമേനി സത്യം പ്രകടിപ്പിക്കുന്നതിനു വന്ന ഒരു മഹാനായ പരിഷ്കർത്താവായിരുന്നു. കളഞ്ഞുപോയ സത്യത്തെ വീണ്ടും ആ മഹാത്മാവ് കൊണ്ടുവന്നു. ഈ അഭിമാനത്തിൽ നമ്മുടെ നബി(സ)തിരുമേനിക്ക് ഒരു പങ്കാളിയുമില്ല. അവിടന്ന് മുഴുലോകത്തേയും ഒരു അന്ധകാരത്തിൽ കണ്ടു. പിന്നീട് അവിടത്തെ വെളിപെടൽകൊണ്ട് ആ അന്ധകാരം വെളിച്ചമായി മാറി. ഏതൊരു ജനതയിലാണോ അവിടന്ന് വെളിപ്പെട്ടത്, അവരെ പൂർണമായും ബഹുദൈവാരാധനയുടെ വസ്ത്രമൂരി തൗഹീദിന്റെ വസ്ത്രം അണിയിക്കുന്നതുവരെ അവിടന്ന് വഫാത്തായില്ല. ഇതുമാത്രമല്ല മറിച്ച് അവർ ഈമാനിന്റെ ഉന്നതമായ നിലകൾവരെ എത്തി. ലോകത്തിന്റെ ഒരു ഭാഗത്തും കാണാത്തതായ സത്യസന്ധതയുടേയും കൂറിന്റേയും ദൃഢജ്ഞാനത്തിന്റേയും പ്രവൃത്തി അവരിൽനിന്ന് പ്രകടമായി. ഈ വിജയം, ഇത്രമാത്രം വിജയം നബി(സ) തിരുമേനിക്കല്ലാതെ മറ്റൊരു നബിക്കും ഉണ്ടായിട്ടില്ല. നബി(സ) തിരുമേനിയുടെ നുബുവ്വത്തിനുള്ള വലിയൊരു തെളിവ് ഇതുതന്നെയാണ്. ലോകം അങ്ങേയറ്റം അന്ധകാരത്തിൽ പതിക്കുകയും സ്വാഭാവികമായും ഒരു മഹാനായ പരിഷ്കർത്താവിനെ ആഗ്രഹിക്കുകയും ചെയ്തിരുന്ന ഒരു കാലഘട്ടത്തിലാണ് അവിടന്ന് നിയോഗിതനാകുന്നതും വരുന്നതും. പിന്നീട് ലക്ഷക്കണക്കിന് ആളുകൾ ബഹുദൈവാരാധനയും ബിംബാരാധനയും കൈവെടിഞ്ഞ് തൗഹീദും നേരായ വഴിയും സ്വീകരിച്ചതിനു ശേഷമാണ് ഈ ലോകത്തുനിന്ന് വിടപറഞ്ഞത്. സമ്പൂർണമായ പരിഷ്കരണം അവിടത്തേക്കു മാത്രം പ്രത്യേകപ്പെട്ടതായിരുന്നു എന്നതാണ് യാഥാർഥ്യം. അവിടന്ന് മൃഗസമാനരായ ഒരു ജനതയെ മൃഗസ്വഭാവമുള്ളതായ ജനതയെ മനുഷ്യസ്വഭാവങ്ങൾ പഠിപ്പിച്ചു. അല്ലെങ്കിൽ മൃഗങ്ങളെ മനുഷ്യരാക്കുകയും മനുഷ്യരിൽനിന്ന് വിദ്യാസമ്പന്നരായ മനുഷ്യരാക്കുകയും വിദ്യാസമ്പന്നരായ മനുഷ്യരിൽനിന്ന് ദൈവമനുഷ്യരാക്കുകയും ചെയ്തുവെന്ന് പറയാം. ആത്മീയതയുടെ അവസ്ഥ അവരിൽ ഊതി. സത്യദൈവവുമായി അവർക്ക് ബന്ധമുണ്ടാക്കിക്കൊടുത്തു.” (ലക്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസായിൻ, വാല്യം 20, പേജ് 206–207)

അതിനാൽ യഥാർഥ മുസ്‌ലിമെന്ന് പറയിപ്പിക്കണമെങ്കിൽ, സത്യവാനായ അല്ലാഹുവുമായി ബന്ധമുള്ളവനാകണമെങ്കിൽ സത്യസന്ധതയുടെ നിലവാരങ്ങളെ ഉയർത്തേണ്ട ആവശ്യമുണ്ട്. ഇന്ന് ആർക്കെങ്കിലും ഈ കടമ നിറവേറ്റാൻ കഴിയുമെങ്കിൽ അത് അഹ്മദിക്കെ കഴിയൂ. അവർ കാലത്തിന്റെ ഇമാമിനോടു, ദുൻയാവിനേക്കാൾ ദീനിനെ മുന്തിക്കുമെന്ന് ഉടമ്പടി ചെയ്തവരാണ്. അതുകൊണ്ട് ഇതിനെ ഉടമ്പടിയിൽ മാത്രം നിറുത്താതെ ഓരോ അഹ്മദിയുടെയും ഓരോ കർമവും അതിന് സാക്ഷിയാകേണ്ടതാണ്. അപ്പോഴാണ് ഉടമ്പടിയുടെ സത്യസന്ധത പ്രകടമാകുന്നത്.

ഒരു മഹത്തായ ധാർമികഗുണം വിനയവും വണക്കവുമാണ്. അല്ലെങ്കിൽ വിനയത്തിലും വണക്കത്തിലും അവിടത്തെ ധാർമികഗുണം അതിന്റെ മഹത്ത്വങ്ങളെ സ്പർശിക്കുന്നുവെന്ന് പറയാം. അവിടത്തെ വിനയത്തേയും വണക്കത്തേയും കുറിച്ച് ഹദ്റത്ത് ആയിശ(റ) പറയുന്നു: ‘സ്വഹാബാക്കളിൽനിന്നോ, അഹ്‌ലെബയ്ത്തിൽനിന്നോ, വീട്ടുകാരിൽനിന്നോ ആരെങ്കിലും അദ്ദേഹത്തെ വിളിക്കുകയും അദ്ദേഹം അതിന് മറുപടി നൽകാതിരിക്കുകയും ചെയ്ത അവസ്ഥ ഒരിക്കലും ഉണ്ടായിട്ടില്ല.’ ഹദ്റത്ത് ആയിശ(റ) പറയുന്നു: ‘ഇക്കാരണത്താൽ അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു, *ഇന്നക്ക ലഅലാ ഖുലുഖിൻ അളീം (68:5)* നീ മഹത്തായ ധാർമിക ഗുണങ്ങളുള്ളവൻ തന്നെയാണ്. (തഫ്സീർ ദുർറെ മൻഥൂർ വാല്യം 8, പേജ് 226 ഖലം എന്ന അധ്യായത്തിലെ ഇന്നക്ക ലഅലാ ഖുലുഖിൻ അളീം എന്ന വചനം)

ഹദ്റത്ത് അലി(റ) നിവേദനം. നബി(സ) തിരുമേനി ആരിലേക്കെങ്കിലും മുഖം തിരിച്ചാൽ പൂർണമായും തിരിക്കുമായിരുന്നു. ദൃഷ്ടി എപ്പോഴും കീഴ്പോട്ടായിരിക്കും. ഭൂമിയിലേക്ക് കൂടുതൽ ദൃഷ്ടി പതിയുന്നുവെന്ന് തോന്നുമായിരുന്നു. കാണുന്ന ഓരോരുത്തർക്കും ആദ്യം സലാം പറയുമായിരുന്നു. (അശ്ശമാഇലുൽമുഹമ്മദിയ്യ ലി ഇമാമുത്തുർമുദി, ബാബ് മാ ജാഅ ഫി ഖൽഖി റസൂലില്ലാഹ്, ഹദീഥ് 8, പേജ് 38)

അവിടന്ന് പറഞ്ഞു: ഞാൻ ആദം സന്തതികളുടെ നേതാവാണ്. എന്നാൽ, അതിൽ അഭിമാനിക്കേണ്ട കാര്യമൊന്നുമില്ല. പുനരുത്ഥാന നാളിൽ ഞാൻ ഏറ്റവുമാദ്യം ശിപാർശ ചെയ്യുന്നവനായിരിക്കും. ശിപാർശ സ്വീകരിക്കപ്പെടുന്നവരിൽ ഒന്നാമനുമായിരിക്കും. പക്ഷേ, അതിൽ അഭിമാനിക്കേണ്ട കാര്യമൊന്നുമില്ല. പുനരുത്ഥാന നാളിൽ സ്തുതിയുടെ പതാക എന്റെ കൈയിലായിരിക്കും. അതിലും അഭിമാനിക്കേണ്ട കാര്യമൊന്നുമില്ല. (സുനൻ ഇബ്നുമാജ, കിതാബുസ്സുഹ്ദ്, ബാബ് ദിക്റുശ്ശ ഫാ അത്തി ഹദീഥ് 4308) ഇതാണ് വിനയത്തിന്റെ പാരമ്യത. ഇത് അവിടത്തെ എല്ലാ വാക്കിലും പ്രവൃത്തിയിലും പ്രകടമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"പൊങ്ങച്ചങ്ങളിൽനിന്നും അഹങ്കാരങ്ങളിൽനിന്നും വലിപ്പത്തരത്തിൽനിന്നും അകന്നുനില്ക്കേണ്ടതാണ്. വിനയവും വണക്കവും സ്വീകരിക്കേണ്ടതാണ്. നോക്കൂ! നബി(സ)തിരുമേനി യഥാർഥത്തിൽ ഏറ്റവും വലിയ മാഹാത്മ്യത്തിന് അർഹനായിരുന്നു. ആ മഹാത്മാവിന്റെ വിനയത്തിന്റേയും വണക്കത്തിന്റേയും ഒരു മാതൃക വിശുദ്ധഖുർആനിലുണ്ട്. എഴുതിയിരിക്കുന്നു. ഒരു അന്ധൻ നബി(സ) തിരുമേനിയുടെ സന്നിധിയിൽ വന്ന് വിശുദ്ധഖുർആൻ പഠിക്കാറുണ്ടായിരുന്നു. ഒരു ദിവസം നബിയുടെയടുക്കൽ മക്കയിലെ ഉന്നത വ്യക്തികളും നഗര പ്രമുഖരും ഇരുപ്പുണ്ടായിരുന്നു. അവിടന്ന് അവരുമായി സംസാരിച്ചിരിക്കുകയായിരുന്നു. സംസാരത്തിൽ മുഴുകിയ കാരണത്താൽ താമസം നേരിട്ടപ്പോൾ ആ അന്ധൻ അവിടെനിന്നെഴുന്നേറ്റുപോയി. ഇതൊരു നിസ്സാര കാര്യമായിരുന്നു. അല്ലാഹു അതിനെപ്പറ്റി സൂറത്തിറക്കി. നബി(സ) അയാളുടെ വീട്ടിൽപോയി അയാളെ കൂടെ കൊണ്ടുവന്ന് തന്റെ അനുഗൃഹീത പുതപ്പ് വിരിച്ചിരുത്തി.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ആരുടെ മനസ്സിലാണോ ദൈവമഹത്ത്വമുള്ളത് അവർക്ക് നിർബന്ധമായും വിനയനും വണക്കമുള്ളവനും ആകേണ്ടിവരുന്നു. കാരണം അവർ അല്ലാഹുവിന്റെ നിഷ്പക്ഷതയിൽ വിറച്ചുകൊണ്ടിരിക്കുന്നു.' അവിടന്ന് പറയുന്നു: 'അല്ലാഹു കാര്യങ്ങൾ സസൂക്ഷ്മം പറഞ്ഞുതരുന്നതുപോലെതന്നെ കാര്യങ്ങൾ വിലയിരുത്തുന്നവനുമാണ്. ഏതെങ്കിലും കാര്യത്തിൽ ദ്വേഷ്യപ്പെട്ടാൽ നിമിഷങ്ങൾക്കുള്ളിൽ എല്ലാ പ്രപഞ്ചവും അവസാനിച്ചു. ഇക്കാര്യങ്ങളിൽ ചിന്തിക്കേണ്ടതും അവ ഓർമവെക്കേണ്ടതും അതനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.' (മൽഫൂദാത്ത്, വാല്യം 1, പേജ് 342-344, 1985 ലണ്ടൻ പതിപ്പ്)

അവിടത്തെ പുണ്യജീവിതത്തിന്റെ വിഷയം അറ്റമില്ലാത്ത വിഷയമാണ്. അവിടത്തെ എല്ലാ സ്വഭാവങ്ങളിലും മഹത്തായ മാതൃകയുണ്ട്. എന്തുകൊണ്ടുണ്ടാവില്ല? അവിടന്ന് ഒരു മഹാനായ അധ്യാപകനാണ്. ധാർമിക ഗുണങ്ങളുടെ അധ്യാപകനാണ്. ഒരു ദുർവൃത്തൻ അവിടത്തെ അടുത്തുവന്നാലും അവിടന്ന് അയാളോടു നല്ല നിലയിൽ പെരുമാറുന്നു. ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു: 'ഒരാൾ നബി(സ) തിരുമേനിയെ കാണാൻ അനുവാദം ചോദിച്ചു. അവിടന്ന് അയാളെ കണ്ടുകൊണ്ട് പറഞ്ഞു, ഇയാൾ ഇയാളുടെ വീട്ടിൽ വളരെ മോശം മനുഷ്യനാണ്. തന്റെ സഹോദരൻ എന്ന നിലയിൽ പെരുമാറ്റം ശരിയല്ല. തന്റെ കുടുംബത്തിലെ ഏറ്റവും മോശപ്പെട്ട മകനാണ്. അയാൾ വന്നിരുന്നപ്പോൾ നബി(സ)തിരുമേനി വിശാലമനസ്കത പ്രകടിപ്പിച്ചുകൊണ്ട് അയാളോട് സൽസ്വഭാവത്തോടുകൂടി പെരുമാറി; അയാൾ ചീത്ത സഹോദരനായിരുന്നിട്ടും; ചീത്തമകനായിരുന്നിട്ടും. അയാളിൽ ദുസ്വഭാവങ്ങളുണ്ടായിരുന്നു. അയാൾ പോയപ്പോൾ ഹദ്റത്ത് ആയിശ(റ) ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അയാളെ കണ്ടപ്പോൾ അയാളെക്കുറിച്ച് ഇന്നയിന്ന കാര്യങ്ങൾ പറഞ്ഞിരുന്നുവല്ലോ. പിന്നീട് അയാളുമായി സംസാരിച്ചപ്പോൾ വളരെ മാന്യഭാവത്തോടെ പെരുമാറി.' നബി(സ) തിരുമേനി പറഞ്ഞു: "ആയിശാ! നീ എപ്പോഴെങ്കിലും എന്നെ മോശമായി സംസാരിക്കുന്നത് കണ്ടിട്ടുണ്ടോ?" അവിടന്ന് പറഞ്ഞു: "ഖിയാമത്തുനാളിൽ അല്ലാഹുവിന്റെ പക്കൽ ഏറ്റവും മോശപ്പെട്ടവൻ അവന്റെ തിന്മയെ ഭയന്ന് അവനുമായുള്ള കൂടിക്കാഴ്ച ഉപേക്ഷിക്കുന്നവനാണ്." (സ്വഹീഹുൽ ബുഖാരി, കിതാബുൽ അദബ്, ഹദീഥ് 6034)

നബി(സ) തിരുമേനിയോടു ഒരിക്കൽ ചോദിക്കപ്പെട്ടു: 'അല്ലാഹുവിന്റെ റസൂലേ! ഞാൻ നല്ലതാണോ ചീത്തയാണോ എന്ന് എനിക്കെങ്ങനെയാണ് അറിയാൻ കഴിയുക?' നബി(സ) തിരുമേനി പറഞ്ഞു: 'നിന്റെ അയൽവാസി നിന്നെക്കുറിച്ച് നല്ലവനാണെന്ന് പറഞ്ഞാൽ, നല്ലവനാണെന്ന് നീ മനസ്സിലാക്കിക്കൊള്ളുക. അയൽവാസി നീ മോശമാണെന്ന് പറഞ്ഞാൽ, താങ്കളുടെ പെരുമാറ്റം മോശമാണെന്ന് പറഞ്ഞാൽ നീ മോശക്കാരനാണെന്ന് മനസ്സിലാക്കിക്കൊള്ളുക. നിന്റെ പെരുമാറ്റം ശരിയല്ല.' (സുനൻ, ഇബ്നുമാജ, കിതാബുസ്സുഹ്ദ്, ഹദീഥ്, 4223)

അതിനാൽ സ്വന്തം സ്വഭാവങ്ങൾ ഏതവസ്ഥയിലും നല്ലതാക്കി വെക്കേണ്ട ആവശ്യമുണ്ട്. ഇതായിരിക്കണം ഇന്ന് ഒരു അഹ്മദിയുടെ മാർഗം. ഇന്ന് മുസ്ലിംകളിലുണ്ടായിട്ടുള്ള കലഹങ്ങൾക്കും കുഴപ്പങ്ങൾക്കും കാരണം ധാർമികാവസ്ഥയുടെ നിലവാരം വീണുപോയതാണ്. നബി(സ) തിരുമേനിയുടെ മാതൃക ജനങ്ങൾ മറന്നുപോയി; വാദം മാത്രമേയുള്ളൂ. നബി(സ) തിരുമേനിയുടെ സമ്പൂർണമാതൃകയെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നബി(സ) തിരുമേനി എല്ലാ കാര്യങ്ങൾക്കും മാതൃകയായിരുന്നു. അവിടത്തെ(സ) ജീവിതത്തിലേക്ക് നോക്കുക! അവിടന്ന് ഭാര്യമാരോടു എങ്ങനെയായിരുന്നു പെരുമാറിയിരുന്നത്." പറയുന്നു: "ഭാര്യമാർക്കെതിരിൽ എഴുന്നേറ്റുനില്ക്കുന്നവൻ എന്റെ അഭിപ്രായത്തിൽ ഭീരുവും പുരുഷത്വമില്ലാത്തവനുമാണ്. നബി(സ)തിരുമേനിയുടെ പരിശുദ്ധജീവിതത്തെ പഠിക്കുകയാണെങ്കിൽ അവിടന്ന് എത്രമാത്രം ധാർമികഗുണമുള്ളയാളാണെന്ന് നിങ്ങൾക്കറിയാൻ കഴിയും. അവിടന്ന്(സ) മറ്റുള്ളവരിൽ ആദരയുക്തമായ ഭയമുളവാക്കുന്ന വ്യക്തിയായിരുന്നു. പക്ഷേ, ഏതെങ്കിലും ദുർബലയായ സ്ത്രീപോലും ആ മഹാത്മാവിനെ എവിടെയെങ്കിലും നിറുത്തുകയാണെങ്കിൽ അവർ അനുവാദം നല്കുന്നതുവരെ അവിടെത്തന്നെ നില്ക്കുമായിരുന്നു. നബി(സ)തിരുമേനി വീട്ടുസാധനങ്ങൾ സ്വയം വാങ്ങി വരുമായിരുന്നു. ഒരിക്കൽ അവിടന്ന് എന്തോ കുറച്ചു വാങ്ങി, താൻ പിടിക്കാമെന്ന് ഒരു സ്വഹാബി പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു: 'ആരുടെ സാധനമാണോ അയാൾതന്നെയാണ് എടുക്കേണ്ടത്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇതിൽനിന്ന് അവിടന്ന് വിറകുംചുമന്നുകൊണ്ട് വരാറുണ്ടായിരുന്നുവെന്ന് കരുതരുത്.' പറയുന്നു: 'ഈ സംഭവങ്ങളിൽനിന്ന് അവിടത്തെ ലാളിത്യവും ഉന്നത നിലയിലുള്ള അനൗപചാരികത്വവും മനസ്സിലാകുന്നുണ്ട്.' (മൽഫൂദാത്ത്, വല്യം 4, പേജ് 44-45, 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നമ്മുടെ നബി(സ)തിരുമേനിയെ നോക്കുക. അവിടത്തെ നുബുവ്വത്തിന്റെ കാലം മുതൽ 13 വർഷം വിപത്തുകളും കാഠിന്യങ്ങളുമായിരുന്നു; 10 വർഷം ശക്തിയുടേയും സമ്പന്നതയുടേയും ഭരണത്തിന്റേയും. എതിരിൽ പല ശക്തികളുമുണ്ടായിരുന്നു. മുൻനിരയിൽ സ്വന്തം ജനതതന്നെയായിരുന്നു. യഹൂദികളായിരുന്നു. ക്രിസ്ത്യാനികളായിരുന്നു. ബിംബാരാധകരുടെ സംഘമായിരുന്നു. അഗ്നി ആരാധകർ തുടങ്ങിയവരായിരുന്നു. അവരുടെ ജോലി എന്തായിരുന്നു? ബിംബാരാധന. യഥാർഥ ദൈവത്തിലുള്ള വിശ്വാസത്തെക്കാൾ അതിലുള്ള വിശ്വാസം ശക്തവും വഴിയുമായിരുന്നു. ആ ബിംബങ്ങളുടെ മഹത്ത്വത്തിന് വിരുദ്ധമായി അവർ ഒരു ജോലിയും ചെയ്തിരുന്നില്ല. നിത്യവും അഞ്ചു പ്രാവശ്യമോ ഏഴു പ്രാവശ്യമോ മദ്യപിക്കുമായിരുന്നു; എന്നല്ല വെള്ളത്തിനു പകരം മദ്യമാണ് കുടിച്ചിരുന്നത്. നിഷിദ്ധകാര്യങ്ങൾ മുലപ്പാലുപോലെ കരുതിയിരുന്നു. കൊലപാതകം തുടങ്ങിയവ കാരറ്റും മുല്ലങ്കിയും പോലെയായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ലോകംമുഴുവനുള്ള ജനതകളുടെ സാരവും അശുദ്ധമായ വിശ്വാസങ്ങളുടെ പരിമളവും അവർക്ക് ഓഹരിയായി കിട്ടിയിട്ടുണ്ടായിരുന്നു; ആ ജനതയെ പരിഷ്കരിച്ചെടുക്കുക. പിന്നീട് അവരെ നേരെയാക്കുക. അവർ സഹായികളാരുമില്ലാതെ ഒറ്റയ്ക്കും തനിച്ചും ചുറ്റിക്കറങ്ങുന്ന കാലമായിരുന്നു അത്. ചിലപ്പോൾ എന്തെങ്കിലും ഭക്ഷണം കിട്ടും. ചിലപ്പോൾ വിശന്ന് ഉറങ്ങും. കൂടെ നടക്കുന്ന ചിലരുമുണ്ട്. അവരും ഇങ്ങനെയൊക്കെത്തന്നെയായിരുന്നു. (അതായത് മക്കയിൽ വളരെ മോശം അവസ്ഥകളായിരുന്നു. പട്ടിണിവരെ എത്തിയിരുന്നു കാര്യങ്ങൾ. കൂട്ടുകാരായി ഉണ്ടായിരുന്നവർക്കും മുസ്ലിമാകാൻ പോകുന്നവർക്കും നിത്യവും മർദ്ദനങ്ങളേറ്റിരുന്നു.) ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നിർധനരും നിരാലംബരും, അങ്ങോട്ടും ഇങ്ങോട്ടും ചവിട്ടും തൊഴിയും കൊണ്ട് നടക്കുന്നു. ജന്മനാട്ടിൽനിന്ന് പുറത്താക്കപ്പെടുന്നു." വീണ്ടും പറയുന്നു. "പിന്നീടുള്ളത് രണ്ടാമത്തെ കാലഘട്ടമാണ്." (നബി(സ)തിരുമേനിയുടെ). അറേബ്യൻ ഉപദ്വീപ് മുഴുവനും ഒരുതലം മുതൽ മറ്റേതലംവരെ അടിമകളാക്കപ്പെട്ടിട്ടുണ്ടായിരുന്നു. ചെറുത്തുനില്ക്കാൻതന്നെ സാധിക്കുമായിരുന്നില്ല. എങ്ങനെയുള്ള അധികാരമാണ് അല്ലാഹു നല്കിയതെന്നാൽ വേണമെങ്കിൽ മുഴുവൻ അറബികളേ യും കൊന്നിടാമായിരുന്നു. താന്തോന്നിയായ മനുഷ്യനായിരുന്നെങ്കിൽ അവരോടു അവർ ചെയ്തതിനെല്ലാം പകരംവീട്ടാനുള്ള നല്ല അവസരമായിരുന്നു." (ആദ്യമുണ്ടായിരുന്ന അക്രമങ്ങൾക്ക്). എന്നാൽ, തിരിച്ച് മക്ക വിജയിച്ചപ്പോൾ *ലാ തഥ്രീബ അലയക്കമുൽയൗം* എന്ന് വിളംബരം ചെയ്തു. ഇപ്രകാരം രണ്ടു കാലഘട്ടങ്ങളും നബി(സ)തിരുമേനിയുടെമേൽ വന്നു. നല്ലരീതിയിൽ പരിശോധിക്കാനും ഉരച്ചുനോക്കാനുമു ള്ള മതിയായ അവസരമായിരുന്നു അത്. ഒരു ആവേശത്തിന്റെ അല്ലെങ്കിൽ പെട്ടെന്നുണ്ടായ തിളപ്പിന്റേയോ അവസ്ഥയായിരുന്നില്ല. നബി(സ) തിരുമേനിയുടെ എല്ലാത്തരം ഉത്കൃഷ്ടസ്വഭാവങ്ങളുടേയും പൂർണമായ പരീക്ഷ നടന്നുകഴിഞ്ഞിരുന്നു. അവിടത്തെ ക്ഷമ, സ്ഥൈര്യം, പാതിവ്രത്യം, സൗമ്യത, സഹിഷ്ണുത, ധീരത, ധർമിഷ്ഠത, ഔദാര്യം തുടങ്ങി എല്ലാ സൽസ്വഭാവങ്ങളും പ്രകടമായി കഴിഞ്ഞിരുന്നു. ബാക്കിയായിട്ട് ഒരുഭാഗവും ഇല്ലായിരുന്നു.' (മൽഫൂദാത്ത്, വാല്യം 5, പേജ് 195-196, 1985, ലണ്ടൻ പതിപ്പ്)

'അതിനാൽ ഇന്ന് (റബീഉൽ അവ്വൽ 12 എന്ന ഇന്നത്തെ ദിവസം) യഥാർഥമായ സന്തോഷം കൊണ്ടാടണമെങ്കിൽ നബി(സ)തിരുമേനിയുടെ ജീവിതപന്ഥാവിലൂടെ കർമം ചെയ്തേ കൊണ്ടാടാൻ കഴിയൂ. അവിടെ ആരാധനകളുടെ നിലവാരവും ഉയരണം. അവിടെ തൗഹീദിലും തികഞ്ഞ ദൃഢവിശ്വാസമുണ്ടാകണം. സൽസ്വഭാവങ്ങളുടെ നിലവാരവും ഉയരണം. ഇതില്ലെങ്കിൽ നമ്മളും അവരും തമ്മിൽ ഒരു വ്യത്യാസവുമില്ല. നമ്മൾ നബി(സ) തിരുമേനിയുടെ ജീവിതപന്ഥാവിലൂടെ കർമം ചെയ്യുന്നില്ലെങ്കിൽ, ഭിന്നിച്ചു കിടക്കുകയും താൽക്കാലിക നേതാവിന്റേയും നാമധാരികളായ ഉദ്യോഗസ്ഥരുടേയും പിന്നാലെ നടക്കുകയും ജനങ്ങളെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന അവരും നമ്മളും തമ്മിൽ ഒരു വ്യത്യാസവുമില്ല! ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തതിന്റെ തേട്ടംതന്നെ എല്ലാ പ്രവൃത്തിയിലും നബി(സ)തിരുമേനിയുടെ ജീവിതമാതൃക മുന്നിൽ വെക്കുക എന്നതാണ്. എല്ലാവർക്കും ഇതിന് തൗഫീഖ് കിട്ടാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

നബി(സ) തിരുമേനിയുടെ ഉന്നതമായ സ്ഥാനത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എല്ലാവരേക്കാളും തികവുറ്റവനും സമ്പൂർണമനുഷ്യനും സമ്പൂർണ നബിയുമായി ആ മനുഷ്യൻ സമ്പൂർണമായ അനുഗ്രഹങ്ങളോടുകൂടി വന്നു. അദ്ദേഹം മുഖേന ആത്മീയമായ ഉയിർത്തെഴുന്നേൽപും പുനരുഥാനവും കാരണത്താൽ ലോകത്തിലെ ആദ്യത്തെ ഖിയാത്ത് പ്രകടമായി. മരിച്ചവരായ ഒരു ലോകം തന്നെ അദ്ദേഹത്തിന്റെ വരവിനാൽ ജീവനുള്ളവരായി. ആ അനുഗൃഹീത നബി ഹദ്റത്ത് ഖാത്തമുൽ അമ്പിയാ, ഇമാമുൽ അസ്ഫിയ, ഖത്തമുൽ മുർസലീൻ, ഫഖ്റുന്നബിയ്യീൻ ജനാബ് മുഹമ്മദ് മുസ്തഫാ(സ) ആകുന്നു. അല്ലയോ പ്രിയപ്പെട്ട അല്ലാഹുവേ! ആ പ്രിയപ്പെട്ട നബിയുടെമേൽ ലോകത്ത് ആരുടെമേലും അയച്ചിട്ടില്ലാത്തതായ റഹ്മത്തും സ്വലാത്തും അയക്കേണമേ. ഈ മഹാനായ നബി ലോകത്ത് വന്നില്ലായിരുന്നെങ്കിൽ, യൂനുസ്, അയ്യൂബ്, മസീഹുബ്നു മർയം, മലാക്കി, യഹ്യാ, സക്രിയ്യാ തുടങ്ങി എത്രത്തോളം ചെറിയ ചെറിയ നബിമാർ ലോകത്ത് വന്നിട്ടുണ്ടോ, അവർ സത്യവാന്മാർ ആയിരുന്നുവെന്നതിന് നമ്മുടെ പക്കൽ ഒരു തെളിവും ഉണ്ടാകുമായിരുന്നില്ല; അവരെല്ലാം സമീപസ്ഥരും ബഹുമാന്യരും അല്ലാഹുവിന് പ്രിയപ്പെട്ടവരുമായിരുന്നെങ്കിൽത്തന്നെയും അക്കൂട്ടരും ലോകത്ത് സത്യവാന്മാരായി മനസ്സിലാക്കപ്പെടുന്നത് ഇതേ നബിയുടെ ഔദാര്യമാണ്. അല്ലാഹുമ്മ സ്വല്ലി വ സല്ലിം വ ബാരിക് അലയ്ഹി വ ആലിഹീ വ അസ്ഹാബിഹീ അജ്മഈൻ വ ആഖിറു ദഅ്വാനാ അനിൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ. (ഇത്മാമുൽഹുജ്ജ, റൂഹാനീ ഖസായിൻ, വാല്യം 8, പേജ് 308)

നമസ്കാരങ്ങൾക്കുശേഷം അമേരിക്കയിലെ സിസ്റ്റർ സൽമ ഗനീ സാഹിബയുടെ ജനാസ ഗായിബും നമസ്കരിപ്പിക്കുന്നതാണ്. അവർ ഫിലാഡൽഫിയായിലാണ് താമസിച്ചിരുന്നത്. നവംബർ 20–ാം തിയ്യതി 83–ാം വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അമേരിക്കയിലെ അമീർ സാഹിബ് എഴുതുന്നു: 1960–61–ൽ 26–ാം വയസ്സിൽ അവർ ബയ്അത്ത് ചെയ്തു ജമാഅത്തിൽ ചേർന്നു. അധ്യാപികയായിരുന്നു. 1975–76–ൽ റബ്വ ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് കിട്ടി. വളരെ സന്തോഷത്തോടുകൂടി അവിടത്തെ സംഭവങ്ങളും ഹദ്റത്ത ഖലീഫത്തുൽ മസീഹ് ഥാലിഥ് റഹ്മഹുല്ലായുമായുള്ള കൂടിക്കാഴ്ചയും പറയാറുണ്ടായിരുന്നു. ഏകദേശം 15 വർഷം അമേരിക്കയിലെ ലജ്ന സ്വദ്റായി സേവനം ചെയ്യാൻ സൗഭാഗ്യം കിട്ടി. അവർ അത്യധ്വാനത്തോടുകൂടി പ്രവർത്തിച്ചു. അമേരിക്കയിലെ ലജ്ന ഇമായില്ലായെ ഒരു പുതിയ ലെവൽവരെ കൊണ്ടെത്തിച്ചു. അവർക്ക് പല പ്രാവശ്യവും ഫിലാഡൽഫിയായിലെ സ്വദ്ർ ലജ്ന എന്ന നിലയിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. പരേത അഞ്ചുനേര നമസ്കാരത്തിനു പുറമെ തഹജ്ജുദ് നമസ്കാരവും നിർവഹിച്ചിരുന്നു. ജമാഅത്തിന്റെ പുരോഗതിക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നു. ഫിലാഡൽഫിയായിലെ മസ്ജിദ് പൂർത്തീകരിച്ചു കാണണമെന്ന ആഗ്രഹം അവർക്കുണ്ടായിരുന്നു. അതിനുവേണ്ടി അവർ ദുആയും ചെയ്യാറുണ്ടായിരുന്നു. ഇൻശാ അല്ലാഹ്. വേഗം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.' അമീർ സാഹിബ് എഴുതുന്നു: തദ്ദേശ സ്വദ്ർ സാഹിബ് പറയുന്നത് ജമാഅത്തിന്റെ സ്വദ്ർ എന്ന നിലയിൽ തന്നോട് അനുസരണ പരമായ ബന്ധവും സഹകരണവുമുണ്ടായിരുന്നു എന്നാണ്. എല്ലാ ആക്ടിവിറ്റീസിലും ഷെയർ ചെയ്യാറുണ്ടായിരുന്നു.' സ്വദ്ർ സാഹിബ് വീണ്ടും പറയുന്നു: രണ്ടുമാസം മുമ്പേയാണ് അവർക്ക് വയറ്റിൽ കാൻസറാണെന്ന് അറിയുന്നത്. മരിക്കുന്നതിന് ഒരാഴ്ച മുമ്പേ ഞാൻ അവരെ കാണാൻ പോയിരുന്നു. അപ്പോൾ പറഞ്ഞു, 'എന്റെ വസ്വിയ്യത്ത് കേൾക്കുക. ഡോക്ടർ 4,6 മാസമാണ് പറയുന്നത്. പക്ഷേ, കുറച്ചു ദിവസത്തെ കാര്യമേയുള്ളൂ. ജനാസ താങ്കൾ നമസ്കരിപ്പിക്കണം. മൂന്നു ദിവസത്തെക്കാളധികം പ്രതീക്ഷിക്കരുത്. Willingboroughയിലെ മസ്ജിദിൽ ജനാസ ഉണ്ടാകും. ഖബ്റിന്റെ എല്ലാ കാര്യങ്ങളും ഫിലാഡൽഫിയായിൽ ചെയ്തുകഴിഞ്ഞിട്ടുണ്ട്.' പരേതയ്ക്ക് മക്കളുണ്ടായിരുന്നില്ല. അവരുടെ കുടുംബത്തിൽ അഹ്മദിയോ, മുസ്‌ലിമോ ഉണ്ടായിരുന്നില്ല. പക്ഷേ, മറ്റു സഹോദരി സഹോദരന്മാരോടു അവർ നല്ലരീതിയിൽ പെരുമാറിയിരുന്നു. അമേരിക്കയിലെ സ്വദ്ർ ലജ്ന എഴുതുന്നു: 'ക്രൈസ്തവ ചുറ്റുപാടിലാണ് അവർ വളർന്നത്. പക്ഷേ, 15 വയസ്സുപ്രായമുള്ളപ്പോൾ അവരുടെ മനസ്സിൽ ഹദ്റത്ത് ഈസാ(അ)ന്റെ കുരിശിലുള്ള മരണത്തേയും ക്രൈസ്തവമതത്തിന്റെ തെറ്റായ പാപപരിഹാര വിശ്വാസത്തേയും സംബന്ധിച്ച് ചോദ്യം ഉയരാൻ തുടങ്ങി. മനസ്സമാധാനം കിട്ടുന്ന മതത്തിനുവേണ്ടിയുള്ള അന്വേഷണമായിരുന്നു. ഇതിന്നിടയിൽ അവർ 'കത്തോലിക്കിസം' അഗാധമായി പഠിച്ചു. മറ്റു മതങ്ങളായ ബുദ്ധമതം, ഹിന്ദുമതം, വിവിധ ക്രിസ്ത്യൻ കക്ഷികളെ കുറിച്ചും അറിവുനേടി. എല്ലാ മതത്തിലും നല്ല അധ്യാപനങ്ങൾ കണ്ടു. പക്ഷേ, അവയിൽ ഒരു മതവും അവരുടെ ഉദ്ദേശ്യങ്ങളെ പൂർത്തീകരിക്കുന്നതായിരുന്നില്ല. അതിന്നിടയിലാണ് അവരുടെ സുഹൃത്ത്, അവർ കുറച്ചു ദിവസം മുമ്പേ ഇസ്‌ലാം സ്വീകരിച്ചതേ ഉണ്ടായിരുന്നുള്ളൂ, അവർക്ക് ഒരു ലഘുലേഖ കൊടുത്തു. അതിൽ ഹദ്റത്ത് ഈസാ(അ) കുരിശിൽ മരിച്ചിട്ടില്ലെന്ന് എഴുതിയിരുന്നു. ലഘുലേഖ കണ്ടയുടനെ അവരുടെ കണ്ണുകൾ നിറഞ്ഞു. താൻ വീണ്ടും ഒരിക്കൽകൂടി ജീവിച്ചിരിക്കുന്നുവെന്ന് അവർ പറഞ്ഞു. എന്റെ ശരീരത്തിന്റെ ഒരുഭാഗം കുറേ വർഷങ്ങളായി ചത്തിരിക്കുകയായിരുന്നുവെന്ന് എനിക്ക് തോന്നിയിരുന്നു. അവരുടെ മനസ്സിലുണ്ടായ എല്ലാ ചോദ്യങ്ങൾക്കും ആ ലഘുലേഖയിൽ മറുപടി ഉണ്ടായിരുന്നു. അതിനുശേഷം അവർ മസ്ജിദിൽ പോയി. അവിടെനിന്ന് വിവിധ തരത്തിലുള്ള പുസ്തകങ്ങൾ വാങ്ങി. അതു വായിക്കുകയും ചെയ്തു. അവസാനം അവർ അമേരിക്കയിലെ നഗരമായ ഫിലാഡൽഫിയായിൽ ബയ്അത്തു ചെയ്യാനുള്ള ഭാഗ്യം കരസ്ഥമാക്കി. അവർ തന്റെ ജീവിതത്തിന്റെ അവസാനശ്വാസംവരെ ഇവിടെ താമസിച്ചു. ഒരിക്കൽ പറഞ്ഞു: ഹദ്റത്ത് ഈസാ(അ) മരിച്ചുപോയി എന്നെഴുതിയിരുന്ന അതേ ലഘുലേഖയാണ് എന്റെ ഇസ്‌ലാം സ്വീകരണത്തിന് കാരണമായത്; അത് സത്യവും യഥാർഥവുമായ മതമാണ്. അഹ്മദി എന്ന നിലയിൽ 57 വർഷം ജീവിച്ചു. അതിൽ അവർ ജമാഅത്തിനോടും അഹ്മദിയ്യാ ഖിലാഫത്തിനോടും ആത്മാർഥതയുടേയും കൂറിന്റേയും പ്രീതിയുടേയും സ്നേഹത്തിന്റേയും ഉന്നത മാതൃക സ്ഥാപിച്ചു. അനുസരണത്തിൽ മറ്റുള്ളവർക്ക് ഒരു മാതൃകയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കാലഘട്ടത്തിൽ 15 വർഷംവരെ സ്വദ്ർ ലജ്ന അമേരിക്ക എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. അതിനുശേഷം ലജ്നയിലെ പ്രത്യേക ക്ഷണിതാവ് എന്ന നിലയിൽ സേവനം ചെയ്തു. ലജ്നയുടെ ആഫ്രിക്കൻ അമേരിക്കൻ ഡസ്കിന്റെ മുശാവറത്തി കമ്മിറ്റിയുടെ സ്വദ്ർ എന്ന നിലയിലും സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. അവരുടെ ഹൃദയം എപ്പോഴും തബ്‌ലീഗുപരമായ കാര്യത്തിലേക്കു ചാഞ്ഞുകൊണ്ടിരുന്നു. അവരുടെ ബന്ധം ക്രൈസ്തവ കുടുംബവുമായിട്ടായതിനാൽ പണ്ഡിതോചിതമായ നിലയിൽ ആകർഷണീയമായി തബ്‌ലീഗ് ചെയ്യാറുണ്ടായിരുന്നു. അവരുടെ ശ്രമഫലമായി ധാരാളമാളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ചു. ഇങ്ങനെ ധാരാളമാളുകൾക്ക് പരിഷ്കരണത്തിന് മാർഗമായി. എപ്പോഴും സാഹോദര്യത്തോടും പ്രീതിയോടും സ്നേഹത്തോടും കൂടി പെരുമാറണമെന്ന് ഉപദേശിക്കാറുണ്ടായിരുന്നു. ഘാനയിലേയും നൈജീരിയായിലേയും വിവിധ യാത്രകൾക്കുശേഷം അവർ എല്ലായിടത്തും 'ആന്റി സൽമാഗനി' എന്ന പേരിൽ തിരിച്ചറിയപ്പെട്ടിരുന്നു. അമേരിക്കൻ ജമാഅത്തിൽ അവർ എന്നെന്നും അങ്ങേയറ്റം സുപരിചിതയും മതാനുഷ്ഠയും എല്ലാവരേയും സ്നേഹിക്കുന്ന സ്ത്രീയുമെന്ന നിലയിൽ സ്മരിക്കപ്പെടും.

അല്ലാഹു പരേതയുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവർ മുഖേന അഹ്മദിയായിട്ടുള്ളവരുടെ ചുവടുകൾ ഉറപ്പിച്ചുനിറുത്തുമാറാകട്ടെ. അമേരിക്കൻ ജമാഅത്തിനും, അമേരിക്കക്കാർക്കും ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം കേൾക്കാനും മനസ്സിലാക്കാനും സ്വീകരിക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**കലാമുൽ ഇമാം:-**

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 96).**

**ത്വാലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

**കലാമുൽ ഇമാം:-**

**"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

# ഖുത്ബ ജുമുഅ

**ഭൗതികവസ്തുക്കളോടുള്ള സ്നേഹം അല്ലാഹുവിനെ മറപ്പിച്ചുകളയുംവിധം ആകാൻ പാടില്ലെന്ന കാര്യം ഒരു സത്യവിശ്വാസി എപ്പോഴും മുമ്പിൽ വെക്കേണ്ടതാണ്.**

**അല്ലാഹു ദീനിൽനിന്ന് അകന്നവരുടേയും ലൗകികരുടേയും അവസ്ഥകൾ പറഞ്ഞതുപോലെ ഇന്ന് മുസ്‌ലിംകളായിത്തീർന്നിരിക്കുന്നതു കൊണ്ടാണ് മുസ്‌ലിം രാജ്യങ്ങളിൽ കലാപത്തിന്റെ അവസ്ഥ ഉണ്ടായിട്ടുള്ളത്. നേതാക്കന്മാർ സ്വത്തും മുതലും സമ്പാദിക്കുന്നതിനുവേണ്ടി, പൊതുജനങ്ങൾക്കു സേവനം ചെയ്യുന്നുവെന്ന മുദ്രാവാക്യം വിളിച്ച് അധികാരത്തിൽ വരുന്നു. പിന്നീട് സങ്കല്പിക്കാൻപോലും പറ്റാത്തവിധം ഇരുകൈകളുംകൊണ്ട് കൊള്ളയടിക്കുന്നു. സാധാരണക്കാർ ദീനിൽ അഭിവൃദ്ധിപ്പെടണമെന്ന ചിന്ത ഉലമാഇന് കുറവാണ്. ദീനിന്റെ പേരിൽ പൊതുജനങ്ങളെ തങ്ങളുടെ പിന്നാലെ നടത്തണമെന്നും എങ്ങനെയെങ്കിലും അധികാരത്തിൽ വരണമെന്നും അല്ലെങ്കിൽ സർക്കാരിൽനിന്ന് നേട്ടമുണ്ടാക്കണമെന്നും സമ്പത്ത് സ്വരുക്കൂട്ടണമെന്നും സ്വത്തുക്കളുണ്ടാക്കണമെന്നതിനുമുള്ള ശ്രമമാണ് യഥാർഥത്തിലുള്ളത്. അതിന് ഇവർ അല്ലാഹുവിന്റെ പേര് പറയുന്നു. പക്ഷേ, അല്ലാഹുവിനെ ഭയക്കുന്ന ഒരു പ്രകടനവും അവരുടെ കർമങ്ങളിൽ നിന്നുണ്ടാകുന്നില്ല. പാക്കിസ്താനിൽ നമ്മൾ പൊതുവെ കാണുന്നത് ഇതാണ്.**

**അല്ലാഹു ഇക്കൂട്ടർക്കും ഈ ഭരണാധികാരികൾക്കും ഈ രാജാക്കന്മാർക്കും ഈ സ്വാർഥമതികൾക്കും ഈ സമ്പത്തുകൾ സ്വരൂപിച്ചു വെക്കുന്നതിനുപകരം സമ്പത്ത് ശരിയായ നിലയിൽ ഉപയോഗിക്കുന്നവരാകുന്നതിന് ബുദ്ധി നല്കുമാറാകട്ടെ! ഇതു മുഖേന ഇവർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാകുന്നതോടൊപ്പം ഭൗതികാടിസ്ഥാനത്തിലും അവർക്ക് ഒരു ശക്തിയുണ്ടാകുന്നതായിരിക്കും.**

**അതിനാൽ ഒരു മുഅ്മിന്റെ ജോലി ഭൗതികമായ വസ്തുക്കളിൽ അഭിമാനംകൊള്ളുന്നതിനും അത് കരസ്ഥമാക്കുന്നതിനും വേണ്ടണ്ടി തന്റെ സർവശ്രമങ്ങളും ചെലവഴിക്കുന്നതിനു പകരം അല്ലാഹുവിൽനിന്നുള്ള പാപപൊറുതിയും സംതൃപ്തിയും അന്വേഷിക്കേണ്ടതാണ്. 'വട്ടചൊറി' രോഗിയെപോലെ തന്റെ ജീവിതവും പരലോകവും നശിപ്പിക്കാതിരിക്കേണ്ടതാണ്.**

**മുസ്‌ലിംരാഷ്ട്രങ്ങളിലെ നേതാക്കന്മാർ ഭൗതികാഗ്രഹങ്ങളുടെ പിന്നാലെ കൂടിയിരിക്കുകയാണ്. അവർ കർമപരമായി അല്ലാഹുവിനു പകരം വൻശക്തികളെ അവരുടെ ദൈവമാക്കിയിരിക്കുകയാണ്. അവരോടുള്ള സുഹൃത്ത്ബന്ധമാണ് തങ്ങളുടെ നിലനില്പിന്റേയും അഭിവൃദ്ധിയുടേയും ജാമ്യമായിത്തീരുന്നതെന്ന് അവർ മനസ്സിലാക്കുന്നു. അല്ലാഹുവിൽനിന്ന് അധഃപതനമുണ്ടാകുമ്പോൾ പിന്നീട് ഭൗതിക സുഹൃത്ത്ബന്ധങ്ങളും ഉടമ്പടികളും ഒരു പ്രയോജനവും ചെയ്യുകയില്ല. ഇപ്പോൾ ഈ വൻരാഷ്ട്രങ്ങളുടെമേൽ പ്രത്യേകിച്ചും അമേരിക്കയുടെ മേൽ ഈ പ്രവർത്തനം തുടങ്ങിയിരിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്. ഇതിന്റെ ഫലമുണ്ടാകുന്നത് എപ്പോഴാണെന്ന് അല്ലാഹുവാണ് നന്നായി അറിയുന്നവൻ. പക്ഷേ, മുസ്‌ലീംകളെ തമ്മിൽതല്ലിക്കാനുള്ള ഈ ശ്രമം ഈ പരിതഃസ്ഥിതികളിൽ ഇനി കൂടുതൽ വേഗത്തിലാകും. അതുകൊണ്ട് മുസ്‌ലിം ലോകം ഐക്യപ്പെടുന്നതിനുവേണ്ടി നമ്മൾ ദുആ ചെയ്യേണ്ടതാണ്. അല്ലാഹു മുസ്‌ലീംകൾക്ക് ബുദ്ധിനല്കുമാറാകട്ടെ.**

**മുസ്‌ലീംകൾ അല്ലാഹു അയച്ച മസീഹ് മൗഊദിനേയും മഹ്ദിയെ മഅ്ഹൂദിനേയും തിരിച്ചറിയുന്നതിനും ആ മഹാത്മാവുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് ഇവർ തമ്മിൽത്തമ്മിലും ലോകത്തും സമാധാനം സ്ഥാപിക്കുന്നവർ ആയിത്തീരാനും വേണ്ടിയാണ് ഏറ്റവുമധികം നമ്മൾ ദുആ ചെയ്യേണ്ടത്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2017 ഡിസംബർ 8/1396 ഫത്ഹ് 8**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -
زُيِّنَ لِلنَّاسِ حُبُّ الشَّهَوٰتِ مِنَ النِّسَآءِ وَالْبَنِيْنَ وَالْقَنَاطِيْرِ الْمُقَنْطَرَةِ مِنَ الذَّهَبِ
وَالْفِضَّةِ وَالْخَيْلِ الْمُسَوَّمَةِ وَالْاَنْعَامِ وَالْحَرْثِ ؕ ذٰلِكَ مَتَاعُ الْحَيٰوةِ الدُّنْيَا ۚ وَاللّٰهُ عِنْدَهٗ
حُسْنُ الْمَاٰبِ (آل عمران:15)

*"സുയ്യിന ലിന്നാസി ഹുബ്ബുശ്ശഹവാത്തി മിനന്നിസാഇ വൽബനീന വൽഖനാതിരിൽ മുഖൻതറത്തി മിനദ്ദഹബി വൽഫിള്ളത്തി വൽഖയ്‌ലിൽ മുസവ്വമത്തി വൽഅൻആമി വൽ ഹർഥി–ദാലിക്ക മത്താഉൽ ഹയാത്തിൻദ്ദുൻയാ–വല്ലാഹു ഇൻദഹു ഹുസ്നുൽമആബ്."(3:15)*

ഇതിന്റെ തർജമ ഇപ്രകാരമാണ്: "മനുഷ്യർക്ക് സ്ത്രീകൾ, സന്താനങ്ങൾ, സ്വർണത്തിന്റേയും വെള്ളിയുടേയും സൂക്ഷിച്ചുവയ്ക്കപ്പെട്ട കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കന്നുകാലികൾ, കൃഷിഭൂമികൾ എന്നീ ഇഷ്ടവസ്തുക്കളോടുള്ള സ്നേഹം ആകർഷകമാക്കപ്പെട്ടിരിക്കുന്നു. ഇവയെല്ലാം ഐഹികജീവിതത്തിന്റെ സുഖോപകരണങ്ങൾ മാത്രമാണ്. അല്ലാഹുവിന്റെ അടുക്കലാണ് ഏറ്റവും നല്ല സങ്കേതം സ്ഥിതിചെയ്യുന്നത്."

അല്ലാഹുവിനെ മറന്നുപോകുകയും ഭൗതികമായ കാര്യങ്ങൾ കരസ്ഥമാക്കുന്നതാണ് ലക്ഷ്യമെന്ന് വിചാരിക്കുകയും ചെയ്യുന്നവരുടെ ചിത്രമാണ് അല്ലാഹു ഇവിടെ വരച്ചുകാണിച്ചിട്ടുള്ളത്. മനുഷ്യൻ അല്ലാഹുവിനെ വിസ്മരിക്കുമ്പോൾ ശയ്ത്താൻ അവന്റെമേൽ ആധിപത്യം നേടുന്നു. ഈ വസ്തുക്കളെല്ലാം അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽപെട്ടതാണ്. അവയിൽനിന്നാണ് ഫലവുമെടുക്കേണ്ടത്. ലോകവ്യവഹാരങ്ങളിൽനിന്ന് വേർപെട്ടു നില്ക്കുന്നത് തെറ്റാണെന്ന് ഹദ്റത്ത് മസീഹ് മൗഊദും(അ) നമ്മളോടു വളരെ വ്യക്തമായും പറഞ്ഞിട്ടുണ്ട്. വിവാഹം കഴിക്കേണ്ടതും നിർബന്ധമാണ്; ഇത് സുന്നത്താണ്. ഇപ്രകാരംതന്നെ മറ്റുജോലികളും ചെയ്യേണ്ടതാണ്. സ്വഹാബാക്കളും ജോലി ചെയ്യാറുണ്ടായിരുന്നു. ചില സ്വഹാബാക്കൾക്ക് കോടിക്കണക്കിന് സ്വത്തുക്കളുണ്ടായിട്ടും അവർ ഭൗതികതയിൽ മുഴുകുന്നവരോ അതിനുമേൽ മറിഞ്ഞു വീണവരോ ആയിരുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പൂർണമായും ലോകത്തെ ത്യജിക്കുക എന്നതല്ല അല്ലാഹുവിന്റെ ഉദ്ദേശ്യമെന്ന് നിങ്ങൾ ഓർക്കുക. അവന്റെ ഉദ്ദേശ്യം ഖദ്അഫ്‌ലഹ മൻസക്കാഹാ എന്നതാണ്. (അതായത് ആത്മാവിനെ ശുദ്ധീകരിച്ചവൻ തന്റെ ഉദ്ദേശ്യം നേടിയിരിക്കുന്നു–91:10)

അവിടന്ന് പറയുന്നു: "കച്ചവടം ചെയ്യുക, കൃഷി ചെയ്യുക, ഉദ്യോഗം വഹിക്കുക, ജോലി ചെയ്യുക തുടങ്ങി എന്താണോ ആഗ്രഹിക്കുന്നത് ചെയ്തുകൊള്ളുക. എന്നാൽ, ആത്മാവിനെ അല്ലാഹുവിനോടുള്ള ധിക്കാരത്തിൽനിന്ന് തടഞ്ഞുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിൽനിന്ന് ഇക്കാര്യങ്ങൾ നിങ്ങളെ അശ്രദ്ധരാക്കാത്തവിധം ആത്മാവിന്റെ ശുദ്ധീകരണം നടത്തുക."(മൽഫൂദാത്ത് വാല്യം 10 പേജ് 260–26, 1985 ലണ്ടൻ പതിപ്പ്)

ഒരിടത്ത് അവിടന്ന് പറഞ്ഞു: "ശാരീരിക ആവശ്യങ്ങൾ നിർവഹിക്കുക എന്നത് അനുവദനീയമാണ്. എന്നാൽ, അതിന്റെ അതിരു കടന്നുള്ള പ്രവർത്തനം അനുവദനീയമല്ല."(മൽഫൂദാത്ത് വാല്യം 5 പേജ് 248, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ഭൗതികവസ്തുക്കളോടുള്ള സ്നേഹം അല്ലാഹുവിനെ മറപ്പിച്ചുകളയുംവിധം ആകാൻ പാടില്ലെന്ന കാര്യം ഒരു സത്യവിശ്വാസി എപ്പോഴും മുമ്പിൽ വെക്കേണ്ടതാണ്. *സുയ്യിന ലിന്നാസി ഹുബ്ബുശ്ശഹവാത്തി* എന്ന് അല്ലാഹു പറഞ്ഞതുപോലെ! ജനങ്ങൾക്ക് ഇഷ്ടവസ്തുക്കളോടുള്ള സ്നേഹം മനോഹരമാക്കി കാണിക്കപ്പെട്ടിരിക്കുന്നു. പിന്നീട് ഏതേതെല്ലാം വസ്തുക്കളാണെന്നുള്ള വിശദീകരണവും നല്കി. ഈ വസ്തുക്കൾ അത്തരക്കാർ കേവലം

ദിവസം കഴിച്ചുകൂട്ടുന്നതിനുവേണ്ടി ഉപയോഗിക്കാറില്ല. ദുൻയാവിനോടുള്ള സ്നേഹത്തിൽ മുങ്ങിത്താണു കിടക്കുകയും ആ വസ്തുക്കൾ മാത്രം കരസ്ഥമാക്കണമെന്ന ചിന്തയിലിരിക്കുകയും ചെയ്യുന്ന മനുഷ്യരെക്കുറിച്ചുള്ള കാര്യമാണ് ഇവിടെ പറയുന്നത്.

'ശഹ്‌വത്ത്' എന്ന പദത്തിന്റെ അർഥം കാമാസക്തി, തീവ്രമായ അഭിലാഷം, തീക്ഷ്ണമായ അഭിരുചി, അതിയായ താൽപര്യം, അഭിലാഷം, ഇച്ഛ, കാമം, പ്രേമം, ആശ, ആഗ്രഹം എന്നൊക്കെയാണ്. ഈ വസ്തുക്കളോടുള്ള സ്നേഹം മനുഷ്യന്റെ മനസ്സിൽ ഉണ്ടാക്കപ്പെട്ടിരുക്കുന്നുവെന്ന് അല്ലാഹു പറയുമ്പോൾ ഈ സ്നേഹം അല്ലാഹുവിൽനിന്നുള്ളതല്ല. അവന്റെ അനുഗ്രഹങ്ങളിൽനിന്ന് പ്രയോജനമെടുക്കുന്ന കാര്യവുമല്ല. മറിച്ച് ഇത് ശയ്ത്വാനിൽനിന്നാണ്. ഇത് സാധാരണയുള്ള ആഗ്രഹമോ താൽപര്യമോ അല്ല. അല്ലെങ്കിൽ സൗന്ദര്യമല്ല. മറിച്ച് ഈ സൗന്ദര്യത്തിന്റെ ആഗ്രഹവും മോഹവും എത്രമാത്രമാണെനന്നാൽ, മനുഷ്യൻ അതു കരസ്ഥമാക്കുന്നതിനുവേണ്ടി എപ്പോഴും അസ്വസ്ഥനും ഗതിമുട്ടിയവനുമായിരിക്കുന്നു. ഒരു അസാധാരണമായ സ്നേഹം ആ ഭൗതികവസ്തുക്കളോടുണ്ടാകുന്നു. ഈ പരിധിവരെ മനുഷ്യൻ ആ വസ്തുക്കളിൽ മുങ്ങുമ്പോൾ അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ആയിരിക്കുകയില്ല. മറിച്ച് അത് സാത്താനിക ആഗ്രഹങ്ങളായിരിക്കും. പിന്നീട് അത് കരസ്ഥമാക്കുന്നതിന് അനുവദനീയമല്ലാത്ത ഏതു ആയുധം സ്വീകരിക്കേണ്ടിവന്നാലും സ്വീകരിക്കുന്നതായിരിക്കും. ലൗകികരിൽ നമ്മൾ സാധാരണ കാണുന്നതാണിത്. സമ്പത്തിനുവേണ്ടി, ഭൗതികസ്ഥാനത്തിനുവേണ്ടി, സ്ത്രീകളുമായുള്ള അവിഹിത ബന്ധത്തിനുവേണ്ടി ഇക്കൂട്ടർ എല്ലാ പരിധികളും ലംഘിക്കുന്നു. അല്ലെങ്കിൽ സ്വത്തുകരസ്ഥമാക്കുന്നതിനുവേണ്ടി വിവാഹങ്ങളും കഴിക്കുന്നു. ഭാര്യ സമ്പത്ത് കൊണ്ടുവരണമെന്ന ആഗ്രഹമായിരിക്കുമുണ്ടാകുന്നത്. ഇപ്രകാരംതന്നെ മറ്റു ജോലികളിലും ഭൗതികം മാത്രമായിരിക്കും ഉണ്ടാകുക. അല്ലാഹു മുസ്‌ലിംകൾക്ക് ഇത്ര മനോഹരവും പരിശുദ്ധവുമായ അധ്യാപനം നല്കുകയും അതിൽനിന്ന് രക്ഷപ്പെടാൻ അതായത് അതുമാത്രം നിങ്ങളുടെ ജീവിതലക്ഷ്യമായിത്തീരുംവിധം അതിർലംഘിച്ചുപോകരുതെന്ന് ജാഗ്രതപ്പെടുത്തുകയും ചെയ്തിരിക്കുന്നു. കാരണം ഇത് ഐഹികലോകത്തെ താൽക്കാലിക വസ്തുക്കളാണ്. അല്ലാഹുവിലേക്ക് മടങ്ങേണ്ടവരും അവന്റെ സന്നിധിയിൽ ഹാജരാവേണ്ടവരും ആണെന്നുള്ള ചിന്ത നിങ്ങൾക്കുണ്ടാവേണ്ടതാണ്. എന്നിട്ടും ഭൂരിപക്ഷം മുസ്‌ലിംകളും ഭൗതികവസ്തുക്കളുടെ പിന്നാലെ കൂടിയിരിക്കുന്നതാണ് കാണുന്നത്. തങ്ങളുടെ ജീവിതോദ്ദേശ്യം മറന്നുപോയിരിക്കുന്നു. ഉലമായും, ജനങ്ങളുടെ നേതാക്കളും എല്ലാ ഓരോരുത്തരും ഭൗതികമായ ഇഷ്ടവസ്തുക്കൾ കരസ്ഥമാക്കാനുള്ള അവസരം കിട്ടുമ്പോൾ അത് കൈയടക്കാനുള്ള ശ്രമത്തിലാണുള്ളത്. ഇത്തരം ആഗ്രഹങ്ങൾ ജനങ്ങളുടെ നേതാക്കളിൽ ഉണ്ടാകുമ്പോൾ രാജ്യങ്ങൾക്കും ജനങ്ങൾക്കും നഷ്ടമുണ്ടാകാനും തുടങ്ങുന്നു. അല്ലാഹു ദീനിൽനിന്ന് അകന്നവരുടേയും ലൗകികരുടേയും അവസ്ഥകൾ പറഞ്ഞതുപോലെ ഇന്ന് മുസ്‌ലിംകളായിത്തീർന്നിരിക്കുന്നതുകൊണ്ടാണ് മുസ്‌ലിം രാജ്യങ്ങളിൽ കലാപത്തിന്റെ അവസ്ഥ ഉണ്ടായിട്ടുള്ളത്. നേതാക്കന്മാർ സ്വത്തും മുതലും സമ്പാദിക്കുന്നതിനുവേണ്ടി, പൊതുജനങ്ങൾക്കു സേവനം ചെയ്യുന്നുവെന്ന മുദ്രാവാക്യം വിളിച്ച് അധികാരത്തിൽ വരുന്നു. പിന്നീട് സങ്കല്പിക്കാൻപോലും പറ്റാത്തവിധം ഇരുകൈകളുംകൊണ്ട് കൊള്ളയടിക്കുന്നു. സാധാരണക്കാർ ദീനിൽ അഭിവൃദ്ധിപ്പെടണമെന്ന ചിന്ത ഉലമാഇന് കുറവാണ്. ദീനിന്റെ പേരിൽ പൊതുജനങ്ങളെ തങ്ങളുടെ പിന്നാലെ നടത്തണമെന്നും എങ്ങനെയെങ്കിലും അധികാരത്തിൽ വരണമെന്നും അല്ലെങ്കിൽ സർക്കാരിൽനിന്ന് നേട്ടമുണ്ടാക്കണമെന്നും സമ്പത്ത് സ്വരുക്കൂട്ടണമെന്നും സ്വത്തുക്കളുണ്ടാക്കണമെന്നതിനുമുള്ള ശ്രമമാണ് യഥാർഥത്തിലുള്ളത്. അതിന് ഇവർ അല്ലാഹുവിന്റെ പേര് പറയുന്നു. പക്ഷേ, അല്ലാഹുവിനെ ഭയക്കുന്ന ഒരു പ്രകടനവും അവരുടെ കർമങ്ങളിൽനിന്നുണ്ടാകുന്നില്ല. പാക്കിസ്താനിൽ നമ്മൾ പൊതുവെ കാണുന്നത് ഇതാണ്; മുസ്‌ലിം നേതാക്കന്മാർ, സാധാരണ മുസ്‌ലിംകളെ കാരറ്റും മുള്ളങ്കിയും അരിയുന്നതുപോലെ അറുകൊല ചെയ്തുകൊണ്ടിരിക്കുന്നു. മനുഷ്യജീവന് ഒരു വിലയുമില്ലാതായിരിക്കുന്നു; എന്നാലും ഭരണം ഉപേക്ഷിക്കുകയില്ല. ധാരാളം രാജ്യങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഭരണതലത്തിൽ തൂങ്ങിപ്പിടിച്ചിരിക്കാനും തങ്ങളുടെ ശക്തിപ്രകടിപ്പിക്കാനും സ്വത്തുക്കൾ വാരിക്കൂട്ടാനുമുള്ള ശ്രമമാണ് നടത്തുന്നത്; ഒരുവിധത്തിലും അവരുടെ വയറുനിറയുന്നില്ല. മുസ്‌ലിം രാഷ്ട്രങ്ങളുടെ കൈയിൽ സമ്പത്തുണ്ട്. പ്രകൃതിപരമായ മാധ്യമമാർഗങ്ങളുണ്ട്. എന്നിട്ടും ഇത്തരം മോശമായ അവസ്ഥയുണ്ടാകാൻ കാരണമെന്താണ്? അവർ ദാരിദ്ര്യത്തിൽനിന്ന് ദാരിദ്ര്യത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. ഒരു നേരത്തെ ഭക്ഷണം വളരെ ഞെരുങ്ങിയാണ് ലഭിക്കുന്നത്. സഊദി അറേബ്യയെ സമ്പന്നരാഷ്ട്രമെന്നാണ് പറയുന്നത്. പക്ഷേ, അവിടേയു ഇപ്പോൾ ദാരിദ്ര്യം വർധിച്ചുകൊണ്ടിരിക്കുന്നു. മുമ്പേയും ദാരിദ്ര്യമുണ്ടായിരുന്നു. ഇപ്പോൾ അത് വർധിച്ചുകൊണ്ടിരിക്കുകയാണ്. എണ്ണ സമ്പത്തുണ്ടായിട്ടും, ദാരിദ്ര്യത്തിന്റെ അങ്ങേയറ്റത്തെ അവസ്ഥ കാണാൻ തുടങ്ങിയിരിക്കുകയാണ്. രാജാക്കന്മാരുടേയും അമീർമാരുടേയും നേതാക്കന്മാരുടേയും അവസ്ഥകളാണ് മെച്ചമായിട്ടുള്ളത്. ഓരോ ദിവസവും മില്യൺ കണക്കിന് ഡോളറുകൾ ചെലവഴിക്കുന്നുണ്ട്. ഇക്കൂട്ടർ അനുവദനീയമല്ലാത്ത മാർഗത്തിലൂടെയാണ് പണം സമ്പാദിക്കുന്നത്, അല്ലെങ്കിൽ ദരിദ്രരുടെ അവകാശം അപഹരിച്ചാണ് സമ്പാദിക്കുന്നത്. അനുവദനീയമല്ലാത്ത മാർഗത്തിൽ ചെലവഴിക്കുകയും ചെയ്യുന്നു. അല്ലാഹു ഇക്കൂട്ടർക്കും ഈ ഭരണാധികാരികൾക്കും ഈ രാജാക്കന്മാർക്കും ഈ സ്വാർഥമതികൾക്കും ഈ സമ്പത്തുകൾ സ്വരൂപിച്ചുവെക്കുന്നതിനുപകരം സമ്പത്ത് ശരിയായ നിലയിൽ ഉപയോഗിക്കുന്നവരാകുന്നതിന് ബുദ്ധി നല്കുമാറാകട്ടെ! ഇതു മുഖേന ഇവർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാകുന്നതോടൊപ്പം ഭൗതികാടിസ്ഥാനത്തിലും അവർക്ക് ഒരു ശക്തിയുണ്ടാകുന്നതായിരിക്കും. അമുസ്‌ലിം ശക്തികൾ അവരെ പിന്നാക്കം തള്ളുന്നതിനും, കണ്ണുരുട്ടികാണിക്കുന്നതിനുംപകരം അവർ പറയുന്ന കാര്യം കേൾക്കാൻ തയ്യാറാകുന്നതാണ്.

അമേരിക്കൻ പ്രസിഡണ്ട് തന്റെ എമ്പസി യരൂശലമിലേക്ക് മാറ്റിക്കൊണ്ടും അതിനെ ഇസ്റായീലിന്റെ തലസ്ഥാനമായി അംഗീകരിച്ചുകൊണ്ടും വിളംബരം ചെയ്തു എന്നു പറഞ്ഞാണ് ഇപ്പോൾ വലിയ കോലാഹലങ്ങൾ നടക്കുന്നത്. കർമപരമായി ഇസ്റായേലിന്റെ സകല ഓഫീസുകളും ആദ്യം മുതലേ പ്രവർത്തിച്ചുവരുന്നത് അവിടെത്തന്നെയാണ്. പക്ഷേ, പുറംലോകം അതംഗീകരിച്ചിരുന്നില്ല. ഇപ്പോൾ ഈ വിളംബരത്തിനുശേഷമാണ് പുറംലോകത്ത് ബഹളം പൊട്ടിപ്പുറപ്പെട്ടിട്ടുള്ളത്. ഭരണകൂടങ്ങൾ എതിർക്കുന്നുമുണ്ട്. പക്ഷേ, ഇതെല്ലാം മുസ്‌ലിംകളുടെ ശക്തിക്ഷയം കാരണത്താലാണുണ്ടാകുന്നത്. മുസ്‌ലിം രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങളും രാജ്യങ്ങളുടെ ആഭ്യന്തരാസ്വസ്ഥതകളുംകൊണ്ട് ഇത്തരം അവസ്ഥകൾ ഉണ്ടാക്കാനും ഇത്തരം വിളംബരം ചെയ്യാനും അന്യർക്ക് അവസരം നല്കിയിരിക്കുകയാണ്. മുസ്‌ലിംകളിൽ പരസ്പരം സമാധാനാവസ്ഥ ഒരിക്കലും ഉണ്ടാകരുതെന്ന് അമേരിക്കൻ പ്രസിഡണ്ട് ആഗ്രഹിക്കുന്നു. അദ്ദേഹം വിചാരിക്കുന്നത് ചെയ്യുന്നു. അമേരിക്കൻ പ്രസിഡണ്ടിന്റെ തീരുമാനം ഒരുവിധത്തിലും സ്വീകരിക്കാൻ പറ്റില്ലെന്ന് ഇപ്പോൾ സഊദി അറേബ്യ പ്രസ്താവിക്കുന്നു. കുറച്ച് ദിവസം മുമ്പേ അദ്ദേഹത്തിന്റെ എല്ലാ കാര്യങ്ങളും തലകുലുക്കി സമ്മതിക്കുകയായിരുന്നു സഊദിഅറേബ്യ. ഇറാൻ എതിരിലുള്ള വിളംബരത്തിൽ അമേരിക്കയെ പൂർണമായും പിന്തുണയ്ക്കുകയായിരുന്നു. തങ്ങൾ ലോകമുസ്‌ലിം രാഷ്ട്രങ്ങളോടുമൊപ്പമാണെന്നും അതുകൊണ്ട് മുസ്‌ലിംകൾക്കെതിരിൽ ഒരു വൻശക്തികളുടെയും ഒരുതരത്തിലുള്ള നടപടിയും തങ്ങൾക്ക് സഹിക്കാൻ പറ്റുകയില്ലെന്നും അന്ന് പറയണമായിരുന്നു. ഇപ്രകാരം യെമനെതിരിലും നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അതിലും വൻശക്തികളിൽനിന്ന് ഇവർ സഹായം പറ്റിക്കൊണ്ടിരിക്കുന്നു. അവിടെ തങ്ങളുടെ ശക്തി പ്രകടിപ്പിക്കുന്നതിനും തങ്ങളുടെ പ്രദേശത്ത് തങ്ങളുടെ രാജാധിപത്യത്തിന്റെ ശക്തിപ്രകടനത്തിനും അമേരിക്കൻ താല്പര്യങ്ങളിൽനിന്ന് ഫലമെടുക്കുന്നതിനുംവേണ്ടി അമേരിക്കൻ താൽപര്യത്തെ തലകുലുക്കി സമ്മതിക്കുകയാണ് ചെയ്തത്. ദുൻയാവിലെ താൽക്കാലിക സൗകര്യത്തിനുവേണ്ടി ദൈവകല്പനകളിൽനിന്ന് അകന്നുപോയി. അല്ലാഹുവിന്റെ കല്പനകളെ ധിക്കരിച്ചതുകൊണ്ടു ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന ഫലം തന്നെയാണ് ഉണ്ടാകേണ്ടിയിരുന്നത്. പിന്നീട് ഇക്കൂട്ടർ തലയിൽ കയറുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഭൗതികസുഖവസ്തുക്കൾ അന്വേഷിച്ചുകൊണ്ടിരിക്കുകയും ഭൗതികാഗ്രഹങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടി ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരെ 'വരട്ടച്ചൊറി'യിൽ സുഖം കണ്ടെത്തുന്ന രോഗിയോടാണ് ഉപമിച്ചിട്ടുള്ളത്. വരട്ടച്ചൊറി ബാധിച്ചിട്ടുള്ള ശരീരത്തെ ചൊറിഞ്ഞുകൊണ്ട്, തനിക്കു നല്ല ആശ്വാസമുണ്ടെന്ന് മനസ്സിലാക്കുകയും അങ്ങനെ അവർ തങ്ങളുടെ ശരീരത്തെ മുറിവുള്ളതാക്കുകയും ചെയ്യുന്നു. ചൊറിയുന്നതുകൊണ്ട് അവന് താൽക്കാലികമായ സുഖം ലഭിക്കുന്നു. അവന്റെ തൊലിയിൽ മുറിവുണ്ടാകുമ്പോഴാണിത്. ചിലർ തങ്ങളുടെ അതിരില്ലാത്ത ചോരയും ഒഴുക്കാറുണ്ട്.'(മൽഫൂദാത്ത് വാല്യം 1 പേജ് 155, 1985 ലണ്ടൻ പതിപ്പ്)

തന്റെ ആവശ്യത്തെക്കാൾ മനുഷ്യൻ ആഗ്രഹിക്കുന്ന ഇക്കാര്യങ്ങൾ അവസാനം അസ്വസ്ഥതകൾക്കുള്ള അവസരമുണ്ടാക്കുന്നു. തങ്ങളുടെ ശക്തിവർധിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഇക്കൂട്ടർ മനസ്സിലാക്കുന്നു. വാസ്തവത്തിൽ ഇവർ തങ്ങളുടെതന്നെ രക്തമാണ് പുറത്തുകളയുന്നത്. അല്ലാഹുവിന്റെ കോപത്തിനു പുറമെയാണ്. ഈ വിഷയം അല്ലാഹു മറ്റൊരിടത്ത് ഇങ്ങനെ വിവരിക്കുന്നു. *ഇഅ്‌ലമൂ അന്നമൽ ഹയാത്തദ്ദുൻയാ ലഇബുൻ വ്വ ലഹ്‌വ്വുൻ വ്വ സീനത്തുൻ വ്വ തഫാഖുറൂൻ ബയ്നക്കും വ തക്കാഥുറുൻ ഫിൽ അംവാലി വൽ ഔലാദി–കമഥലി ഗയ്ഥിൻ അഅ്ജബൽ കുഫ്ഫാറ നബാത്തുഹൂ ഥുമ്മ യഹീജു ഫതറാഹു മുസ്ഫർറൻ ഥുമ്മ യക്കൂനു ഹുത്വാമാ– വഫിൽആഖിറത്തി അദാബുൻ ശദീദ് വ്വ മഗ്ഫി*

*റത്തുൻമ്മിനല്ലാഹി വ രിള്‌വാൻ വമൽ ഹയാത്തുദ്ദുൻയാ ഇല്ലാ മത്താഉൽ ഗുറൂർ (57:21)*

"നിങ്ങൾ അറിഞ്ഞുകൊള്ളുക. ഐഹിക ജീവിതം ഒരു കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം വമ്പുനടിക്കലും ധനത്തിലും സന്തതികളിലും പെരുമ കാണിക്കലും മാത്രമാണ്. ഇതൊരു മഴപോലെയാണ്. അതുമൂലമുണ്ടായ സസ്യലതാദികൾ കർഷകരെ ആനന്ദിപ്പിക്കുന്നു. പിന്നെ അത് ഉണങ്ങിപ്പോകുന്നു. അപ്പോൾ നിനക്കതിനെ മഞ്ഞനിറമുള്ളതായി കാണാം. പിന്നെ അത് ചവറായിത്തീരുന്നു. പരലോകത്ത് നിഷേധികൾക്ക് കഠിനശിക്ഷയും വിശ്വാസികൾക്ക് അല്ലാഹുവിൽനിന്നുള്ള പാപമോചനവും അവന്റെ സംതൃപ്തിയും ലഭിക്കുന്നതാണ്. ഐഹികജീവിതം വഞ്ചനയുടെ വിഭവങ്ങൾ മാത്രമാണ്." (57:21)

അതിനാൽ ഒരു മുഅ്മിന്റെ ജോലി ഭൗതികമായ വസ്തുക്കളിൽ അഭിമാനംകൊള്ളുന്നതിനും അത് കരസ്ഥമാക്കുന്നതിനും വേണ്ടി തന്റെ സർവശ്രമങ്ങളും ചെലവഴിക്കുന്നതിനുപകരം അല്ലാഹുവിൽനിന്നുള്ള പാപപൊറുതിയും സംതൃപ്തിയും അന്വേഷിക്കേണ്ടതാണ്. 'വട്ടചൊറി' രോഗിയെപോലെ തന്റെ ജീവിതവും പരലോകവും നശിപ്പിക്കാതിരിക്കേണ്ടതാണ്.

ഈ ഭൗതികജീവിത സൗകര്യങ്ങളേയും അതിന്റെ അവസ്ഥകളേയും വരച്ചുകാണിച്ചുകൊണ്ട് ഒരു മജ്‌ലിസിൽ ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "എത്രത്തോളം മനുഷ്യൻ സംഘർഷങ്ങളിൽനിന്ന് രക്ഷപ്പെടുന്നുവോ അത്രത്തോളം അവന്റെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നതാണ്."(അതായത് ഭൗതികമായ ആഗ്രഹങ്ങൾ, സംഘർഷം, അതിനുവേണ്ടിയുള്ള ശ്രമങ്ങൾ) പറഞ്ഞു: "സംഘർഷങ്ങൾ ഉള്ളവരുടെ നെഞ്ചിൽ തീയാണുള്ളത്. അവൻ മുസീബത്തിൽ അകപ്പെട്ടിരിക്കുന്നു. ഈ ലോക ജീവിതത്തിന്റെ സൗഖ്യം സംഘർഷത്തിൽനിന്നുള്ള മോചനമാണ്." (ആവശ്യത്തെക്കാൾ അധികം ദുൻയാവിനുവേണ്ടിയുള്ള ശ്രമങ്ങളിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക). അവിടന്ന് പറയുന്നു: "ഒരാൾ കുതിരപ്പുറത്ത് പോകുകയായിരുന്നു. വഴിയിൽ ഒരു ഫഖീർ ഇരിപ്പുണ്ടായിരുന്നു. അയാൾ രഹസ്യസ്ഥാനം മാത്രമേ മറച്ചിരുന്നുള്ളു. യാത്രക്കാരൻ ചോദിച്ചു: സായിജീ! എന്താ വിശേഷം? ഫഖീർ മറുപടി പറഞ്ഞു: "എല്ലാ ആഗ്രഹങ്ങളും ഉപേക്ഷിച്ചപ്പോൾ, എല്ലാം കരസ്ഥമായി." അവിടന്ന് പറയുന്നു: 'പറഞ്ഞതിന്റെ ചുരുക്കം എല്ലാം കരസ്ഥമാക്കാൻ ഇവർ ആഗ്രഹിക്കുമ്പോൾ ബുദ്ധിമുട്ടുകൾ തന്നെയായിരിക്കും ഉണ്ടാകുക. പക്ഷേ, ഉള്ളതിൽ തൃപ്തിപ്പെട്ട് എല്ലാം ഉപേക്ഷിക്കുമ്പോൾ, എല്ലാം ലഭിക്കുന്നതായിരിക്കും." പറയുന്നു: "മോക്ഷവും മുക്തിയും എന്നു പറയുന്നത് ആനന്ദമുണ്ടാകുകയും ദുഃഖമുണ്ടാകാതരിക്കുകയുമാണ്. ഈ ലോകത്തും പരലോകത്തുമുള്ള ദുഃഖകരമായ ജീവിതം നല്ലതായിരിക്കുകയില്ല." അവിടന്ന് പറഞ്ഞു: "ഈ ജീവിതം എന്തായാലും അവസാനിക്കുന്നതായിരിക്കും. ഇത് ഐസ് കഷണം പോലെയാണ്. അതെങ്ങനെയൊക്കെ വസ്ത്രത്തിലും പെട്ടിയിലും പൊതുഞ്ഞുവച്ചാലും ഉരുകിപ്പോകുന്നതായിരിക്കും."(അവിടന്ന് ജീവിതത്തെ ഐസിനോടു ഉപമിച്ചിരിക്കുകയാണ്. അതുപോലെ ജീവിതം കുറഞ്ഞു പോകുന്നു)

പറയുന്നു:ഇപ്രകാരം ജീവിതത്തെ നിലനിറുത്തുന്നതിനുവേണ്ടി എന്തു ഉപായങ്ങൾ ചെയ്യുകയാണെങ്കിലും അതെന്തായാലും അവസാനിച്ചുകൊണ്ടു പോകുമെന്നത് സത്യമായ കാര്യമാണ്. നിത്യവും എന്തെങ്കിലുമൊക്കെ വ്യത്യാസം വന്നുകൊണ്ടിരിക്കും. ലോകത്ത് ഡോക്ടർമാരുമുണ്ട്. വൈദ്യന്മാരുമുണ്ട്. പക്ഷേ, ആരും ആയുസ്സിന്റെ കുറിപ്പടി ഇതുവരെ എഴുതിയിട്ടില്ല. (അനശ്വരമായി മനുഷ്യൻ ജീവനോടിരിക്കുമെന്നോ അല്ലെങ്കിൽ ഇത്ര വയസുവരെ ജീവിച്ചിരിക്കുമെന്നോ ആർക്കും എഴുതാൻ കഴിഞ്ഞിട്ടില്ല).അവിടന്ന് പറയുന്നു: 'മനുഷ്യർ വൃദ്ധരാകുമ്പോൾ അവരെ സന്തോഷിപ്പിക്കാൻ ചിലർ വരാറുണ്ട്. ഇപ്പോൾ നിങ്ങൾക്ക് പ്രായമൊന്നുമായിട്ടില്ലെന്ന് തട്ടിവിടാറുണ്ട്. (ചെറിയ പ്രായമാണ്. 60, 70 വയസല്ലേ ആയിട്ടുള്ളൂ. ഇതൊരു പ്രായമാണോ? ഇത്തരത്തിൽ സംസാരിക്കുന്നു. പക്ഷേ, ഇതെല്ലാം താൽക്കാലികമായ കാര്യം മാത്രമാണ്). അവിടന്ന് പറയുന്നു: മനുഷ്യൻ ആയുസുണ്ടാകണമെന്നാഗ്രഹിച്ച് ശരീരേച്ഛയുടെ വഞ്ചനകളിൽ കുടുങ്ങിക്കിടക്കുന്നു. ലോകത്ത് ആയുസ് നോക്കുന്നു. 60 നുശേഷം ശക്തി ശരിക്കും ക്ഷയിക്കാൻ തുടങ്ങുന്നു. 80, 82 വയസുവരെ ജീവിക്കുന്നവൻ ഭാഗ്യവാനാണ്; ആരോഗ്യവും ഒരു പരിധിവരെ നല്ലതായിരിക്കണമെന്നുമാത്രം. അല്ലെങ്കിൽ മിക്കപ്പോഴും പകുതി ഉറക്കത്തിലായിരിക്കും. അയാളെ പിന്നെ കൂടിയാലോചനകളിൽ ഉൾപ്പെടുത്തുകയില്ല. (അതായത് മറ്റുള്ളവർ അയാളോടു അഭിപ്രായം ചോദിക്കുകയില്ല). ബുദ്ധിയുടേയും മനസ്സിന്റേയും വെളിച്ചവും അല്പംപോലും അവശേഷിക്കുകയുമില്ല. ചിലപ്പോൾ അത്തരം വൃദ്ധരുടെ മേൽ ഭാര്യമാരും അതിക്രമം കാണിക്കാറുണ്ട്. ചില ഘട്ടങ്ങളിൽ ഭക്ഷണംകൊടുക്കാനും മറന്നുപോകുന്നു. (വീട്ടുകാരും ചിലപ്പോൾ ചിലരോടു നല്ല രീതിയിൽ പെരുമാറുകയില്ല). അവിടന്ന് പറയുന്നു: 'മനുഷ്യൻ യുവത്വത്തിൽ ലഹരിയിൽ ഇരിക്കുന്നു. മരിക്കണമെന്നത് ഓർമ ഉണ്ടാകുകയില്ല." (ഇപ്രകാരം അധികാരമുള്ള മനുഷ്യൻ എപ്പോഴും ആ അവസ്ഥയിൽത്തന്നെ ഇരിക്കുമെന്ന് കരുതുന്നു). അവിടന്ന് പറയുന്നു:'ചീത്തയായ മനുഷ്യൻ ചീത്തപ്പണി സ്വീകരിക്കുന്നു. പിന്നീട് അവന് മനസ്സിലായിവരുമ്പോൾ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ചുരുക്കത്തിൽ ഈ യുവത്വത്തിന്റെ പ്രായം സൗജന്യമുതലായി മനസ്സിലാക്കേണ്ടതാണ്." അവിടന്ന് അവിടെ ഇരിക്കുകയായിരുന്ന ഹിന്ദു സുഹൃത്ത് ശരംപത്തിന് മനസ്സിലാക്കിക്കൊടുത്തുകൊണ്ടു പറഞ്ഞു: താങ്കൾ താങ്കളുടെ പ്രായത്തിൽ എത്രമാത്രം തീരുമാനം എടുത്തിട്ടുണ്ടോ അവയിൽ ചിലത് പൂർത്തിയായിട്ടും ഉണ്ടാകുമല്ലോ? എന്നാൽ, ഇപ്പോൾ ചിന്തിച്ചുനോക്കുക, അവയിൽ ചിലത് ഒന്നും ഫലംചെയ്യാതെ പെട്ടെന്ന് ഇല്ലാതാകുന്ന കുമുളകൾപോലെ ആയിരുന്നില്ലേ? കഴിഞ്ഞുപോയ സുഖംകൊണ്ട് ഒരു പ്രയോജനവുമില്ല. അതോർക്കുമ്പോൾ ദുഃഖം വർധിക്കുന്നു." (മനുഷ്യൻ കഴിഞ്ഞകാല സുഖം ആസ്വദിച്ച് കടന്നുപോകുമ്പോൾ ബുദ്ധിമുട്ടുകൾ വന്നു ചേരുന്നു. പറഞ്ഞു, അതിന് ഫലമൊന്നുമുണ്ടാകുകയില്ല. മനുഷ്യൻ അത് ചിന്തിക്കുമ്പോൾ അതുമുഖേന പിന്നീട് ദുഃഖം വർധിക്കുന്നു.) പറഞ്ഞു: 'ഇതിൽനിന്ന് മനുഷ്യൻ സന്ദർഭോചിതം നടക്കുന്നവനായിരിക്കണമെന്ന് ബുദ്ധിമതികൾക്ക് മനസ്സിലാകുന്നു.(ആ സമയനുസരിച്ച് നടക്കുക, തിരിച്ചറിയുക). മനുഷ്യന്റെ കൈയിലിരിക്കുന്ന അവന്റെ ജീവിതമാണ് ബാക്കിയായിട്ടുള്ളത്. കഴിഞ്ഞപോയ സമയം മരിച്ചുപോയി. അത് ഓർത്തിരിക്കുന്നത് നിഷ്ഫലമാണ്. മാതാവിന്റെ മടിത്തട്ടിലിരിക്കുമ്പോൾ എത്രമാത്രം സന്തോഷത്തിലായിരിക്കും. എല്ലാവരും എടുത്തുകൊണ്ട് നടക്കുന്നു. അത് സ്വർഗംപോലുള്ള കാലമാണ്. ആ കാലമെവിടെപ്പോയെന്ന് ഇപ്പോൾ ഓർത്തുനോക്കുക. (അതും പോയി. ദുൻയാവിലെ എല്ലാവസ്തുക്കളും താൽക്കാലികമാണ്. സുഖസൗകര്യങ്ങളും താൽക്കാലികമാണ്. അതുകൊണ്ട് ആർക്കെങ്കിലും സുഖസൗകര്യങ്ങളും അധികാരങ്ങളും ഭരണങ്ങളും ലഭിച്ചാൽ ഇക്കാര്യങ്ങൾ മുന്നിൽ വെക്കേണ്ടതാണ്). അവിടന്ന് പറഞ്ഞു: "ഇക്കാലം പിന്നെ എവിടെന്ന് കിട്ടാനാണ്?" അവിടന്ന് ഒരു സംഭവം വിവരിക്കുന്നു. പറയുന്നു: 'ഒരു രാജാവ് നടന്നുപോകുകയായിരുന്നു. ചെറിയ കുറെ കുട്ടികളെ കണ്ട് കരയാൻ തുടങ്ങി. അതായത് ആ കുട്ടുകെട്ട് വിട്ടതോടെ ദുഃഖം കിട്ടി എന്നോർത്തായിരുന്നു കരഞ്ഞത്. (ചെറിയ കുട്ടികൾ കളിച്ചുകൊണ്ടിരിക്കുന്നു, എല്ലാ ചിന്തകളിൽനിന്നും അവർ സ്വതന്ത്രരാണ്- അപ്പോൾ അദ്ദേഹത്തിന് തന്റെ കുട്ടിക്കാലം ഓർമ വന്നു. അന്ന് എന്തൊരു കാലമായിരുന്നു. ഇന്ന് എന്തൊരു കാലമാണ്. രാജാക്കന്മാർക്കും സുഖസൗകര്യങ്ങളൊക്കെ ഉണ്ടായിട്ടും സമാധാനവും സ്വസ്ഥതയുമില്ല. അവിടന്ന് പറയുന്നു, ബോധംമാത്രം ഉണ്ടാകേണ്ടതാണ്). അവിടന്ന് പറയുന്നു: വാർധക്യകാലം മോശമാണ്. അപ്പോൾ ബന്ധുക്കളും മരിച്ചു കിട്ടിയിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കും. മരിക്കുന്നതിനു മുമ്പേ ശക്തികൾ മരിച്ചുപോകുന്നു." (ചില ബന്ധുക്കളുടെ ഹൃദയം എത്രമാത്രം കഠിനമുള്ളതാകുമെന്നാൽ ആ രോഗിയുടെ അവസ്ഥ കണ്ട് അല്ലെങ്കിൽ വാർധക്യം കണ്ട് ഇയാൾ തങ്ങളിൽ എന്തു ഭാരമാണിട്ടിരിക്കുന്നതെന്ന് പറയാൻ തുടങ്ങുന്നു. അവിടന്ന് ജീവിതത്തെ കുറിച്ച് തന്നെ പറയുന്നു). പല്ലുകൾ കൊഴിഞ്ഞു പോകുന്നു. കാഴ്ച നഷ്ടപ്പെട്ടുപോകുന്നു. എന്താണെങ്കിലും അവസാനം കല്ലിന്റെ പ്രതിമയായിത്തീരുന്നു. രൂപംവരെ മാറിപോകുന്നു. ചിലർ ചില രോഗങ്ങളിൽ അകപ്പെട്ട് അവസാനം ആത്മഹത്യ ചെയ്യുന്നു."(ഇതും നമ്മൾ ഇക്കാലത്ത് കാണുന്നു. ലോകത്ത് ഇങ്ങനെയാണ് നടന്നു വരുന്നത്. മനുഷ്യന് ഒരു നിലയുംവിലയുമില്ല. പക്ഷേ, എങ്കിലും അവന് ശക്തികിട്ടുമ്പോൾ, യുവത്വം കിട്ടുമ്പോൾ സ്വത്ത് സമ്പാദിക്കേണ്ട സമയം വരുമ്പോൾ, കഴിവുണ്ടാകുമ്പോൾ ഭാവിയിൽ തന്നോടു എന്തെന്തെല്ലാമാണ് ഉണ്ടാകാൻപോകുന്നതെന്ന കാര്യം മറന്നു പോകുന്നു.) അവിടന്ന് പറയുന്നു: 'ചില നേരങ്ങളിൽ മനുഷ്യൻ ദുഃഖങ്ങളിൽനിന്ന് ഓടാൻ ആഗ്രഹിക്കുമ്പോൾ പെട്ടെന്ന് അതിൽ അകപ്പെടുന്നതായിരിക്കും. മക്കൾ ശരിയല്ലെങ്കിൽ വീണ്ടും ദുഃഖം സഹിക്കേണ്ടിവരുന്നു. അപ്പോഴാണ് തെറ്റ് ചെയ്തുവെന്നും പ്രായം അങ്ങനെയങ്ങ് കടന്നുപോയെന്നും മനസ്സിലാകുന്നത്. (അപ്പോഴാണ് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുന്നതായിരുന്നു നല്ലതെന്ന് ഓർമവരിക. ഭൗതികതയിൽ പതിച്ച് അല്ലാഹുവിനെ മറക്കുന്നതിനേക്കാൾ നല്ലത് അതനുസരിച്ച് ജീവിക്കേണ്ടതായിരുന്നു വെന്ന് ഓർമവരിക.) അതിനാൽ ഒരുപാട് ഫിർഔനും കഴിഞ്ഞു കടന്നിട്ടുണ്ട്. ഹാമാനും കഴിഞ്ഞുകടന്നിട്ടുണ്ട്. വലിയ വലിയ ശക്തന്മാർവന്നു. അവരുടെ ജീവിതത്തിൽ മനുഷ്യൻ ചിന്തിക്കുകയാണെങ്കിൽ അവരുടെ ജീവിതസുഖാഢംബരങ്ങളൊന്നും അവർക്ക് പ്രയോജനപ്പെട്ടിരുന്നില്ലെന്ന് അറിയാൻ കഴിയും. അധികാരങ്ങളുടെ അടിസ്ഥാനത്തിൽ ഇന്നത്തെ ഭരണകൂടങ്ങളെക്കാൾ കൂടുതൽ ശക്തരായിരുന്നു അന്നുണ്ടായിരുന്നവർ. പക്ഷേ, എല്ലാം നശിച്ചൊടുങ്ങി). അവിടന്ന് പറയുന്നു:"അല്ലാഹുവിലേക്ക് ശ്രദ്ധ തിരിക്കുന്നവരാണ് ബുദ്ധിമതികൾ. അല്ലാഹുവിനെ ഏകനായി മനസ്സിലാക്കുക. അവനോടൊപ്പം ഒന്നുംതന്നെയില്ല. നാം പരീക്ഷിച്ചു നോക്കിയിട്ടുള്ളതാണ്. ദേവിയും ദേവതയുമൊന്നും പ്രയോജനപ്പെടുകയില്ല. ഇവർ അല്ലാഹുവിലേക്ക് മാത്രം കുനിയുന്നില്ലെങ്കിൽ ഇവരുടെമേൽ ആരും കരുണ ചെയ്യുകയില്ല.

എന്തെങ്കിലും വിപത്തുവന്നാൽ ആരും ചോദിക്കാനുണ്ടാകുകയില്ല. മനുഷ്യന്റെമേൽ ആയിരക്കണക്കിന് വിപത്തുകളുണ്ടാകുന്നു. അതുകൊണ്ട് ഒരു ആരാധ്യനല്ലാതെ മറ്റാരുമില്ലെന്ന് ഓർത്തുകൊള്ളുക. അവൻതന്നെയാണ് മാതാവിന്റെ ഹൃദയത്തിലും സ്നേഹമിടുന്നത്. അവരുടെ മനസ്സിനെ അവൻ അങ്ങനെ സൃഷ്ടിച്ചില്ലായിരുന്നെങ്കിൽ അവർക്കും ശിക്ഷണം നല്കി വളർത്താൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് അവനോടു ഒന്നിനേയും പങ്കു ചേർക്കാതിരിക്കുക." ഇത് അവിടന്ന് ആ ഹിന്ദുവിനെ ഉപദേശിച്ചതാണ്.(മൽഫൂദാത്ത് വാല്യം 3 പേജ് 422–425, 1985 ലണ്ടൻ പതിപ്പ്)

ദേവിദേവതകളെ ബാഹ്യമായ രൂപത്തിലും ചില മതങ്ങളിൽ ആളുകൾ ഉണ്ടാക്കാറുണ്ട്. ഈ ഭൗതികവസ്തുക്കൾ ധനം, സന്താനങ്ങൾ, ശക്തി, ഭരണം എന്നിവയേയും മനുഷ്യൻ അല്ലാഹുവിന് പങ്കാളിയാക്കി നിറുത്താറുണ്ട്. പിന്നീട് സുഹൃത്ത് ബന്ധങ്ങളുണ്ട്. അല്ലെങ്കിൽ ഉദാഹരണം പറഞ്ഞതുപോലെ ചില രാജ്യങ്ങൾ വലിയ രാജ്യങ്ങളുടെ അഭയത്തിൽ വരാൻ ആഗ്രഹിക്കുന്നു. അവരെ ദൈവമാക്കുന്നു. ഈ എല്ലാ വസ്തുക്കളും നശിച്ചൊടുങ്ങുന്നതാണ്. അല്ലാഹു പറഞ്ഞതുപോലെ നരകം അത്തരക്കാരുടെ സങ്കേതമായിത്തീരുന്നു. പിന്നീട് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഓർക്കുക! ആരാണോ അല്ലാഹുവിന്റേതായിത്തീരുന്നത് അല്ലാഹു അവന്റേതായിത്തീരുന്നു. അല്ലാഹു ആരുടേയും വഞ്ചനയിൽപ്പെടുകയില്ല. പ്രദർശനപരതയും വഞ്ചനയുംകൊണ്ട് അല്ലാഹുവിനെ വഞ്ചിക്കാമെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ ഇത് വിഡ്ഢിത്തവും മൂഢത്വവുമാണ്. അവൻ സ്വയം വഞ്ചിക്കപ്പെടുകയാണ്. ഭൗതികാലങ്കാരങ്ങളും ഭൗതികതയോടുള്ള സ്നേഹവും എല്ലാ തെറ്റുകളുടേയും വേരാണ്. ഇതിൽ അന്ധരായിക്കൊണ്ട് മനുഷ്യൻ മനുഷ്യത്വത്തിൽനിന്ന് പുറത്തുപോകുന്നു. താനെന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും എന്താണ് ചെയ്യേണ്ടിയിരുന്നതെന്നും അവൻ മനസ്സിലാക്കുന്നില്ല. ഈ അവസ്ഥയിൽ മനുഷ്യൻ വഞ്ചനയിൽ പ്പെടാതിരിക്കുമ്പോൾ അല്ലാഹു എങ്ങനെയാണ് വഞ്ചിതനാകുക. എന്നാൽ, അത്തരം ദുഷ്കർമങ്ങളുടെ വേര് ഭൗതികതയോടുള്ള സ്നേഹമാണ്. മുസ്ലീംകളെ ഇക്കാലത്ത് നാശത്തിൽ വെച്ചിട്ടുള്ളത്, അതിൽ അവർ അകപ്പെട്ടിട്ടുള്ളത് ദുൻയാവിനോടുള്ള സ്നേഹമാണ്. ഇരിക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴുമെല്ലാം ആളുകൾ ഈ ദുഃഖത്തിലും വിഷമത്തിലും കുടുങ്ങികിടക്കുകയാണ്." (ദുൻയാവ് കിട്ടുന്നില്ലല്ലോ എന്ന ദുഃഖം മാത്രം) അവർക്ക് ഖബ്റിൽ വെക്കപ്പെടുമെന്ന വിചാരമൊന്നുമില്ല. അത്തരക്കാർ അല്ലാഹുവിനെ ഭയപ്പെടുകയാണെങ്കിൽ, ദീനിനുവേണ്ടി അല്പമെങ്കിലും വിഷമവും ദുഃഖവും അവർക്കുണ്ടാകുമായിരുന്നെങ്കിൽ ധാരാളം ഫലം കിട്ടുന്നതായിരുന്നു.(അഹ്മദി ഔർ ഗയ്ർ അഹ്മദിയോം മെ കിയാ ഫർഖ് ഹെ? റൂഹാനീ ഖസായിൻ വാള്യം വാല്യം 20 പേജ് 483 കമ്പ്യൂട്ടർ പതിപ്പ് 2009 ലണ്ടൻ)

അതുകൊണ്ട് ഭൗതികചിന്തകളിൽ പതിയുന്നതിനു പകരം സ്വന്തം പരലോകം സുവർണമാക്കുന്നതിനും അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനും ചിന്തിക്കുകയെന്നതാണ് ഒരു മുഅ്മിനീന്റെ ജോലി. അവനിൽ ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക എന്നഗുണമുണ്ടാകണം. ഭൗതികസൗകര്യങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഉപയോഗിക്കുക. പക്ഷേ, അവയെ ആരാധ്യവസ്തുക്കളാക്കരുത്. ആരാധ്യൻ നമ്മുടെ യഥാർഥ ആരാധ്യൻ തന്നെയാണ്. ബഹുദൈവങ്ങളുടെ പിന്നാലെ ഓടരുത്. നമ്മുടെ യഥാർഥ ആരാധ്യൻതന്നെയാണ് ആരാധ്യൻ. സ്നേഹം ഏറ്റവും കൂടുതൽ അല്ലാഹുവിനോടാണ് ഒരു മുഅ്മിന് ഉണ്ടാകേണ്ടത്. അല്ലാഹുവിനോടുള്ള സ്നേഹംതന്നെയാണ് മനുഷ്യനിൽ തഖ്‌വയുമുണ്ടാക്കുന്നത്; ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനുള്ള മാനസികാവസ്ഥയുമുണ്ടാക്കുന്നത്. മുഅ്മിനിന്റെ അടയാളമായി അല്ലാഹു പറഞ്ഞിട്ടുള്ളത്, അല്ലാഹുവിനെ അവൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നുവെന്നാണ്. അല്ലാഹു പറയുന്നു: *വല്ലദീന ആമനൂ അശദ്ദു ഹുബ്ബൻല്ലില്ലാഹ്* (2:166)സത്യവിശ്വാസി അല്ലാഹുവിനെ ഏറ്റവുമധികം സ്നേഹിക്കുന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിനോടുള്ള സ്നേഹത്തെ കുറിച്ച് പറയുന്നു: അല്ലഹുവിന്റെ അഭിമാനപരമായ വ്യക്തിഗത സ്നേഹത്തിൽ അവനല്ലാത്തവരുടെ പങ്കാളിത്തം ഒരു മുഅ്മിനും ആഗ്രഹക്കുകയില്ല." (തന്നോടുള്ള വ്യക്തിഗതമായ സ്നേഹത്തിൽ ഒരു പങ്കുകാരും ഉണ്ടാകാൻ പാടില്ല എന്നകാര്യത്തിൽ അല്ലാഹുവിന് വലിയ അഭിമാനമാണ്). പറഞ്ഞു:'നമുക്ക് ഏറ്റവും പ്രിയപ്പെട്ട ഈമാൻ സുരക്ഷിതമായിരിക്കുന്നത് നമ്മൾ സ്നേഹത്തിൽ മറ്റുള്ളവരെ അവനോടു പങ്കാളിയാക്കാതിരിക്കമ്പോഴാണ്. പ്രതാപവാനായ അല്ലാഹു മുഅ്മിന്റെ അന്തസായി പറയുന്നത് *വല്ലദീന ആമനൂ അശദ്ദു ഹുബ്ബൻ ലില്ലാഹ്* എന്നാണ്. അതായത് മുഅ്മിൻ അല്ലാഹുവിനെക്കാളുപരി ആരോടും സ്നേഹം പുലർത്തുകയില്ല. സ്നേഹം പ്രതാപവാനായ അല്ലാഹുവിന്റെ ഒരു പ്രത്യേക അവകാശമാണ്. അവന്റെ അവകാശം ആരാണോ മറ്റുള്ളവർക്ക് നല്കുന്നത് അവൻ നശിക്കുന്നതായിരിക്കും. ദൈവപുരുഷന്മാർക്കു ലഭിക്കുന്ന എല്ലാ അനുഗ്രഹങ്ങളും അവർക്കു കരസ്ഥമാകുന്ന എല്ലാ സ്വീകാരങ്ങളും അത് നിസാരമായ ജപതാപങ്ങൾകൊണ്ടും അല്ലെങ്കിൽ നിസാരമായ നോമ്പുനമസ്കാരങ്ങൾകൊണ്ടും ലഭിക്കുമോ? ഒരിക്കലുമില്ല. പ്രത്യുത തൗഹീദ് ഫിൽ മുഹബ്ബത്തിൽനിന്നാണ്–സ്നേഹത്തിലുള്ള തൗഹീദിൽ നിന്നാണ് ലഭിക്കുന്നത്. "അവർ അവന്റേതായിത്തീരുന്നു. അവന്റേതായിക്കൊണ്ടിരിക്കുന്നു. സ്വന്തംകൈകൊണ്ട് മറ്റുള്ളവരെ അവന്റെ വഴിയിൽ ത്യാഗം ചെയ്യുന്നു." പറയുന്നു:'തന്റെ മൂശയുടെ ജീവനായി അറിയുന്ന അത്തരം വ്യക്തിയിൽനിന്ന് ഒരുതവണ അവനെ വേർപെടുത്തുമ്പോൾ ആ വ്യക്തിക്കുണ്ടാകുന്ന വിഷമത്തിന്റെ യാഥാർഥ്യത്തെ ഞാൻ അറിയുന്നു. പക്ഷേ, നമ്മുടെ യഥാർഥ സ്നേഹിതനെ തിരിൽ മറ്റാരും ഉണ്ടാകാൻ പാടില്ലെന്നതിലാണ് എനിക്ക് ആത്മാഭിമാനമുള്ളത്. എപ്പോഴും എന്റെ മനസ്സ് നല്കുന്ന ഫത്‌വ ദൈവസ്നേഹത്തിനുവെളിയിൽ അന്യരോടു സ്ഥിരമായി സ്നേഹം പുലർത്തുക എന്നത് അവൻ മകനാണെങ്കിലും സുഹൃത്താണെങ്കിലും മറ്റാരെങ്കിലുമാണെങ്കിലും വേണ്ടില്ല ഒരു തരത്തിലുള്ള കുഫറും വലിയ പാപവുമാണ്. ഇതുകൊണ്ട് ദൈവാനുഗ്രഹവും ദൈവകാരുണ്യവും പരിഹാരം ചെയ്യുന്നില്ലെങ്കിൽ ഈമാൻ നഷ്ടപ്പെടുമോ എന്ന ആശങ്കയുണ്ട്."(അൽഹക്കം 1901 ആഗസ്റ്റ് 10 പേജ് 9 നമ്പർ 29 വാല്യം 5 തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ)സൂറ ബഖറ ആയത്ത് 166)

ഇത് അല്ലാഹുവിന്റെ കാരുണ്യമാണ്. അത്തരം അവസ്ഥകൾ ഉണ്ടാക്കുന്നുവെന്നത് അവന്റെ അനുഗ്രഹമാണ്. ഇല്ലെങ്കിൽ ഈമാൻ നഷ്ടപ്പെട്ടുപോകുന്നതാണ്. ഭൗതികവസ്തുക്കളോടുള്ള സ്നേഹം തീവ്രമായ അഭിലാഷമായി തന്റെ മുന്നിൽ വരിക എന്നത് ഒരു മുഅ്മിന് ചിന്തിക്കാനെ സാധ്യമല്ല. അതിനുവേണ്ടി തഖ്‌വയിൽ അഭിവൃദ്ധിപ്പെടുകയും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക എന്ന അവസ്ഥ ഉണ്ടാക്കുകയും ചെയ്യുക എന്നത് ഒരു മുഅ്മിനെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്. അതുകൊണ്ടാണ് നബി(സ)തിരുമേനി പറഞ്ഞത്, "മുത്തഖിയായാൽ ഏറ്റവും വലിയ ആബിദ് അഥവാ ഭക്തനാകുമെന്ന്." അല്ലാഹുവിനോടുള്ള സ്നേഹവും ഭക്തിയും മനസ്സിലുണ്ടെങ്കിൽ അല്ലാഹുവിന്റെ ദാസത്വത്തിനോടും ആരാധനയോടുമുള്ള കടമയും മനുഷ്യന് നിറവേറ്റാൻ കഴിയും. ഒരു യഥാർഥ ഭക്തന്റെ ജോലി ണെങ്കിലും മറ്റാരെങ്കിലുമാണെങ്കിലും ഒരു തരം കുഫറും വൻ പാപവുമാണ്. ഇതിൽനിന്ന് അല്ലാഹുവിന്റെ അനുഗ്രഹവും ദൈവകാരുണ്യവും വിടുവിക്കുന്നില്ലെങ്കിൽ ഈമാൻ നഷ്ടപ്പെടുമോ എന്ന ആശ്യുണ്ട്.(അൽഹക്കം 10–8–1901 പേജ് 9 നമ്പർ 29 വാല്യം 5 തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) സൂറ ബഖറ ആയത്ത് 166)

അത്തരം അവസരങ്ങൾ ഉണ്ടാക്കുന്നുവെന്നത് അല്ലാഹുവിന്റെ കാരുണ്യമാണ്. അവന്റെ അനുഗ്രഹമാണ്. ഇല്ലെങ്കിൽ ഈമാൻ നഷ്ടപ്പെട്ടുപോകുന്നതാണ്. ഭൗതികവസ്തുക്കളോടുള്ള സ്നേഹം തീവ്രമായ അഭിലാഷമായി തന്റെ മുമ്പിൽ വരുക എന്നത് ഒരു മുഅ്മിന് ചിന്തിക്കാനെ കഴിയുകയില്ല. അതിനുവേണ്ടി ഭക്തിയിൽ അഭിവൃദ്ധിപ്പെടുകയും ഉള്ളതിൽ തൃപ്തിപ്പെടുന്ന അവസ്ഥ ഉണ്ടാക്കുകയും ചെയ്യേണ്ടത് ഒരു മുഅ്മിന് അങ്ങേയറ്റം നിർബന്ധമാണ്. അതുകൊണ്ട് നബി(സ)തിരുമേനി പറഞ്ഞു: "മുത്തഖിയാവുക എന്നാൽ, ഏറ്റവും വലിയ ആരാധകനാകുന്നതാണ്.' അല്ലാഹുവിനോടുള്ള സ്നേഹവും ഭക്തിയും മനസ്സിലുണ്ടാകുകയാണെങ്കിൽ അവനോടുള്ള ദാസത്വത്തിന്റേയും ആരാധനയുടേയും കടമയും മനുഷ്യന് നിറവേറ്റാനൻ കഴിയുന്നതാണ്. ഒരു യഥാർഥ ഭക്തന്റെ ജോലി അവനിൽ ഉള്ളതിൽ തൃപ്തിപ്പെടുക എന്ന അവസ്ഥ ഉണ്ടാകുക എന്നതാണ്. നബി(സ)തിരുമേനി പറഞ്ഞു: ഖനാഅത്ത് അഥവാ ഉള്ളതിൽ തൃപ്തിപ്പെടുക എന്ന അവസ്ഥ ഉണ്ടാകുകയാണെങ്കിൽ നന്ദി കാണിക്കുന്നവനും ആകുന്നതാണ്. (സുനൻ ഇബ്നുമാജ, കിതാ

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

ബുസ്സുഹ്ർദ് ഹദീഥ് 4217) ഏറ്റവും ആദ്യം ഒരു മുഅ്മിൻ അല്ലാഹുവിനോടു നന്ദിയുള്ളവനായിരിക്കും. അങ്ങനെ ആവേണ്ടതാണ്. തങ്ങൾ അല്ലാഹുവിനോടു നന്ദിയുള്ളവരാണെന്ന് പറയുകയും എന്നാൽ, ഭൗതികമായവസ്തുവകകളുടെ പിന്നാലെ പായുകയും ചെയ്യുന്നവർ യഥാർഥത്തിൽ ഹുബ്ബുശ്ശഹവാത്തിൽ കിടക്കുന്നവരാണ്. അവർ ഒരിക്കലും യഥാർഥ നന്ദി പ്രകടിപ്പിക്കുന്നവരാകുകയില്ല. അത്തരം ലൗകികരുടെ ചിത്രം കോറിയിട്ടുകൊണ്ട് ഒരു അവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു, 'ഇബ്നുആദമിന്റെ പക്കൽ പൊന്നിന്റെ ഒരു താഴ്‌വരതന്നെയുണ്ടെങ്കിലും അവന്റെ പക്കൽ മറ്റൊന്നുകൂടി ഉണ്ടാകണമെന്ന് അവൻ ആഗ്രഹിക്കുന്നു. അവന്റെ വായ മണ്ണല്ലാതെ നിറയ്ക്കുകയില്ല. ഖബ്റിൽ പോകുമ്പോൾ അവന്റെ അത്യാഗ്രഹം അവസാനിക്കുന്നതാണ്. പിന്നീട് അവിടന്ന് പറഞ്ഞു,'അല്ലാഹു പശ്ചാത്തപിച്ചു മടങ്ങുന്നവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതാണ്.'(സ്വഹീഹുൽ ബുഖാരി, കിതാബുർരിഖാഖ് ഹദീഥ് 6438)അതിനാൽ ജീവിതത്തിൽസമയമുണ്ട്. എന്തെങ്കിലും തെറ്റു സംഭവിക്കുകയാണെങ്കിൽ തൗബ ചെയ്ത് മടങ്ങേണ്ടതാണ്.

ഒരു മുഅ്മിനിൽ ഉണ്ടായിരിക്കേണ്ട ഉള്ളതിൽ തൃപ്തിപ്പെടുക എന്നതിന്റെ നിലവാരം വിവരിച്ചുകൊണ്ടു നബി(സ)തിരുമേനി പറയുന്നു: ആരാണോ മനഃശാന്തിയോടും ആരോഗ്യത്തോടും കൂടി നേരം വെളുപ്പിച്ചത് അവന്റെ പക്കൽ ഒരു ദിവസത്തെ ഭക്ഷണമുണ്ട്. അവൻ മുഴുലോകവും ജയിച്ചടക്കിയപോലെയാണ്. അവന്റെ എല്ലാ അനുഗ്രഹങ്ങളും അവന് ലഭിച്ചിരിക്കുന്നു."(സുനനുത്തുർമുദി, അബ് വാബുസ്സുഹ്ർദ് ഹദീഥ് 2346)

ഒരു മുഅ്മിനുവേണ്ടുന്ന ഉള്ളതിൽ തൃപ്തിപ്പെടുക എന്നതിന്റെ നിലവാരമാണിത്. അല്ലാഹു നമ്മളിൽ ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനുള്ള മാനസികാവസ്ഥയും തഖ്‌വയും ഉണ്ടാക്കുമാറാകട്ടെ. ഭൗതികവസ്തുക്കളെ സ്നേഹിക്കുന്നതിനു പകരം അല്ലാഹുവിനെ സ്നേഹിക്കുക എന്നത് നമ്മുടെ ഉദ്ദേശ്യമായിരിക്കട്ടെ. അല്ലാഹുവിന്റെ മഗ്ഫിറത്തും തൃപ്തിയും നമ്മൾ കരസ്ഥമാക്കുന്നവരാകട്ടെ.

ഞാൻ മുമ്പേ ഹ്രസ്വമായി ദുആയ്ക്കുവേണ്ടി പറഞ്ഞ കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാനാഗ്രഹിക്കുകയാണ്. മുസ്‌ലിംരാഷ്ട്രങ്ങളിലെ നേതാക്കന്മാർ ഭൗതികാഗ്രഹങ്ങളുടെ പിന്നാലെ കൂടിയിരിക്കുകയാണ്. അവർ കർമപരമായി അല്ലാഹുവിനു പകരം വൻശക്തികളെ അവരുടെ ദൈവമാക്കിയിരിക്കുകയാണ്. അവരോടുള്ള സുഹൃത്ത്ബന്ധമാണ് തങ്ങളുടെ നിലനില്പിന്റേയും അഭിവൃദ്ധിയുടേയും ജാമ്യമായിത്തീരുന്നതെന്ന് അവർ മനസ്സിലാക്കുന്നു. വാസ്തവത്തിൽ അമേരിക്കയുടെ കാര്യംതന്നെ എടുക്കുക.

അവരുടെ അവസ്ഥ എന്താണെന്നാൽ, ജർമനിയിലെ പത്രത്തിൽ ഒരു നിരൂപകൻ കഴിഞ്ഞ ദിവസങ്ങളിൽ ലേഖനമെഴുതി. അദ്ദേഹമെഴുതിയ ധാരാളം കാര്യങ്ങളിൽ ഒന്ന് ഇതുമായിരുന്നു.'ലോകം വാഷിംഗ്ടണിനെ തങ്ങളുടെ മാതൃകയായി മനസ്സിലാക്കിയിരുന്നു, മനസ്സിലാക്കുന്നു, അല്ലെങ്കിൽ അവരിലേക്ക് മുഖം തിരിച്ചിരിക്കുകയാണ്. അല്ലെങ്കിൽ അവർ മനസ്സിലാക്കുന്നത് ഈ മോഡൽ അനുസരിച്ച് തങ്ങൾ നടക്കണമെന്നാണ്. ഒരു പക്ഷേ, ഇപ്പോൾ അതിന് ആ നിലയല്ല ഉള്ളത്. കാരണം അതിന്റെ സ്ഥാനത്തിപ്പോൾ ചൈനയുടെ തലസ്ഥാനമായ ബേജിംഗാണുള്ളത്. അവരാണ് ഇപ്പോൾ മോഡൽ ആയിക്കൊണ്ടിരിക്കുന്നത്. അമേരിക്ക അതിന്റെ അഭിമാനം കളഞ്ഞു കുളിച്ചിരിക്കുകയാണ്. തങ്ങളുടെ സ്ഥാനം കളഞ്ഞുകുളിച്ചിരിക്കുകയാണ്." അതിനാൽ ഭൗതികമായ ആശ്രയം താൽക്കാലികമായ ആശ്രയമാണ്. ഇന്നു വരുന്നു നാളെ പോകുന്നു. ഈ യരുശലേമിലേക്ക് എമ്പസി മാറ്റുന്നതിനെ കുറിച്ചുള്ള വിളംബരം ഉണ്ടായിട്ടുളളതും ഇപ്രകാരം ഇസ്റായേലുമായുള്ള അവരുടെ ബന്ധം നന്നാകുന്നതിനും കൂടുതൽ ശക്തമാകുന്നതിനും അവരുടെ അന്തസ് നിലനില്ക്കുന്നതിനുംവേണ്ടിയാണെന്ന് മുസ്‌ലീംകൾ മനസ്സിലാക്കേണ്ടതാണ്. പക്ഷേ, അല്ലാഹുവിൽനിന്ന് അധഃപതനമുണ്ടാകുമ്പോൾ പിന്നീട് ഭൗതിക സുഹൃത്ത് ബന്ധങ്ങളും ഉടമ്പടികളും ഒരു പ്രയോജനവും ചെയ്യുകയില്ല. ഇപ്പോൾ ഈ വൻരാഷ്ട്രങ്ങളുടെമേൽ പ്രത്യേകിച്ചും അമേരിക്കയുടെമേൽ ഈ പ്രവർത്തനം തുടങ്ങിയിരിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്. ഇതിന്റെ ഫലമുണ്ടാകുന്നത് എപ്പോഴാണെന്ന് അല്ലാഹുവാണ് നന്നായി അറിയുന്നവൻ. പക്ഷേ, മുസ്‌ലീംകളെ തമ്മിൽതല്ലിക്കാനുള്ള ഈ ശ്രമം ഈ പരിതഃസ്ഥിതികളിൽ ഇനി കൂടുതൽ വേഗത്തിലാകും. അതുകൊണ്ട് മുസ്‌ലിം ലോകം ഐക്യപ്പെടുന്നതിനുവേണ്ടി നമ്മൾ ദുആ ചെയ്യേണ്ടതാണ്. അല്ലാഹു മുസ്‌ലീംകൾക്ക് ബുദ്ധി നല്കുമാറാകട്ടെ. ഇവർ ഒരൊറ്റ ജനതയായി തീരുമാറാകട്ടെ.

രാജ്യങ്ങളും രാജ്യങ്ങളും തമ്മിൽ നടക്കാൻ സാധ്യതയുള്ള യുദ്ധങ്ങളും അകലുമാറാകട്ടെ. മുസ്‌ലിം രാഷ്ട്രങ്ങളിൽ ആഭ്യന്തര പോരാട്ടം നടന്നുകൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് ജീവൻ നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. ഇസ്‌ലാമിന്റെ ശത്രുക്കൾ അവരുടെ വിജയം കരസ്ഥമാക്കാതിരിക്കാൻ മുസ്‌ലീംകൾ പസ്പരം ചെയ്തുകൊണ്ടിരിക്കുന്ന യുദ്ധങ്ങൾ അവസാനിപ്പിക്കുമാറാകട്ടെ.

മുസ്‌ലീംകൾ അല്ലാഹു അയച്ച മസീഹ് മൗഊദിനേയും മഹ്ദിയെ മഅ്ഹൂദിനേയും തിരിച്ചറിയുന്നതിനും ആ മഹാത്മാവുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് ഇവർ തമ്മിൽത്തമ്മിലും ലോകത്തും സമാധാനം സ്ഥാപിക്കുന്നവർ ആയിത്തീരാനും വേണ്ടിയാണ് ഏറ്റവുമധികം നമ്മൾ ദുആ ചെയ്യേണ്ടത്.




പേജ് 16ൽ നിന്ന്

ങ്കെടുത്ത് ഞാൻ എന്റെ വിശ്വാസത്തെ ശക്തിപ്പെട്ടതായി അനുഭവിക്കുന്നു. നിങ്ങളുടെ ജമാഅത്ത് നിത്യവും വളർന്നുകൊണ്ടിരിക്കുന്നു. ഞങ്ങൾ ക്രിസ്ത്യാനികൾ നിത്യവും കുറഞ്ഞുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ ചർച്ച് ശൂന്യമായിക്കൊണ്ടിരിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമും ഭൗതികത വർധിക്കുന്നുവെന്നും ആത്മീയത കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്നുമാണ് പറഞ്ഞത്. നമുക്കൊരു ഉടമസ്ഥനുണ്ടെന്നും അവനെ വിശ്വസിച്ചാൽമാത്രമേ ലോകത്ത് സമാധാനം സ്ഥാപിതമാകുകയുള്ളൂവെന്നും നമുക്ക് ജനങ്ങളോട് പറയേണ്ടതായി വരും. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തികച്ചും ശരിയാണ് പറഞ്ഞത്. ഇതുതന്നെയാണ് നമ്മുടെ മിഷൻ. ഇതിനുവേണ്ടി ആത്മാർഥതയോടുകൂടി നിരന്തരം കഠിനാധ്വാനം ചെയ്യേണ്ട ആവശ്യമുണ്ട്.'

ഹംഗറി സംഘത്തിന്റെ ഹുദൂറുമൊത്തുള്ള ഈ കൂടിക്കാഴ്ചകൾ 6.15വരെ തുടർന്നു. പരിപാടിയുടെ അവസാനത്തിൽ സംഘത്തിലുണ്ടായിരുന്ന എല്ലാ അംഗങ്ങളും ഹുദൂറുമൊത്ത് ഫോട്ടോയെടുത്തു.

**ബോസ്നിയ(Bosnia):**

തുടർന്ന് ബോസ്നിയായിൽനിന്ന് വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഈ വർഷം ബോസ്നിയായിൽനിന്ന് 46 പേരടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുത്തത്. അതിൽ 18 അഹ്മദികളായിരുന്നു; 28 അനുകൂലികളും.

ഒരു അതിഥി യാസ്മീൻ സാഹിബ് ബോസ്നിയായിലെ ഒരു എൻ.ജി.ഒ യുടെ പ്രസിഡണ്ടാണ്. കുറച്ചുകാലം മുമ്പേ അഹ്മദിയ്യാ ജമാഅത്തിനെ അദ്ദേഹം പരിചയപ്പെട്ടു. ജർമനി ജൽസാ സാലാനയിൽ പങ്കെടുക്കാൻ അദ്ദേഹത്തെ ക്ഷണിച്ചു. അങ്ങനെ അദ്ദേഹം സ്വന്തം കാറിൽ ഏകദേശം 1200 കിലോമീറ്റർ യാത്ര ചെയ്ത് ജൽസയിൽ പങ്കെടുത്തു. തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടെഴുതി: "ജൽസയുടെ ഇത്രവലിയ ഏർപാട് കണ്ട് എനിക്ക് അത്ഭുതം തോന്നി. ഇത് എത്തരത്തിലുള്ള ആളുകളാണ്? ജൽസയുടെ എല്ലാ ഏർപാടുകളിലും ഒരിടത്തും എനിക്ക് കുറവൊന്നും കാണാൻ കഴിഞ്ഞില്ല. ഹുദൂറുമായുള്ള കൂടിക്കാഴ്ച ഒരു പ്രത്യേക അനുഭവമായിരുന്നു. ഇത്രമാത്രം വലിയ ജമാഅത്തിന്റെ നേതാവും ലക്ഷക്കണക്കിന് അഹ്മദികളുടെ ലീഡറായിരുന്നിട്ടും വളരെ വിനയനായ ഒരു മനുഷ്യനാണ് ഹുദൂർ. ഇക്കാര്യമാണ് എന്നെ പോലുള്ളവരെ കൂടിക്കാഴ്ചയ്ക്കുശേഷം ഹുദൂറിനെ സ്നേഹിക്കുന്നവരാക്കുന്നത്."

ഒരു അതിഥി നജ്ജാദ് സാഹിബ് ബോസ്നിയായിലെ റോമൻ കമ്യൂണിറ്റിയുടെ അറിയപ്പെട്ടതും പ്രശസ്തനുമായ ഒരു രാഷ്ട്രീയ നേതാവാണ്. ബുദ്ധിജീവി എന്ന നിലയിൽ അറിയപ്പെടുന്നു. ഇപ്പോൾ തുസാല നഗരത്തിന്റെ കൗൺസിലറുമാണ്. അദ്ദേഹം പറഞ്ഞു: "ജൽസയുടെ എല്ലാ ഏർപാടുകളും വളരെ മനോഹരമായ നിലയിൽ ചെയ്യപ്പെട്ടു. ഞാൻ ഇതിനുമുമ്പേ ഒരിക്കലും ഇത്തരം പരിപാടിയിൽ പങ്കെടുത്തിട്ടില്ല. ഈ ജൽസ എന്നെ സംബന്ധിച്ചിടത്തോളം വിവിധ തലങ്ങളിൽ പാഠം നല്കുന്നതായിരുന്നു. ഉദ്യോഗസ്ഥന്മാരുടെ ആത്മാർഥത കണ്ട് ഇക്കൂട്ടർ വിശ്വാസത്തിൽ വളരെ ശക്തരാണെന്ന് എനിക്ക് മനസ്സിലായി. അവരുടെ വാക്കിലും പ്രവൃത്തിയിലുമുള്ള സമാനതതന്നെ അവരുടെ അഭിവൃദ്ധിയുടെ രഹസ്യമാണ്. ഇക്കൂട്ടരിൽ ഈ അവസ്ഥ ഉണ്ടാക്കാനുള്ള പുഷ്പമകുടം അവരുടെ ഖലീഫയുടെ ശിരസിലാണുള്ളത്. ഖലീഫയുടെ പ്രഭാഷണങ്ങൾ കേട്ടതിനും അദ്ദേഹവുമായി കൂടിക്കാഴ്ചനടത്തിയതിനുംശേഷം ഞാൻ ഏതൊരു ഫലത്തിലാണോ എത്തിയത് അതിതാണ്

തുടരും

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

**"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ സന്ദർശനം 2017 (ആഗസ്റ്റ്)

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

*(തുടർച്ച)*

**2017 ആഗസ്ത് 28(തിങ്കളാഴ്ച)**

**കോസോവോ(Kosovo):**

അതിനുശേഷം കോസോവോ രാജ്യത്തുനിന്ന് വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള ഭ(തുടർച്ച.....) അതിനുശേഷം കോസോവോ രാജ്യത്തുനിന്ന് വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. കോസോവോയിൽ നിന്ന് 18 പേരടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുത്തത്. ഇവരിൽ 17 പേർ അഹ്മദികളും ഒരു അനഹ്മദി സ്ത്രീയുമായിരുന്നു. ഏറ്റവുമാദ്യം അമീറുൽ മുഅ്മിനീൻ എല്ലാവരുടേയും സുഖവിവരങ്ങൾ അന്വേഷിച്ചു. അതിനുശേഷം ഒരു സ്നേഹിതൻ പറഞ്ഞു:

'ഞാൻ എല്ലാ വർഷവും ജൽസയിൽ വരുന്നുണ്ട്. വളരെ ആകർഷിതനായാണ് പോകുന്നത്. ഞങ്ങൾക്കുവേണ്ടി ഹുദൂർ മുബല്ലിഗിനെ അയച്ചുതന്നതിന് ഞങ്ങൾ നന്ദി പറയുകയാണ്. അപ്പോൾ മുബല്ലിഗ് ഭാഷ പഠിച്ചോ എന്ന് ഹുദൂർ ചോദിച്ചു. മുബല്ലിഗ് ഭാഷ പഠിച്ചുവെന്നും വളരെ കഴിവുള്ളയാളും കർമനിരതനുമായ മുബല്ലിഗാണെന്നും അവർ പറഞ്ഞു.'

അതിനുശേഷം ഒരു അഹ്മദി സുഹൃത്ത് Petrit Bytyci സാഹിബ് പറഞ്ഞു: 'ഹുദൂറിന്റെ പ്രസംഗം വളരെ ഉന്നതനിലവാരത്തിലുള്ളതായിരുന്നു. ഖിലാഫത്തിന്റെ സന്ദേശം എല്ലാവരിലും എത്തിക്കാൻ ഞങ്ങൾ എല്ലാവിധത്തിലും പരിശ്രമിക്കുന്നതാണ്. ഹുദൂർ പറഞ്ഞ കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ ഞങ്ങൾക്ക് തൗഫീഖ് കിട്ടുന്നതിനുവേണ്ടി പ്രാർഥിക്കാൻ അപേക്ഷിക്കുകയാണ്. ഞങ്ങളുടെ അംഗസംഖ്യ വർധിക്കുന്നതിനുവേണ്ടിയും ദുആ ചെയ്യുക; ഹുദൂറിന്റെ ദുആ ഞങ്ങൾക്കുവേണ്ടി ഉണ്ടാകുമ്പോഴാണ് ഇത് സാധ്യമാകുന്നത്.'

കോസോവോയിലെ ഒരു സ്നേഹിതൻ Bezmir Yvesi സാഹിബ് പറഞ്ഞു: 'കോസോവോയിൽ മൂന്നുമാസമായി റോളിംഗ് പാർട്ടി അവസാനിച്ചിരിക്കുകയാണ്. സ്വാർഥതാല്പര്യങ്ങളാണ് അതിന് കാരണങ്ങളായി പറയുന്നത്. സർക്കാരിന്റെ ഉന്നമനത്തിനും നീതിനിർവഹണത്തിനും എന്തെങ്കിലും പ്രാർഥനയുണ്ടോ?' ഹുദൂർ പറഞ്ഞു: 'അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. സർക്കാരിനെ നീതിയിലധിഷ്ഠിതമായി പ്രവർത്തിക്കുന്നതും ആക്കുമാറാകട്ടെ.' ഹുദൂർ പറഞ്ഞു: 'സർക്കാരിനോടു സഹതാപം വെച്ചുപുലർത്തുന്നതും ഇത്തരം ദുആയുടെ ആഗ്രഹമുണ്ടാകുന്നതും ഈമാനിന്റെ ഭാഗമാണ്.' അദ്ദേഹം പറഞ്ഞു: 'ജൽസയുടെ ഏർപാടുകളെല്ലാം വളരെ ഉന്നതക്കിടയിലുള്ളതായിരുന്നു. ഒരു കുറവുപോലും കാണാൻ കഴിഞ്ഞില്ല. പ്രസംഗങ്ങളും വളരെ നല്ലതായിരുന്നു.'

മറ്റൊരു സുഹൃത്ത് Agron Binakaj സാഹിബ് പറഞ്ഞു: 'ജൽസയുടെ ഒരുക്കം വളരെ നല്ലതായിരുന്നു. നാൽപതിനായിരത്തിലധികമാളുകൾ ഇവിടെ സംഘടിച്ചിരുന്നു. പക്ഷേ, ഒരുതരത്തിലുള്ള പരാതിയുമുണ്ടായില്ല. കുട്ടികൾ മുതൽ വൃദ്ധർവരെയുള്ളവർക്ക് ഒരു ബുദ്ധിമുട്ടും നേരിട്ടില്ല. എല്ലാ ജോലിയും വളരെ സമാധാനത്തോടെ കഴിഞ്ഞു.'

സംഘത്തിലെ ഒരംഗം Shaip Zeqiraj സാഹിബ് പറഞ്ഞു: 'ഹുദൂർ അൻവറിന്റെ മുഖകമലത്തിലുള്ള പ്രകാശം ഇന്നുവരെ മറ്റാരിലും ഞാൻ കണ്ടിട്ടില്ല.' അദ്ദേഹം പറഞ്ഞു: 'ഈ സാധു മുഴുലോകത്തിനുവേണ്ടിയും ദുആ ചെയ്യുന്നു.' ഹുദൂർ പറഞ്ഞു: 'താങ്കൾ താങ്കളുടെ രാജ്യത്തിനുവേണ്ടിയും ദുആ ചെയ്യുക.'

അൽബാൻസ്കിരാജ് സാഹിബ് പറഞ്ഞു: 'ജൽസാ മാശാഅല്ലാഹ് വളരെ മനോഹാരിതയോടെ ഒരുക്കപ്പെട്ടിരുന്നു. സംഘാടകർക്കു നന്ദി പറയുന്നു.' അദ്ദേഹം ഹുദൂറിന് കോസോവോ ജമാഅത്തിലെ എല്ലാ അംഗങ്ങളുടേയും സലാം അറിയിച്ചു. തന്റെ മകൻ വഖ്ഫെ നൗ ഇൽ അംഗമാണെന്നും അദ്ദേഹം പറഞ്ഞു. അല്ലാഹു അവനെ നല്ലവനും സ്വാലിഹുമായ മുറബ്ബിയാക്കുന്നതിനുവേണ്ടി ദുആക്കപേക്ഷിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു: 'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

സംഘത്തിലെ ഒരംഗവും കോസോവോ ജമാഅത്തിലെ മുഅല്ലിമുമായ Shkelqim Bytyci സാഹിബ് ഹുദൂറിനോടു ദുആക്ക് അപേക്ഷിച്ചു. പറഞ്ഞു:

"ജൽസയുടെ ഏർപ്പാടുകളെല്ലാം വളരെ നല്ലതായിരുന്നു. ആതിഥ്യം വളരെ ഉത്തമമായ രീതിയിൽ നിർവഹിക്കപ്പെട്ടു." കോസോവോ ജമാഅത്തിലെ അംഗസംഖ്യ എത്രയാണെന്ന് ഹുദൂർ ചോദിച്ചപ്പോൾ മുഅല്ലിം സാഹിബ് പറഞ്ഞു, 132 പേരടങ്ങുന്ന ജമാഅത്താണ്. ഹുദൂർ പറഞ്ഞു: കോസോവോയിൽ രണ്ട് മുഅല്ലിമും ഒരു മുബല്ലിഗുമുണ്ട്. കോസോവോ ചെറിയ ജമാഅത്താണ്. അവിടെ മൂന്ന് മിഷണറിയുണ്ട്. അതുകൊണ്ട് അംഗസംഖ്യ വർധിപ്പിക്കാൻ ശ്രമിക്കുക. അടുത്ത വർഷത്തിനുള്ളിൽ ജമാഅത്തിന്റെ അംഗസംഖ്യ 500 ആക്കുക. അതിന്റെ അടുത്തവർഷം ആയിരവും. ഇങ്ങനെ ഓരോ വർഷവും വർധിച്ചുകൊണ്ടിരുന്നാൽ നാലായിരം മുതൽ അയ്യായിരംവരെ ആയിത്തീരുന്നതാണ്.'

സംഘത്തിലെ ഒരു അംഗമായ ഊൽകുലീശ സാഹിബ് പറഞ്ഞു. അദ്ദേഹം ആദ്യമായാണ് ഹാജരാകുന്നത്. ജൽസയിൽ പങ്കെടുക്കുകയെന്നത് അദ്ദേഹത്തിന് അഭിമാനമാണ്. അദ്ദേഹം പറഞ്ഞു:

'കുറച്ചുനാളുകൾക്കു മുമ്പേ അദ്ദേഹത്തിന്റെ പിതാവ് വഫാത്തായി. അദ്ദേഹത്തിന്റെ മഗ്ഫിറത്തിനുവേണ്ടി ഹുദൂറിന് ദുആയ്ക്ക് എഴുതിയിരുന്നു. താൻ നിരന്തരം ഹുദൂറിന് കത്തെഴുതാറുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതിന് ഹുദൂറിന്റെ മനോഹരമായ മറുപടിയും ലഭിക്കാറുണ്ട്. അത് വായിക്കുമ്പോൾ വളരെ സന്തോഷമുണ്ടാകുന്നു.'

സംഘത്തിലെ ഒരംഗമായ ബ്ലേയേഴ്സികിരാജ് പറഞ്ഞു: 'ഞാൻ ദുആയ്ക്ക് പറയാൻ ആഗ്രഹിക്കുകയാണ്. ജോലിയ്ക്ക് വേണ്ടിയുള്ള ഇന്റർവ്യൂ ഉപേക്ഷിച്ചുകൊണ്ടാണ് ഞാൻ ജൽസയിൽ പങ്കെടുത്തത്.' ഹുദൂർ പറഞ്ഞു: 'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

ഒരംഗം ദർദാൻ റമളാനീ സാഹിബ് പറഞ്ഞു: അദ്ദേഹം എല്ലാ വർഷവും ജർമൻ ജൽസയിൽ പങ്കെടുക്കാറുണ്ട്. പക്ഷേ, കഴിഞ്ഞവർഷം വരാൻ കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞു:

'കുറച്ചു മാസങ്ങൾക്കുമുമ്പേ അദ്ദേഹത്തിന്റെ മാതാവ് വഫാത്തായിരുന്നു. പിന്നീട് പിതാവും വിടപറഞ്ഞു. പിതാവ് കഴിഞ്ഞവർഷം ജൽസയിൽ പങ്കെടുത്തിരുന്നു. പക്ഷേ, ബയ്അത്ത് ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹത്തിന്റെ മഗ്ഫിറത്തിനുവേണ്ടി ദുആക്ക് അപേക്ഷിക്കുന്നു. അപ്പോൾ ഹുദൂർ പറഞ്ഞു: 'അല്ലാഹു കാരുണ്യത്തോടെ പെരുമാറട്ടെ.'

ഒരു സുഹൃത്ത് Jeton Bajra സാഹിബ് പറഞ്ഞു: 'അദ്ദേഹം തന്റെ കുടുംബത്തിൽ തനിച്ച് അഹ്മദിയാണ്. മറ്റു കുടുംബാംഗങ്ങൾക്കും അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടുന്നതിന് ദുആക്ക് അപേക്ഷിക്കുന്നു. പറഞ്ഞു, ഹുദൂർ അൻവറിന് ഉപഹാരം സമർപ്പിക്കാൻ ആഗ്രഹിക്കുന്നു. ഹുദൂർ പറഞ്ഞു: 'ഫോട്ടോ എടുക്കുന്ന നേരത്തുതന്നുകൊള്ളുക.'

സംഘത്തിൽപെട്ട അൽബയ്ന ഗാശി സാഹിബ, അവർ ആഗ്രോ ബനാഗായി സാഹിബിന്റെ ഭാര്യയാണ്. അനഹ്മദിയാണ്. ഇവർ പിന്നിലിരിക്കുകയായിരുന്നു. നിങ്ങൾ മുന്നിലേക്ക് വരാൻ ഹുദൂർ അവരോട് പറഞ്ഞു. ഹുദൂർ ചോദിച്ചു: എന്താണ് ചെയ്യുന്നത്? അവർ പറഞ്ഞു: മനഃശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം എടുത്തിട്ടുണ്ട്. അവർ പറഞ്ഞു: ജൽസയിലെ പ്രസംഗം വളരെ നന്നായിരുന്നു. ഞാൻ അഹ്മദിയല്ല. പക്ഷേ, പറഞ്ഞകാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നതാണ്. ഹുദൂർ പറഞ്ഞു: 'മനഃശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് സ്ത്രീകളുമായി ബന്ധമുണ്ടാകുമല്ലോ. നിങ്ങൾ ഞങ്ങളുടെ സ്ത്രീകളും മറ്റുള്ള സ്ത്രീകളും തമ്മിൽ എന്തു വ്യത്യാസമാണ് കാണുന്നത്. ഞങ്ങളുടെ സ്ത്രീകൾ മാനസിക സമ്മർദ്ദത്തിന് ഇരയാണോ?' അവർ പറഞ്ഞു: 'പ്രസംഗങ്ങളെ സംബന്ധിച്ചിടത്തോളം അത് കേൾക്കാൻ വളരെ നല്ലതായിരുന്നു. പക്ഷേ, കർമപരമായ നിലയുടെ അടിസ്ഥാനത്തിൽ കുറവുണ്ടായിരുന്നു. കാരണം പുരുഷന്മാരും സ്ത്രീകളും വെവ്വേറെയായിരുന്നു.' ഹുദൂർ അവരോട് ചോദിച്ചു: ' നിങ്ങൾ സ്ത്രീകളുടെ ഭാഗത്ത് പോയിരുന്നോ?' സ്ത്രീകളുടെ ഭാഗത്ത് പോകാൻ കഴിഞ്ഞില്ലെന്ന് അവർ പറഞ്ഞു. അപ്പോൾ ഹുദൂർ ചോദിച്ചു: 'നിങ്ങൾ പുരുഷന്മാരുടെ ഇടയിൽ ഇരുന്നുകൊണ്ട് പുരുഷന്മാരും സ്ത്രീകളും തമ്മിൽ സമത്വമില്ലെന്ന് എങ്ങനെയാണ് മനസ്സിലാക്കിയത്? സ്ത്രീകൾ സന്തോഷവതികളാണോ എന്ന് അവിടെചെന്ന് മനസ്സിലാക്കേണ്ടതായിരുന്നു. സമത്വം ഉണ്ടോ ഇല്ലേ എന്ന്.'

ഹുദൂർ പറഞ്ഞു: സോഷ്യൽ സയൻസിൽ രണ്ട് സിദ്ധാന്തങ്ങളുണ്ട്. നിങ്ങൾ പകുതി കണ്ടുകൊണ്ട് എങ്ങനെയാണ് കർമപരമായ നിലയിൽ കുറവുണ്ടെന്ന തീരുമാനത്തിലെത്തിയത്? പോയി കണ്ടതിനുശേഷം കുറവ് കാണുകയാണെങ്കിൽ ആക്ഷേപത്തിന് വകയുണ്ട്.' ഹുദൂർ പറഞ്ഞു: 'ഇപ്പോൾ നമസ്കാരം നടക്കാൻ പോകുകയാണ്. നിങ്ങൾ സ്ത്രീകളുടെ ഭാഗത്ത് പോയിരിക്കുക. അവരുമായി സംസാരിക്കുക. എന്നിട്ട് നോക്കുക, അവരിൽ എന്തെങ്കിലും അപകർഷതാബോധമോ മാനസിക സമ്മർദ്ദമോ ഉണ്ടോ എന്ന്. അവർ സന്തോഷവതികളാണോ എന്ന്.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'ഞങ്ങളുടെ സ്ത്രീകൾ ജോലികൾ ചെയ്യുന്നു. പുരുഷഡോക്ടർമാരോടൊപ്പവും ജോലി ചെയ്യുന്നു. അവരിൽ അധ്യാപികമാരുമുണ്ട്. സയൻസ് വകുപ്പുമായി ബന്ധപ്പെട്ടവരുമുണ്ട്. ചിലർ മറ്റു പ്രൊഫഷണലുകളും സ്വീകരിച്ചിട്ടുള്ളവരാണ്. ഇവരെല്ലാം പർദ പാലിച്ചുകൊണ്ട് പുരുഷന്മാരോടൊപ്പം ജോലി ചെയ്യുന്നു. ഇപ്രകാരംതന്നെ മതപരമായ അവസരങ്ങളുണ്ടാകുമ്പോൾ അവർ വേറിട്ടിരുന്ന് സ്വാതന്ത്ര്യത്തോടുകൂടി തങ്ങളുടെ പരിപാടി നടത്തുന്നു. സ്ത്രീകളുടെ ജൽസാഗാഹിൽ അവരുടെ പ്രസംഗങ്ങൾ നടക്കുകയായിരുന്നു. അവർ തങ്ങളുടെ പരിപാടി നടത്തി.

ഹുദൂർ പറഞ്ഞു: 'ഭർത്താവ് ഭാര്യയുടെ ജോലികൾ വിഭജിച്ചെടുക്കുന്നവനാണെന്ന് ഇസ്‌ലാം പറയുന്നു. ഞാൻ വിവിധ സ്ഥലങ്ങളിൽ എന്റെ പ്രസംഗങ്ങളിൽ, ഞങ്ങളുടെ ജമാഅത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതൽ വിദ്യാസമ്പന്നരാണെന്ന് പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. അതിന്റെ അർഥം സ്ത്രീകൾ കൂടുതൽ സ്വതന്ത്രരാണെന്നതാണ്, അതുകൊണ്ടാണ് കൂടുതൽ വിദ്യാഭ്യാസം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നത്.'

ഹുദൂർ പറഞ്ഞു: 'നിങ്ങൾ അടുത്ത പ്രാവശ്യം വരുമ്പോൾ ചോദ്യങ്ങൾ തയ്യാറാക്കിക്കൊണ്ടുവരിക. പുരുഷന്മാരോടും സ്ത്രീകളോടും ചോദ്യങ്ങൾ ചോദിക്കുക. എന്നിട്ട് നോക്കുക കൂടുതൽ വിദ്യാസമ്പന്നർ ആരാണെന്ന്? നിങ്ങൾ ചോദ്യങ്ങളുമായി വരിക. ഇന്റർവ്യൂ നടത്തുക.' അതിനുശേഷം അവർ പർദയുടെ ആവശ്യകതയെ കുറിച്ച് ചോദിച്ചു.

അപ്പോൾ ഹുദൂർ പറഞ്ഞു: 'പർദയുടെ വിവാദം ദീർഘമാണ്. ഒന്ന് ഭൗതികമായ അറിവാണ്. ഒന്ന് മതപരമായ അറിവാണ്. മതപരമായ വിദ്യാഭ്യാസമാണ്. അല്ലാഹു പറഞ്ഞ കാര്യങ്ങൾ നമ്മൾ അംഗീകരിക്കേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.'

ഹുദൂർ പറഞ്ഞു: 'പുരുഷന്മാരുടെ മനഃശാസ്ത്രങ്ങളും നോക്കേണ്ടതാണ്. വിശുദ്ധഖുർആൻ ആദ്യം പുരുഷന്മാരോടാണ് ദൃഷ്ടി താഴ്ത്തിക്കി നടക്കാൻ പറഞ്ഞത്. പിന്നീടാണ് സ്ത്രീകളോടു പർദ ആചരിക്കാൻ പറഞ്ഞത്. പുരുഷൻ, സ്ത്രീകളെ നോക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ, സ്ത്രീകൾ അങ്ങനെ

ചെയ്യാറില്ല. എന്നിട്ടും സൂക്ഷ്മത പാലിക്കാൻ സ്ത്രീകളോടു പറഞ്ഞു; പുരുഷന്മാരെ വിശ്വസിക്കാൻ പറ്റുകയില്ല.'

അവസാനം ഹുദൂർ പറഞ്ഞു: 'നിങ്ങളുമായി സംസാരിച്ച് ഞാൻ സന്തുഷ്ടനായി.' കൂടിക്കാഴ്ചയുടെ അവസാനം സംഘത്തിൽപ്പെട്ടവർ ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും കരസ്ഥമാക്കി.

**പോർച്ചുഗൽ (Portugal):**

അതിനുശേഷം പോർച്ചുഗലിൽനിന്ന് വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം കരസ്ഥമാക്കി. പോർച്ചുഗലിൽനിന്ന് 11 പേരടങ്ങുന്ന സംഘമാണ് ജർമനി ജൽസയിൽ പങ്കെടുത്തത്. ഈ സംഘത്തിൽ പോർച്ചുഗൽ അഹ്മദിയ്യാ ജമാഅത്തിലെ ഒരു സുഹൃത്ത് പ്രൊഫസർ പാവ്വലൂദി മോറാഇശും ഉണ്ടായിരുന്നു. ഇദ്ദേഹം പോർച്ചുഗലിലെ രണ്ടാമത്തെ വലിയ നഗരമായ പോർട്ടോയിലെ ഒരു യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ്. കഴിഞ്ഞവർഷം പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ മുഖ്യസ്ഥാനാർഥിയായിരുന്നു.

ഹുദൂർ, പ്രൊഫസർ സാഹിബിനോട് വിശേഷങ്ങൾ തിരക്കി. പറഞ്ഞു: 'നിങ്ങൾ ഒരുപക്ഷേ ബ്രിട്ടൻ ജൽസ സാലാനയിൽ പങ്കെടുത്തിട്ടുണ്ട്.' അപ്പോൾ താൻ ഈ വർഷം പീസ് സിമ്പോസിയത്തിൽ പങ്കെടുത്തിരുന്നുവെന്ന് പ്രൊഫസർ സാഹിബ് പറഞ്ഞു. അദ്ദേഹത്തിന് ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യവും കിട്ടിയിരുന്നു. പ്രൊഫസർ സാഹിബ് ഇപ്പോൾ തനിക്ക് ജർമൻ ജൽസയിൽ പങ്കെടുക്കാനും അവസരം കിട്ടിയിരിക്കുന്നുവെന്ന് പറഞ്ഞു. ഹുദൂറിന്റെ സന്ദേശം വളരെ പ്രിയങ്കരവും മനോഹരവും സമാധാനഭരിതവുമായിരുന്നു. അങ്ങ് പോർച്ചുഗലിൽ വരണമെന്ന് ഞാനാഗ്രഹിക്കുന്നു. ഞങ്ങളുടെ നാട്ടിലും ഈ സന്ദേശം കൊടുക്കുക. അങ്ങയുടെ ഈ സന്ദേശം വളരെ ഫലപ്രദമായിരിക്കും. അതിനുവേണ്ടി പാർലമെന്റിൽ അല്ലെങ്കിൽ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ ഹുദൂറിന്റെ വിസിറ്റിനും പ്രസംഗത്തിനുമുള്ള ഏർപാട് ചെയ്യാൻ തനിക്ക് കഴിയുമെന്ന് പ്രൊഫസർ സാഹിബ് പറഞ്ഞു. ഹുദൂർ പറഞ്ഞു: "ഞാൻ തീർച്ചയായും വരും. പാർലമെന്റിൽ ഏർപാടാക്കാൻ കഴിഞ്ഞില്ലെങ്കിലും ഏതെങ്കിലും ഹോട്ടലിൽ അതിന് ഏർപാട് ചെയ്യാവുന്നതാണ്. രാഷ്ട്രീയത്തെ പിന്തുണയ്ക്കുന്നവരെ ക്ഷണിക്കുകയും ചെയ്യാവുന്നതാണ്."

അതിനുശേഷം മുഹമ്മദ് സ്വാലിഹ് തൗറേ സാഹിബ് പറഞ്ഞു: ഹുദൂർ! എന്റെ ബന്ധം ഗിനിബസാവോയുമായിട്ടാണ്. പോർച്ചുഗലിലാണ് താമസിക്കുന്നത്. രണ്ടരവർഷമായി മുബല്ലിഗ് എന്ന നിലയിൽ പ്രവർത്തിക്കുന്നു. ഹുദൂർ അന്വേഷിച്ചപ്പോൾ സ്വാലിഹ് സാഹിബ് താൻ ഘാന ജാമിഅ അഹ്മദിയ്യായിലാണ് പഠിച്ചതെന്ന് പറഞ്ഞു. ഹുദൂർ പറഞ്ഞു: 'ഘാന ജാമിഅയിൽ പഠിച്ചതുകൊണ്ടാണ് താങ്കൾ ഇംഗ്ലീഷ് സംസാരിക്കുന്നത്.'

അതിനുശേഷം ഹുദൂർ സംഘത്തിലെ മറ്റൊരു അംഗമായ അബ്ദുല്ലാ സിസേ സാഹിബിനോടു താങ്കൾ എവിടെ നിന്നാണെന്നും എപ്പോൾ ബയ്അത്ത് ചെയ്തുവെന്നും ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ഹുദൂർ എന്റെ ബന്ധം ഗിനിബസാവോയുമായിട്ടാണ്. പക്ഷേ, പോർച്ചുഗലിലാണ് താമസിക്കുന്നത്. രണ്ടുവർഷം മുമ്പേ ബയ്അത്ത് ചെയ്തു. ഹുദൂർ ചോദിച്ചപ്പോൾ സീസേ സാഹിബ് തന്റെ കുടുംബം അഹ്മദിയാണെന്നും ഗിനിബസാവോയിലാണെന്നും പറഞ്ഞു. അദ്ദേഹം പറഞ്ഞു എന്റെ പരേതനായ സഹോദരനും കുടുംബത്തിലെ മറ്റംഗങ്ങൾക്കും അഹ്മദിയ്യത്ത് കാരണത്താൽ ഒരുപാട് ബുദ്ധിമുട്ടുകളുണ്ടായി. ജയിലിലുമിട്ടു. പക്ഷേ, അദ്ദേഹം ഉറച്ചുനിന്നു. ഖലീഫയെ കാണുന്നതിനും കൂടിക്കാഴ്ച നടത്തുന്നതിനും അദ്ദേഹത്തിന് വളരെ ആഗ്രഹമായിരുന്നു. അദ്ദേഹത്തിന് കാലത്തിന്റെ ഖലീഫയെ തന്റെ കണ്ണുകൊണ്ട് കാണാൻ കഴിഞ്ഞില്ല. പക്ഷേ, ഇന്ന് എനിക്ക് ഹുദൂറിനെ കാണുന്നതിനും കൂടിക്കാഴ്ച നടത്തുന്നതിനും ഭാഗ്യമുണ്ടായതിലൂടെ അദ്ദേഹത്തിന്റെ സ്വപ്നമാണ് പൂർത്തിയാകുന്നത്. അബ്ദുല്ല സീസേ സാഹിബ് ഹുദൂറിനോടു ദുആക്ക് അപേക്ഷിച്ചുകൊണ്ട് പറഞ്ഞു: ഞങ്ങളുടെ രാജ്യമായ ഗിനിബസാവോയിൽ മുബല്ലിഗുമാരെ അയക്കേണ്ട വളരെ ആവശ്യമുണ്ട്. ഹുദൂർ പറഞ്ഞു: വിദ്യാഭ്യാസം കരസ്ഥമാക്കി നിങ്ങളുടെ നാട്ടിൽ വന്ന് ജോലി ചെയ്യുന്നതിനുവേണ്ടി നിങ്ങൾ അവിടത്തെ യുവാക്കളെ ജാമിഅ അഹ്മദിയ്യായിലേക്ക് അയക്കുക.' തങ്ങൾക്ക് പാക്കിസ്താനിലെ പരിചയസമ്പന്നരായ മുബല്ലിഗുമാരെയാണ് ആവശ്യമെന്ന് അപ്പോൾ അബ്ദുല്ലാ സീസേ സാഹിബ് പറഞ്ഞു: അവിടെ ഇപ്പോൾ ഒരു പാക്കിസ്താനി മുബല്ലിഗുണ്ട്. പക്ഷേ, ഞങ്ങൾക്ക് ഗിനിബസാവോയിൽ ഒന്നിലധികം പാക്കിസ്താനി മുബല്ലിഗുമാരെയാണ് ആവശ്യം.' ഹുദൂർ പറഞ്ഞു മുഴുലോകത്തിനും ഞങ്ങൾക്കു മുബല്ലിഗുമാരെ കൊടുക്കണം. മുബല്ലിഗ് തയ്യാറാകുന്നതിനനുസരിച്ച് വിവിധ രാജ്യങ്ങളിലേക്ക് അവരെ അയച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസം കരസ്ഥമാക്കി സേവനം ചെയ്യുന്നതിന് നിങ്ങളും നിങ്ങളുടെ നാട്ടിലെ യുവാക്കളെ തയ്യാറാക്കി അയക്കുക. മുബല്ലിഗ് മുഹമ്മദു സ്വാലിഹ് തൗറേ സാഹിബിനോടു ഹുദൂർ പറഞ്ഞു.' പോർച്ചുഗല്ലിനെക്കാൾ കൂടുതൽ ഗിനിബസാവോയിൽ മുബല്ലിഗുമാരെ ആവശ്യമുണ്ടെന്നാണ് തോന്നുന്നത്. നിങ്ങളെ എന്തുകൊണ്ട് തിരിച്ച് ഗിനിബസാവോയിലേക്ക് അയച്ചുകൂടാ? മുഹമ്മദ് തൗറേ സാഹിബ് പറഞ്ഞു: "ഹുദൂറിന്റെ കല്പനപോലെ. ഞാൻ സന്നദ്ധനാണ്."

ഹുദൂർ പിന്നീട് ഒരു അറേബ്യൻ അഹ്മദി സുഹൃത്ത് ഉമർ ബോരിഗ് സാഹിബിനോടു പറഞ്ഞു: താങ്കൾ മുമ്പേ ഞാനുമായി കൂടിക്കാഴ്ച നടത്തിയിട്ടുള്ളതായി തോന്നുന്നു. ഉമർ ബോരിഗ് സാഹിബ് പറഞ്ഞു. എന്റെ ബന്ധം മൊറോക്കോയുമായിട്ടാണ്. പക്ഷേ, പോർച്ചുഗലിലാണ് താമസിക്കുന്നത്. 2013ൽ സ്പെയിനിൽ, വെലിൻസിയായിലെ ബയ്ത്തുർറഹ്മാൻ മസ്ജിദിന്റെ ഉദ്ഘാടന പരിപാടിയുടെ അവസരത്തിൽ ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ ഭാഗ്യം കിട്ടിയിരുന്നു.' താങ്കൾക്ക് ജൽസ എങ്ങനെയായിരുന്നു? ആദ്യമായിട്ടാണോ ജൽസ സാലാന ജർമനിയിൽ പങ്കെടുക്കുന്നത്? അദ്ദേഹം പറഞ്ഞു: 'എനിക്കാദ്യമായിട്ടാണ് ജൽസസാലാന ജർമനിയിൽ പങ്കെടുക്കാൻ ഭാഗ്യം കരസ്ഥമായത്. ജൽസയുടെ ഒരുക്കങ്ങൾ കണ്ട് അങ്ങേയറ്റം സന്തോഷമുണ്ടായി. ഹുദൂറിന്റെ പ്രഭാഷണത്തിൽനിന്ന് മനസ്സിന് ശാന്തിയും സമാധാനവും കിട്ടി.'

പോർച്ചുഗലിൽ താമസിക്കുന്ന ഗിനിബസാവോയുമായി ബന്ധമുള്ള ഒരു സുഹൃത്ത് സ്വാലിഹ് ഗാനേ സാഹിബിന് ജൽസാസാലാനയുടെ അവസാനം ബയ്അത്ത് ചെയ്യാൻ ഭാഗ്യം കിട്ടി. അദ്ദേഹം പറഞ്ഞു: 'ഇവിടെ വരുന്നതിനുമുമ്പേ ഒരിക്കലും സമാധാനം കിട്ടിയിരുന്നില്ല. എന്റെ മനസ്സിലും ബുദ്ധിയിലും ഒരുപാട് സംശയങ്ങളും സന്ദേഹങ്ങളുമായിരുന്നു. പക്ഷേ, ഇവിടത്തെ ചുറ്റുപാടും ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങളും എന്റെ മനസ്സിനെ അഗാധമായി സ്വാധീനിച്ചു. ഖലീഫത്തുൽ മസീഹ് തന്റെ പ്രഭാഷണങ്ങൾ വിശുദ്ധഖുർആനിന്റേയും തിരുഹദീഥുകളുടേയും വെളിച്ചത്തിൽ അവതരിപ്പിക്കുന്നതാണ് ഞാൻ കണ്ടത്. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ കേട്ട് ഞാൻ സംതൃപ്തനാണ്. ഇസ്ലാമിന്റെ യഥാർഥ അധ്യാപനത്തെക്കുറിച്ച് എനിക്ക് അറിയാൻ കഴിഞ്ഞു. അങ്ങനെ എനിക്ക് ബയ്അത്ത് ചെയ്യാനും ഭാഗ്യം കിട്ടി.' അദ്ദേഹം പറഞ്ഞു: ഞങ്ങളുടെ ഗിനിബസാവോയിലെ ജനത അശ്രദ്ധയുടെ ഉറക്കത്തിലാണുള്ളത്. ഈ സത്യത്തെ അവർ സ്വീകരിക്കുന്നതിനുവേണ്ടി അവരെ ഉണർത്തേണ്ടത് വളരെ ആവശ്യമുണ്ട്.

ഗിനിബസാവോയുമായി ബന്ധമുള്ള ഒരു യുവാവിനോട് അദ്ദേഹം പോർച്ചുഗലിൽ പബ്ലിക് സെക്യൂരിറ്റിയിൽ മാസ്റ്റർ ചെയ്തുകൊണ്ടിരിക്കുകയാണ്. ഹുദൂർ ചോദിച്ചു: 'നിങ്ങൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം പോർച്ചുഗലിൽതന്നെ താമസിക്കുമോ?' അദ്ദേഹം പറഞ്ഞു: 'സർക്കാരിന്റെ സ്റ്റൈഫന്റോടുകൂടിയാണ് പഠിക്കുന്നത്. തിരിച്ചുപോയി എന്റെ രാജ്യത്തിന് സേവനം ചെയ്യാനാഗ്രഹിക്കുന്നു.' അപ്പോൾ ഹുദൂർ പറഞ്ഞു: "നിങ്ങളുടെ തീരുമാനം വളരെ നല്ലതാണ്. നിങ്ങൾ തിരിച്ചുപോയി രാജ്യത്തിന് സേവനം ചെയ്യേണ്ടതാണ്.' അദ്ദേഹം പറഞ്ഞു: 'ജൽസയുടെ അവസരത്തിൽ കണ്ട സെക്യൂരിറ്റിയുടെ ഏർപ്പാടുകൾ ഒറ്റപ്പെട്ടതാണ്. നാല്പതിനായിരമുള്ള ജനക്കൂട്ടത്തെ സംരക്ഷിക്കുക, അതും പോലീസ് സഹായമൊന്നുമില്ലാതെ, അസാധാരണമായ കാര്യമാണ്. ഇത്ര വലിയ ജനക്കൂട്ടത്തെ സംരക്ഷിക്കുക എന്നത് ഒരു സർക്കാരിനുപോലും ബുദ്ധിമുട്ടാണ്. കലഹത്തിന്റേയും വഴക്കിന്റേയും ഉന്തിന്റേയും തള്ളിന്റേയും എന്തെങ്കിലുമൊക്കെ സംഭവങ്ങൾ ഉണ്ടാകും. ഇവിടെ എനിക്ക് ഒരു പോലീസുകാരനെപോലും കാണാൻ കഴിഞ്ഞില്ല. എന്നിട്ടും ആരേയും വഴിക്കിടുന്നതായി കണ്ടില്ല. എന്നല്ല എല്ലാവരും സ്നേഹത്തിന്റേയും പ്രീതിയുടേയും സാഹോദര്യത്തിന്റേയും വികാരത്താൽ മഹോത്സാകരായി കണ്ടു. ഇക്കാര്യം എന്റെ മനസ്സിനെ വല്ലാതെ ആകർഷിച്ചു.' തുടർന്നു പറഞ്ഞു: 'ഞങ്ങളുടെ ആഫ്രിക്കൻ രാജ്യങ്ങളിൽ പോലീസിന്റെ സഹായമുണ്ടെങ്കിലും ഇത്തരം സമാധാനപരമായ സമ്മേളനം സംഘടിപ്പിക്കൽ അസംഭവ്യമാണ്.'

പോർച്ചുഗലിൽ താമസിക്കുന്ന മൊറോക്കോക്കാരനായ ഒരു സുഹൃത്ത് മുഹ്സിൻ സുബ്ദീ സാഹിബിന് ജൽസാസാലാന ജർമനിയിൽ പങ്കെടുക്കുന്നതിനും ബയ്അത്ത് ചെയ്യുന്നതിനുമുള്ള ഭാഗ്യം ലഭിച്ചു. അദ്ദേഹത്തിന്റെ യാത്രാടിക്കറ്റ് പെട്ടെന്ന് ചെയ്തതിനാൽ പോർച്ചുഗൽ സംഘത്തോടൊപ്പം ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ കഴിഞ്ഞില്ല. പോകുന്നതിനു മുമ്പേ അദ്ദേഹം തന്റെ ഓഡിയോ സന്ദേശത്തിൽ ജമാഅത്തിനോടും ഖലീഫയോടുമുള്ള തന്റെ പ്രീതിയും സ്നേഹവും ഏതാണ്ടിങ്ങനെ പ്രകടിപ്പിച്ചു.

'അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു. ബിസ്മില്ലാഹിർറഹ്മാനിർറഹീം. മറ്റൊരിടത്തും ഞാൻ കണ്ടിട്ടില്ലാത്ത സത്യസന്ധവും യഥാർഥവും പരിശുദ്ധവുമായ ഇസ്ലാമിന്റെ വഴി എനിക്ക് കാണിച്ചുതന്നതിന് ഞാൻ അഹ്മദിയ്യാ ജമാഅത്തിന് അങ്ങേയറ്റം നന്ദി പറഞ്ഞുകൊള്ളുന്നു. ഞാൻ അഹ്മദിയ്യത്തിൽ സത്യസന്ധമായ സാഹോദര്യവും കൂട്ടായ്ജോലി ചെയ്യുന്ന ആത്മാവും കണ്ടു. അത് എവിടെയെങ്കിലും കണ്ടെങ്കിലായെന്നു മാത്രം. ഞാനിവിടെ ചെലവഴിച്ച ദിനങ്ങൾക്ക് നന്ദിയുള്ളവനാണ്. കാരണം ഞാൻ ഇവിടെനിന്ന് ഇസ്ലാമിനെക്കുറിച്ച് ധാരാളം പഠിച്ചു. വ്യക്തിപരമായ നിലയിൽ എനിക്ക് ഖലീഫയുമായി കൂടിക്കാഴ്ച നടത്താൻ അവസരം കിട്ടിയിട്ടില്ല. പക്ഷേ, ഞാൻ അദ്ദേഹത്തിന്റെ തിരുസന്നിധിയിൽ സലാം സമർപിക്കുകയാണ്. അടുത്ത പ്രാവശ്യം തീർച്ചയായും കൂടിക്കാഴ്ച നടക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അഹ്മദിയ്യത്തിനു നന്ദി. മ അസ്സലാമ."

പോർച്ചുഗൽ സംഘവുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ചാ പരിപാടി 1.50ന് അവസാനിച്ചു. അവസാനം സംഘത്തിലെ അംഗങ്ങളെല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു.

അതിനുശേഷം ഖാദിയാൻ, അൽബേനിയ, ദുബായ്, ഫിൻലാന്റ്, മാൾട്ട എന്നീ രാജ്യങ്ങളുമായി ബന്ധം വെക്കുന്ന നാലു കുടുംബത്തിലെ 10 അംഗങ്ങളും മറ്റു രണ്ടുപേരും വ്യക്തിപരമായ നിലയിൽ കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. അതിനുശേഷം ഹുദൂർ ളുഹ്ർ അസ്ർ നമസ്കരിക്കുന്നതിനായി മസ്ജിദിന്റെ പുരുഷന്മാരുടെ ഹാളിൽ ആഗതനായി. നമസ്കരിക്കുന്നതിനുമുമ്പേ ജർമനിയിലെ Dreieich ജമാഅത്തിലെ ളുഫ്ർ ഇസ്ലാം ഖാൻ സാഹിബിന്റെ പിതാവ് അബ്ദുസ്സലാം നാസിർ സാഹിബിന്റെ ജനാസ ഹുദൂർ നമസ്കരിപ്പിച്ചു. 2017 ആഗസ്ത് 24ന് 86-ാം വയസ്സിലാണ് അദ്ദേഹം വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യയ്ക്കു പുറമെ 4 ആൺമക്കളും 5 പെൺമക്കളുമുണ്ട്. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. ബന്ധുമിത്രാദികൾക്ക് സ്വബ്റെ ജമീൽ പ്രദാനം ചെയ്യുമാറാകട്ടെ.'

**നിക്കാഹ് വിളംബരം**

ജനാസ നമസ്കാരത്തിനുശേഷം 2.10ന് ഹുദൂർ ളുഹ്ർ-അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. അതിനുശേഷം ഹുദൂർ നിക്കാഹുകൾ വിളംബരം ചെയ്തു. തശഹ്ഹുദും തഅവ്വുദും ബിസ്മിയും ചൊല്ലിയതിനുശേഷം സുന്നത്താക്കപ്പെട്ട ഖുർആൻ വചനങ്ങൾ ഓതിക്കൊണ്ടു പറഞ്ഞു. ഞാനിപ്പോൾ കുറച്ച് നിക്കാഹുകൾ വിളംബരം ചെയ്യുന്നതാണ്. അതുകഴിഞ്ഞ് ഹുദൂർ താഴെ പറയുന്ന 16 പേരുടെ നിക്കാഹുകൾ വിളംബരം ചെയ്തു.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly BADAR Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-3 Thursday 18-25 January 2018 Issue-3-4

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

1. പരേതനായ മുഹമ്മദ് അഹ്മദ് ഓഫ് ഫോർട്ട് അബ്ബാസ് പാക്കിസ്താന്റെ മകൾ ഹിബ്ത്തുൽ വഹീദും നാസിർ അഹ്മദ് സാഹിബിന്റെ മകൻ അസീസം അദ്നാൻ അഹ്മദ് മുറബ്ബി ജമാഅത്ത് ഇസ്‌ലാമാബാദ് പാക്കിസ്ഥാനും

2. ചൗദരി ളുഹൂർ ഇലാഹി സാഹിബ് ഓഫ് ഫ്രാൻസിന്റെ മകൾ റഗീബ ളഹ്ർ ചൗദരിയും, ചൗദരി മഖ്സൂദുർറഹ്മാൻ സാഹിബിന്റെ മകൻ മുറബ്ബിസിൽസില ഫ്രാൻസ് അസീസം ചൗദരി ഉസാമ അഹ്മദും.

3. മുബശ്ശിർ അഹ്മദ് സാഹിബ് ശഹീദ് ഓഫ് ജർമനിയുടെ മകൾ അസീസ നാജിയ നിഗാറും, റഫീഖ് അഹ്മദ് ബട്ട് സാഹിബ് ഓഫ് ജർമനിയുടെ മകൻ അസീസം തൽമീദ് അഹ്മദ് ബട്ടും.

4. മുബശ്ശിർ അഹ്മദ് സാഹിബ് ഓഫ് ജർമനിയുടെ മകൾ അസീസ ഹന്നാ അഹ്മദും മുബാറക് അഹ്മദ് ശാഹിദ് സാഹിബ് ഓഫ് ജർമനിയുടെ മകൻ അസീസം നജീബ് അഹ്മദ് ശാഹിദും.

5. മിയാൻ ത്വാരിഖ് മഹ്മൂദ് സാഹിബ് ഓഫ് ഇറ്റലിയുടെ മകൾ അസീസ ഫരീഹ മഹ്മൂദും ശാഹിദ് മഹ്മൂദ് സാഹിബ് ഓഫ് ജർമനിയുടെ മകൻ അസീസം ദാനിശ് മഹ്മൂദും.

6. അഫ്ളൽ മുഹമ്മദ് സാഹിബ് ഓഫ് ഇറ്റലിയുടെ മകൾ അസീസ ഉള്മാ അഫളലും അശ്റഫ് മുഹമ്മദ് സാഹിബ് ഓഫ് ജർമനിയുടെ മകൻ അസീസം സജ്ജാദ് ഹൈദരും

7. മഖ്ബൂൽ അഹ്മദ് സാഹിബ് ഓഫ് റബ്‌വയുടെ മകൾ അസീസ നാദിയ റബാബും മുഹമ്മദ് സലീം സാഹിബ് ഓഫ് റാവൽപിണ്ടി പാക്കിസ്താന്റെ മകൻ അസീസം അശ്അർ അഹ്മദും

8. ഖലീൽ അഹ്മദ് സാഹിബ് ഓഫ് റബ്‌വയുടെ മകൾ അസീസ ഇഖ്റാ ഖലീലും മുഹമ്മദ് ഇഖ്ബാൽ സാഹിബ് ഓഫ് കുൺറി സിന്ധ് പാക്കിസ്താന്റെ മകൻ അസീസം മുഹമ്മദ് ഇസ്മായീൽ ഖാലിദും

9. നസീർ അഹ്മദ് മിർസ സാഹിബ് ഓഫ് കനഡയുടെ മകൾ തുഹ്മീന സ്വദഫ് മിർസായും ശഹ്ബാസ് അഹ്മദ് സാഹിബ് ഓഫ് യുകെയുടെ മകൻ അസീസം ശഹ്സാദ് ബശീറും.

10. നദീം അഹ്മദ് സാഹിബ് ഓഫ് ജർമനിയുടെ മകൾ അസീസ ഗസാല ഖാലിദ് വാഖിഫനൗ ഉം ത്വാരിഖ് കരീം ആരിഫ് സാഹിബ് ഓഫ് ജർമനിയുടെ മകൻ അസീസം ശഹ്സാദ് അഹ്മദ് ആരിഫും.

11. ശരീഫ് അഹ്മദ് സാഹിബ് ഓഫ് സ്വിറ്റ്സർലാന്റിന്റെ മകൾ നജ്മുസ്സിഹ്ർ ശരീഫും അഫ്ളൽ മുഹമ്മദ് സാഹിബിന്റെ മകൻ മുറബ്ബി സിൽസില സ്വിറ്റ്സർലാന്റ് അസീസം വഫാ മുഹമ്മദും

12. ഖലീൽ അഹ്മദ് സാഹിബ് ഓഫ് ജർമനിയുടെ മകൾ അസീസ സാഇറ ഖലീലും മുഹമ്മദ് അസ്‌ലം സാഹിബിന്റെ മകൻ ജർമനി ജാമിഅ അഹ്മദിയ്യാ വിദ്യാർഥി അസീസം അനസ് അഹ്മദ് ജാവേദും.

13. വസീം അഹ്മദ് സാഹിബ ഓഫ് ജർമനിയുടെ മകൾ അസീസ ആസിഫ വസീം ജാവേദും മുഹമ്മദ് ജാവേദ് സാഹിബിന്റെ മകൻ ജർമനി ജാമിഅ അഹ്മദിയ്യാ വിദ്യാർഥി അസീസം അനസ് അഹ്മദ് ജാവേദും

14. ഫരീദ് അഹ്മദ് ഖാലിദ് സാഹിബ് ഓഫ് ജർമനിയുടെ മകൾ അസീസ ഫരീഹ ഖാലിദും ജമാഅത്തിന്റെ മുബല്ലിഗ് മുഹമ്മദ് അശ്റഫ് സാഹിബിന്റെ മകൻ ജർമനി ജാമിഅ അഹ്മദിയ്യ വിദ്യാർഥി അസീസം നൂറുദ്ദീൻ അശ്റഫും

15. ഇഅ്ജാസ് അഹ്മദ് അൻവർ സാഹിബ് ഓഫ് ജർമനിയുടെ മകൾ അസീസ ശമാഇല ഇഅ്ജാസ് വാഖ്ഫ നൗ ഉം മുഹമ്മദ് അശ്റഫ് താർഡ് സാഹിബ് ഓഫ് ജർമനിയുടെ മകൻ അസീസം മുഹമ്മദ് അദ്നാൻ വാഖ്ഫെനൗ ഉം.

16. നാസിർ അഹ്മദ് സാഹിബ് ഓഫ് ജർമനിയുടെ മകൾ അസീസ സൽമ നാസിറും ശുഅയ്ബ് അഹ്മദ് സാഹിബ് ഓഫ് ജർമനിയുടെ മകൻ അസീസും നവേദ് അഹ്മദും.

ഈജാബ് വ ഖബൂലിനുശേഷം ഹുദൂർ ദുആ ചെയ്യിച്ചു. ദുആയ്ക്കുശേഷം ഹുദൂർ ഇരുകക്ഷികൾക്കും ഹസ്തദാനം ചെയ്തു. അതിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്കു പോയി.

**ഹംഗറി**

പരിപാടിയനുസരിച്ച് 6 മണിക്ക് ഹുദൂർ ഓഫീസിലെത്തി. വിവിധ രാജ്യങ്ങളിൽനിന്നുള്ള സംഘങ്ങളുമായി കൂടിക്കാഴ്ച തുടങ്ങി. വൈകുന്നേരത്തെ ഈ പരിപാടിയിൽ ഏറ്റവുമാദ്യം ഹംഗറിയിൽ നിന്നുവന്ന സംഘമാണ് കൂടിക്കാഴ്ചയ്ക്ക് ഭാഗ്യം കരസ്ഥമാക്കിയത്. ഹംഗറിയിൽനിന്ന് 20 പേരടങ്ങുന്ന സംഘമാണ് വന്നിരുന്നത്. അവരിൽ 11 അഹ്മദികളും 9 മറ്റു അതിഥികളുമായിരുന്നു. ഒരു വനിത അതിഥി ഹുദൂർ അന്വേഷിച്ചപ്പോൾ പറഞ്ഞു: 'ഞങ്ങൾക്ക് ജൽസ വളരെ നല്ലതായി അനുഭവപ്പെട്ടു. എല്ലാ ഒരുക്കങ്ങളും വളരെ നല്ലതായിരുന്നു. ഒരുക്കങ്ങളിൽ ഒരുപാട് ഡവലപ്പുണ്ട്. ഞങ്ങൾ റഷ്യൻ ഭാഷയിൽ പ്രസംഗങ്ങളുടെ തർജമ കേട്ടുകൊണ്ടിരുന്നു. ഹംഗറിയിലെ പഴയ തലമുറ റഷ്യൻഭാഷ അറിയുന്നവരാണ്.'

ഒരു വനിത അതിഥി പറഞ്ഞു: "ഞാൻ കഴിഞ്ഞ വർഷവും ജൽസയിൽ പങ്കെടുത്തിരുന്നു. ഹുദൂറിന്റെ പ്രഭാഷണങ്ങൾ എന്നെ വല്ലാതെ ആകർഷിച്ചു. ഞങ്ങളെ നല്ലവണ്ണം ശ്രദ്ധിച്ചിരുന്നു. പത്രങ്ങളിൽ മുസ്‌ലിംകൾക്കെതിരിൽ പ്രചാരണം മാത്രമേയുള്ളു. യഥാർഥത്തിൽ നിങ്ങൾ വളരെ സഹതാപികളും സമാധാനഭരിതരുമാണ്.'

അപ്പോൾ ഹുദൂർ പറഞ്ഞു:'ഞങ്ങൾ ഇന്ന് മുഴു ലോകത്തും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതാണ് യഥാർഥ ഇസ്‌ലാം. ഇവിടെ നാല്പതിനായിരത്തിൽ പരമാളുകൾ സംഘടിച്ചിരിക്കുന്നു. ഇവർ വിവിധ ജനതകളുമായി ബന്ധം വെക്കുന്നവരാണ്. എല്ലാവരും പരസ്പരം സന്തോഷത്തോടും സ്നേഹത്തോടുംകൂടി കഴിയുന്നു. ഒരു വഴക്കും കലഹുമില്ല.'

ഹുദൂർ പറഞ്ഞു:'ഇപ്പോൾ ആളുകൾ ഭൗതികവാദികളായിരിക്കുന്നു. മതത്തിലേക്ക് ശ്രദ്ധയേയില്ല. മൗലവി എന്നു പറയുന്നവർ തെറ്റാണ് പറയുന്നതെന്ന് നിങ്ങൾ മനസ്സിൽ ചിന്തിക്കുന്നുണ്ടാകും. ഞങ്ങളുടെ നമസ്കാരവും അതുതന്നെയാണ്. ഞങ്ങളുടെ ഖുർആനും അതുതന്നെയാണ്. എല്ലാ ജൽസകളിലും അല്ലാഹുവിന്റേയും റസൂലിന്റേയും കാര്യങ്ങൾതന്നെയാണ് പറയുന്നത്.'

ഹുദൂർ പറഞ്ഞു: 'ഈ എല്ലാ കാര്യങ്ങളും അമുസ്‌ലിം ലോകത്തോടു പറയേണ്ട ആവശ്യമുണ്ട്. ഇപ്രകാരം ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം ലോകത്ത് വ്യാപിക്കുന്നതാണ്.'

ഒരു അതിഥിയായിരുന്നു 'ആഗയാ ആയസ്താൻ' സാഹിബ. അവരുടെ യഥാർഥ ദേശം അർമേനിയയാണ്. ഹംഗറിയിൽ തന്റെ Gyor നഗരത്തിൽ അംഗീകൃത സാമാജിക വ്യക്തിത്വമാണ്. ഹംഗറിയിലെ അർമേനിയൻ ന്യൂനപക്ഷ കാബിനറ്റിന്റെ പ്രതിനിധിയാണ്. ഹംഗറിയിലെ മുബല്ലിഗ് അവരെ കുറിച്ച് എഴുതുന്നു: 'ഒരു വൈകുന്നേരം ജൽസകഴിഞ്ഞപ്പോൾ പറഞ്ഞു:'ആയിരക്കണക്കിന് മുസ്‌ലിം പുരുഷന്മാരുടെ ഇടയിൽ നിർഭയമായി ഞാൻ ചുറ്റിക്കറങ്ങുന്നു. ഇവിടെ എല്ലാ ഓരോ വ്യക്തിയും സംസ്കാരസമ്പന്നരും മാന്യരും അച്ചടക്കം പാലിക്കുന്നവരും സ്ത്രീകളെ ആദരിക്കുന്നവരുമാണ്. അഭയാർഥികൾ പ്രത്യേകിച്ചും മുസ്‌ലീംകൾ സംസ്കാരശൂന്യരും സ്ത്രീകളോടു അപമര്യാദയായി പെരുമാറുന്നവരുമാണെന്നാണ് മാധ്യമങ്ങൾ പറയുന്നത്. ഈ മുസ്‌ലിം ജനത എത്രമാത്രം മാന്യമായി പെരുമാറുന്നവരാണെന്ന് അവർ ഇവിടെ വന്ന് നോക്കേണ്ടതാണ്. ഒരു ചെറിയ ആൺകുട്ടി എന്റെയടുത്ത് വന്നു. നിങ്ങളാരാണെന്ന് അവൻ എന്നോടു ചോദിച്ചില്ല. എവിടെന്ന് വന്നതാണെന്നും ചോദിച്ചില്ല. പ്രത്യുത വളരെ സ്നേഹത്തോടെ എന്റെ മുമ്പിൽ വെള്ളത്തിന്റെ ഗ്ലാസ് വെച്ചു. ഞാൻ വെള്ളം കുടിച്ചു കഴിഞ്ഞപ്പോൾ മറ്റൊരു ആൺകുട്ടി പിന്നിലൂടെ വന്നു. ഒഴിഞ്ഞ ഗ്ലാസ് എന്നിൽനിന്ന് വാങ്ങിപ്പോയി. ഇവിടെ മുതിർന്നവരും കുട്ടികളുമെല്ലാം സ്നേഹത്തിന്റെ അംബാസിഡർമാരാണ്.' ഹുദൂർ ജൽസയുടെ ഹാജർനില പറഞ്ഞപ്പോൾ അവർ പറഞ്ഞു: "ക്രിസ്ത്യാനികൾ ഇതിനേക്കാൾ പത്തിരട്ടി അധികം എണ്ണത്തിൽ പങ്കെടുക്കേണ്ടതാണ്. സംസ്കാരസമ്പന്നമായ സമൂഹത്തിൽ പരസ്പരം എങ്ങനെ ആദരിക്കണമെന്ന് പഠിക്കേണ്ടതാണ്.' ഹുദൂറിനോടൊപ്പം കൂടിക്കാഴ്ചയ്ക്കുശേഷം പറഞ്ഞു: 'ഇത്ര വലിയ മനുഷ്യൻ ഇത്രമാത്രം സ്നേഹത്തോടും സരളമായ ശൈലിയിലും നിറുത്തി നിറുത്തി മനസ്സിലാക്കിത്തന്ന് സംസാരിക്കുന്നു. അത് എന്നെ സംബന്ധിച്ചിടത്തോളം വിശ്വാസാർഹമാണ്. ആർക്കെങ്കിലും ലോട്ടറി കിട്ടിയാൽ അവർ ഒന്നാമതായി സാധാരണക്കാരുമായിട്ട് കാണാൻതന്നെ ആഗ്രഹിക്കുന്നില്ല. ഇനി കാണുകയാണെങ്കിൽത്തന്നെയും അയാളുടെ സംസാരങ്ങളിലും അയാളുടെ ശൈലിയിൽനിന്നും മനസ്സിലാക്കാൻ കഴിയും താൻ നിന്നേക്കാൾ വലിയവനാണെന്ന് പറയുകയാണെന്ന്. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വളരെയേറെ സ്നേഹത്തോടും മനസ്സിന് സമാധാനം നല്കുന്ന ശൈലിയിലും സംസാരിക്കുന്നയാളാണ്. അത് ഭൗതികനേതാക്കന്മാരിൽ കണ്ട് കിട്ടുകയില്ല. ഞാൻ ഹുദൂറിന്റെ എല്ലാ പ്രഭാഷണങ്ങളും പ്രസംഗങ്ങളും കേട്ടു. അത് മുഖേന എന്റെ അറിവിൽ വർധനയുണ്ടായി. സ്ത്രീകളേയും ജിഹാദിനേയും സംബന്ധിച്ചും ഫലപ്രദമായ ധാരാളം അറിവുകൾ കിട്ടി. ഒരു അതിഥി വഹാൻ വാഗാനിയാ സാഹിബും ജൽസയിൽ പങ്കെടുത്തു. അദ്ദേഹം തൊഴിലാളിയാണ്. ഒരുകാലത്ത് പട്ടാളത്തിലും ഉണ്ടായിരുന്നു. പറഞ്ഞു: 'ഇത്ര വലിയ സമ്മേളനമായിട്ടും ഒരുക്കങ്ങളും അച്ചടക്കവും മാതൃകാപരമായിരുന്നു. ഈ ജൽസയിലൂടെ അഹ്മദിയ്യാ ജമാഅത്തിനോടുള്ള ബന്ധങ്ങളിൽ കൂടുതൽ ഗഹനതയുണ്ടായി.' ഹംഗറി മുബല്ലിഗ് പറഞ്ഞു: ഹുദൂറുമായി കൂടിക്കാഴ്ച നടന്നപ്പോൾ ഹുദൂർ അദ്ദേഹത്തെ തിരിച്ചറിഞ്ഞു. അപ്പോൾ അദ്ദേഹം വളരെ അത്ഭുതപ്പെട്ടു. വളരെ അഭിമാനത്തോടെ പറഞ്ഞു, 'ഹുദൂർ അധികമായി ജനങ്ങളെ കാണുന്നു. എന്നിട്ടും എന്നെ തിരിച്ചറിഞ്ഞു.'

ഹംഗറിയിൽനിന്ന് ഒരു ചെറുപ്പക്കാരൻ മഅ്ഹൂദുൽ ബകരി സാഹിബ് അദ്ദേഹത്തിന്റെ ബന്ധം ജോർദാനുമായിട്ടാണ്, ഹംഗറി വിദ്യാർഥിയാണ്. അദ്ദേഹവും ജൽസയിൽ പങ്കെടുത്തു. അദ്ദേഹം പറഞ്ഞു: 'ഞാൻ അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് കുറേവർഷം മുമ്പേ കേട്ടിരുന്നു. എന്നാൽ, ഹംഗറിയിൽ വന്ന് ആദ്യമായിട്ടാണ് ഒരു അഹ്മദിയുമായി ബന്ധപ്പെടുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായിട്ടുള്ള കൂടിക്കാഴ്ച ഒരു സ്മരണ നിമിഷമാണ്. അത് ഹൃദയത്തെ സ്പർശിക്കുന്നതാണ്. ഞാൻ ജൽസയെ സമാധാനഭരിതവും സഹിഷ്ണുതയുമായിട്ടുള്ള കാര്യങ്ങൾ പഠിച്ചു. ഇതനുസരിച്ച് എല്ലാ അഹ്മദികളും പ്രവർത്തിക്കുന്നു......................

ഹംഗറിയിൽനിന്ന് ഒരു അതിഥി ഗേബർ തോമസ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "ഇവിടെ കാണാൻ ലഭിക്കുന്നതും ഫലമെടുക്കാനുള്ള അവസരം കിട്ടുന്നതുമായ മതപരമായ ചുറ്റുപാടും സമാധാനവും മനുഷ്യത്വവും സാഹോദര്യവും ലോകത്തെവിടെയുമില്ല. ഞാൻ അമേരിക്കയിലും പാതിരി എന്ന നിലയിൽ ഒരു ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. ഒരുപാട് ലോകം കണ്ടിട്ടുണ്ട്. പക്ഷേ ഈ അന്തരീക്ഷം ഞാൻ ഇന്നുവരെ എവിടെയും കണ്ടിട്ടില്ല. അഹ്മദികൾ വലിയ ഭാഗ്യവാന്മാരാണ്. അവരുടെ കൈയിൽ ഒരു പ്രിയപ്പെട്ട ലീഡറുണ്ട്. അദ്ദേഹം അഹ്മദികളെ സ്നേഹിക്കുന്നു. അവർക്കെപ്പോഴും മാർഗനിർദ്ദേശങ്ങൾ നൽകുന്നു. ഈ ജൽസയിൽ പ

ശേഷം പേജ് 13ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin